KOTTAYAM PUBLIC LIBRARY

Call No. MA2 Acc. No. 13437

Author ശങ്കരമേനോൻ, കൊളത്തേരി

Title നാരായണീയം ഭാഷാ പ്രബന്ധം

X

പ്രബന്ധമാലിക പുസ്തകം,—1.

# നാരായണീയം

## ഭാഷാപ്രബന്ധം

KAMALALAYA BOOK
POST BOX 82,
TRIVANDRUM

13437

പ്രസാധകൻ

കൊളത്തേരി ശങ്കരമേനോൻ.

എം. ഏ., എൽ. ററി., എം. ആർ. ഏ. എസ്സ്.

തിരുവനന്തപുരം.

ബി. വി. ബുക്ക് ഡിപ്പോക്കാൎക്കു വേണ്ടി

"കമലാലയ" അച്ചുക്കൂടത്തിൽ അച്ചടിച്ചതു

൧-ാം പതിപ്പ് കാപ്പി ൧൦൦൦

NATIONAL BOOK STALL
SPCS LTD.
KOTTAYAM

(പകൎപ്പവകാശം പ്രസാധകനു്)

വില ൧൨ ണ.

MA2

# പ്രസ്താവന

———o———

ഈ ഭാഷാപ്രബന്ധം പഴയ ഗ്രന്ഥങ്ങൾ പരിശോധിച്ചിരുന്നതിനിടയിൽ കണ്ടുകിട്ടിയതാണ്. ചിതലിൻെറ മുതലായിത്തീന്നിട്ടുള്ള താളിയോലഗ്രന്ഥങ്ങൾ നോക്കി പകത്തി ഒരു പുസ്തകം പ്രസിദ്ധംചെയ്യാൻ വളരെ പ്രയാസമുണ്ട്. പ്രസ്തുതപുസ്തകം മൂന്നു താളിയോലഗ്രന്ഥങ്ങൾ പരിശോധിച്ചു ശരിപ്പെടുത്തിയതാണ്. ഈ ഗ്രന്ഥത്തിൻെറ സാരസ്യം ഒന്നുമാത്രമാണ് ഇതിനെ പ്രസിദ്ധപ്പെടുത്തുവാൻ എന്നെ പ്രേരിപ്പിച്ചതു്. പൊടിഞ്ഞ ഗ്രന്ഥങ്ങൾ ഒത്തുനോക്കി പകത്തുന്നതിനും മുഖവുര, നോട്ടു മുതലായത് എഴുതുന്നതിനും പ്രൂഫ്കൾനോക്കി ശരിപ്പെടുത്തി അച്ചടിക്കുന്നതിനും നിരന്തരമായി സഹായിച്ചിട്ടുള്ള ശ്രീമാൻ തോട്ടക്കാട്ടു രാമൻകുട്ടിമേനോൻ ബി. ഏ. അവർകൾക്കും ബ്രഹ്മശ്രീ എ. ഡി. ഹരിശൎമ്മ അവർകൾക്കും മ-രാ-രാ-പാക്കാട്ടിൽ കൊച്ചുണ്ണിത്തമ്പുരാൻ അവർകൾക്കും എൻെറ ഹാൎദ്ദമായ വന്ദനം ഈ അവസരത്തിൽ പറഞ്ഞുകൊള്ളുന്നു.

അസംഖ്യം ഭാഷാഗ്രന്ഥങ്ങൾ വൃത്തിയായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി പ്രഖ്യാതി സമ്പാദിച്ചിട്ടുള്ള ബി. വി. ബുക്ക്ഡിപ്പോ ഉടമസ്ഥൻ ശ്രീമാൻ കുളക്കുന്നത്തു രാമൻമേനോൻ അവർകൾ സഹജമായ നിഷ്കൎഷ ഈ ഗ്രന്ഥത്തിലും കാണിച്ചിട്ടുള്ളതിനു പ്രത്യേകമായി ഞാൻ നന്ദിപറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഇതുപോലെ പലഗ്രന്ഥങ്ങളും ഞാൻ ശേഖരിച്ചുവെച്ചിട്ടുണ്ട്. അവ ഓരോന്നായി ക്രമേണ പ്രസിദ്ധംചെയ്തുകൊള്ളാം.

മഹാജനങ്ങൾക്കുപകാരമായാൽ
മമ ശ്രമം നിഷ്ഫല മല്ല കേവലം.

തിരുവനന്തപുരം }
12—4—93 }

പ്രസാധകൻ

# അവതാരിക.

കൈരളിയുടെ അമൂല്യനിധികളായ ഭാഷാപ്രബന്ധമാലകൾ കേരളീയരുടെ പ്രത്യേകാഭിനന്ദനത്തിനു പാത്രമായിത്തുടങ്ങീട്ട് അധികം കാലമായിട്ടില്ലെങ്കിലും അവയ്ക്കു ഭാഷാസാഹിത്യസാമ്രാജ്യത്തിൽ ആശാസ്യമായ ഒരു സ്ഥാനം ആ അല്പകാലത്തിനുള്ളിൽത്തന്നെ ലഭിച്ചുകഴിഞ്ഞിരിക്കുന്നു. മനോധർമ്മത്തിനുള്ള നാനാമുഖത്വം ആശയത്തിനുള്ള ബാഹുല്യം പ്രതിപാദനരീതിക്കുള്ള വൈചിത്ര്യം എന്നിവയുടെ അനിതരസാധാരണമായ സംഘടനകൊണ്ടു ഭാഷാഭിമാനികളേയും സാഹിത്യരസികന്മാരേയും രസിപ്പിക്കുന്നതിനുള്ള ശക്തി പ്രബന്ധങ്ങളെപ്പോലെ മറെറതെങ്കിലും സാഹിത്യവിഭാഗത്തിനുണ്ടെന്നു തോന്നുന്നില്ല. കൈരളിയുടേയും കേരളീയരുടേയും ഭാഗ്യദോഷംകൊണ്ടു കുറേക്കാലം ഗ്രന്ഥപ്പുരകളിൽത്തന്നെ ശാന്തമായി ജീവിതം നയിച്ച ചില പ്രബന്ധങ്ങൾ ഇപ്പോൾ ഭാഷയിൽ പ്രധാനമായ ഒരു സ്ഥാനത്തിൽ സ്ഥിതിചെയ്യുന്നുണ്ടെന്നുള്ള വാസ്തവം പരക്കേ എല്ലാവർക്കും അറിയാവുന്നതാണ്. പ്രബന്ധകാലമെന്നോ പാഠകകാലമെന്നോ പറയാവുന്ന കൊല്ലം ൬-൭, ൮-ം ശതാബ്ദങ്ങളിലും അടുത്തകാലത്തും ഉണ്ടായിട്ടുള്ള പ്രബന്ധങ്ങളിൽ വളരെച്ചുരുക്കം എണ്ണം മാത്രമേ ഇപ്പോഴും നമുക്കു കാണ്മാൻ ഇടവന്നിട്ടുള്ളൂ. രാജമന്ദിരങ്ങളിലേയും സാമന്താലയങ്ങളിലേയും എന്നു വേണ്ട അപൂർവ്വം ചില പുരാണകുടുംബങ്ങളിലേയും ഗ്രന്ഥപ്പുരകളിൽ ചിതലിൻെറ മുതലായിത്തീർന്നിട്ടുള്ള എത്ര പ്രബന്ധങ്ങൾ കിടപ്പുണ്ടെന്നും എത്ര എണ്ണം നാമാവശേഷമായിത്തീർന്നിട്ടുണ്ടെന്നും പരിച്ഛേദിക്കുവാൻ പ്രയാസമാണ്. പൌരാണികഗ്രന്ഥപരിശോധകസംഘത്തിലെ സാമാജികന്മാരും ആ ജോലിയിലേപ്പെട്ടിട്ടുള്ള മററു ചില ഭാഷാഭിമാനികളും സമ്മതിച്ചിട്ടുള്ള സംഗതി

യെപ്പററി പ്രകൃതത്തിൽ അധികം വിസ്തരിക്കുന്നില്ല. ഏതു വിധത്തിലും ചമ്പൂഭ്രാന്തുമുഴുത്തുവശായിരുന്ന ആ കാലത്തു് പാഠകക്കാരുടെ ആവശ്യാപ്രമാണിച്ചോ ഗതാനുഗതികത്വത്തിൻെറ സാർവ്വത്രികത്വം നിമിത്തമോ അനേകം പ്രബന്ധങ്ങൾ ഭാഷയിൽ ഉണ്ടായിട്ടുണ്ടെന്നുള്ള സിദ്ധാന്തത്തിന്ന് ദിവസംതോറും യുക്ത്യനുഭവങ്ങളാൽ പ്രാബല്യം കൂടിവരികയാണു് ചെയ്യുന്നതു്; എന്നാലും ഈ കൂട്ടത്തിൽ ഇതേവരെ കണ്ടുകിട്ടീട്ടുള്ളവയേയും കണ്ടുകിട്ടുന്നവയേയും സംബന്ധിച്ചുനോക്കുന്നതായാൽ അവ ഓരോന്നിൻെറയും കൎത്താക്കന്മാർ ഇന്നാളെന്നും കാലം ഇന്നതാണെന്നും ശരിയായി നിൎണ്ണയിക്കുന്ന കാൎയ്യം ദുസ്സാദ്ധ്യമായിത്തന്നെയാണിരിക്കുന്നതു്. കൊല്ലം ൬-ാം ശതാബ്ദം മുതൽ ൧൦-ാം ശതാബ്ദംവരെ അപ്പോഴപ്പോഴായി ഓരോ പ്രബന്ധങ്ങൾ ഭാഷയിൽ ഉണ്ടായിക്കൊണ്ടിരുന്നതായിട്ടാണു് ഇപ്പോൾ ഊഹിച്ചുവരുന്നതു്. പ്രത്യേകമായ പ്രബന്ധഭാഷാരീതി മററുകവികളുടെ കൃതികളിൽ നിന്നും പദപാദപദ്യങ്ങളെ ഉദ്ധരിക്കുന്ന കാൎയ്യത്തിൽ അവർ കാണിച്ചിട്ടുള്ള സ്വാതന്ത്ര്യവും പല വൎണ്ണനകളിലേയും ആശയങ്ങളിൽ കാണുന്ന ഐകരൂപ്യവും ആണു് ഗ്രന്ഥകൎത്താവിനെ കണ്ടുപിടിക്കുന്ന വിഷയത്തിൽ പ്രധാനപ്രതിബന്ധങ്ങളായിനില്ക്കുന്നതു്. ഇങ്ങനെയുള്ള ചമ്പൂപ്രബന്ധങ്ങളുടെവൎഗ്ഗത്തിലുൾപ്പെട്ടതാണു് നാരായണീയമെന്ന പ്രകൃതപുസ്തകം എന്നു പറഞ്ഞാൽതന്നെ ഇതിൻെറ കൎത്തൃകാലാദികളുടെ സ്ഥിതിയെക്കുറിച്ചുള്ള അറിവിൻെറ നിലയും തരവും ഏകദേശം ഒന്നു് ഊഹിക്കാവുന്നതാണല്ലോ; എങ്കിലും അറിഞ്ഞേടത്തോളം ചില സംഗതികൾ അഭിജ്ഞന്മാരുടെ പരിശോധനക്കായി മാത്രം താഴേ ചേൎക്കുന്നു.

## ഗ്രന്ഥകൎത്താവു്

ഭാഷാപ്രബന്ധങ്ങൾ മിക്കതും കേരളബ്രാഹ്മണരുടെ സന്താനങ്ങളാണെന്നുള്ള സംഗതി ആക്ഷേപരഹിതമാണ

ല്ലാ. എന്നാൽ പുനം, മഴമംഗലം, മുതലായ അപൂർവ്വം ചിലരെയാണ് പ്രബന്ധകർത്താക്കന്മാർ എന്ന് പലരും നിർദ്ദേശിക്കുന്നത്. പദപാദപദ്യങ്ങളേയും ആശയങ്ങളേയും കടം വാങ്ങുന്നതിൽ ആ കവികൾ—വിശിഷ്യ പ്രബന്ധകർത്താക്കന്മാർ—ഒട്ടും വൈമനസ്യം കാണിച്ചിട്ടില്ലാത്ത സ്ഥിതിയിൽ ഈ അനുമാനം പലപ്പോഴും അബദ്ധമായേക്കാം. ഉദാഹരണം. രാമായണചമ്പുവിൽ കാണുന്ന

"ധാത്രീകല്പജലാഭിഷേകവിധിനാ-
ക്ലിന്നാക്ഷണോകുത്രചിൽ
നോജ്ഝന്ത്യാത്തിലകം ഭവന്മയമിയം
സപ്താബ്ധിചിത്രാംബരാ"

എന്ന പദ്യത്തിലെ ആശയം തന്നെയാണ് അതിപ്രസിദ്ധമായ

"തീരിൽത്തന്വീകടാക്ഷാഞ്ചലമധുപകുലാ
രാമ! രാമാജനാനാം
നീരിൽത്താർബാണ! വൈരാകരനികരതമോ
മണ്ഡലീ ചണ്ഡഭാനോ!
നേരെത്താതോരു നീയാം തൊടുകുറികളയാ
യ്യെന്നമേഷാകുളിക്കും
നേരത്തിന്നിപ്പുറം വിക്രമനൃവര! ധരാ
ഹന്തകല്പാന്തതോയേ"

ഈ ശ്ലോകത്തിലും, പ്രസ്തുതകൃതിയിൽത്തന്നെ

"ഘോരാരവമാനമിയലും പൊഴുതുള്ളിലേറ്റം
പാരുഷ്യരീതി തുടരാതനരാദധീരാൽ
നേരെചവിട്ടുമളവാത്തലയിൽക്കരേറും
ഭൂരേണുതന്നമൊരു മാനപദം ത്രിലോക്യാം."

(നാ ൯.) എന്ന പദ്യം മാഘത്തിലെ

"പാദാഹതം യദുത്ഥായ മൂർദ്ധാനമധിരോഹതി
സ്വസ്ഥാദേവാപമാനേപി ദേഹിനസ്തദ്വരം രജഃ"

ഈ ശ്ലോകത്തിന്റെ നേർ പകർപ്പല്ലേ? ഇതുകൊണ്ടു മാഘത്തിന്റേയും നാരായണീയം പ്രബന്ധത്തിന്റേയും കർത്താവ് ഒരാൾതന്നെയെന്നു പറയാമോ? അതു് സാധുവായിരിക്കുമോ?

പ്രബന്ധാന്തരഭാഷാസാമ്യംകൊണ്ടും ആശയസാദൃശ്യംകൊണ്ടും കർത്താവിനെ ഊഹിക്കുന്നതു് അശക്യമാണെങ്കിലും പ്രകൃതകൃതിയെ സംബന്ധിച്ചിടത്തോളം നമുക്കു് ഒരു സൌകര്യം ലഭിച്ചിട്ടില്ലെന്നില്ല. കഥാവസ്തു നിർദ്ദേശിക്കുന്ന തരത്തിൽ ഗ്രന്ഥത്തിനു പേർ കല്പിക്കുന്ന രീതി പുരാതന കവികളിൽ അപൂർവ്വം ചിലർ അംഗീകരിച്ചിട്ടുണ്ടായിരുന്നുവെന്നുള്ളതിനു് ലക്ഷ്യമുണ്ടു്. കഥാവസ്തു സൂചിപ്പിക്കുന്നതിനു് പര്യാപ്തമല്ലെങ്കിലും ഗ്രന്ഥകർത്താവിനെ ചൂണ്ടിക്കാണിക്കുന്നതിനു് മതിയാകുന്നവിധത്തിൽ ഗ്രന്ഥങ്ങൾക്കു് നാമകരണം ചെയ്യാറുണ്ടായിരുന്നു എന്നുള്ളതിനു് "മാഘം" മുതലായ കാവ്യങ്ങൾ ഉദാഹരണങ്ങളാണു്. ആധുനിക കവികളാകട്ടെ ഈ രീതി നിവൃത്തിയുള്ളേടത്തോളം സ്വീകരിച്ചുകാണുന്നുണ്ടു്. ഗുരുവായൂരപ്പന്റെ സ്തോത്രരൂപമായ "നാരായണീയം" നാരായണഭട്ടതിരിപ്പാട്ടിലെ കൃതിയാണല്ലോ. ഈ സ്ഥിതിക്കു് "നാരായണീയം പ്രബന്ധ"ത്തിന്റെ കർത്താവു "നാരായണ"നാമധേയനായ ഒരു മലയാളബ്രാഹ്മണനായിരിക്കാമെന്നൂഹിക്കാം. എന്നാൽ ആ കവി സാക്ഷാൽ നാരായണഭട്ടതിരിപ്പാടായിരിക്കുമോ എന്ന സംഗതിയിൽ ആലോചിക്കേണ്ടതായിട്ടുണ്ടു്. നാരായണ ഭട്ടതിരിപ്പാടു് തന്റെ രണ്ടു ഗ്രന്ഥങ്ങൾക്കു് "നാരായണീയം" എന്ന ഒരേ പേർ കല്പിച്ചു എന്നു വിചാരിക്കുന്നതു് ശരിയായിരിക്കുമെന്നു തോന്നുന്നില്ല. ഒരേ പേരിനെ രണ്ടുവിധം വേഷം കെട്ടിച്ചതാണെന്നു വിചാരിക്കാൻ ഈ കൃതികളിലെ കഥാഭേദം അനുവദിക്കുന്നതുമില്ല. സാക്ഷാന്നാരായണീയം വായുപുരേശസ്തവരൂപവും ഈ നാരായണീയം പൂർണ്ണത്രയീശപ്രതിഷ്ഠാപര്യവസായിയും ആണല്ലോ. നാരായണീയം എന്ന പേരോടുകൂടി

ഒരു കൃതി പ്രസിദ്ധമായതിനുശേഷം മറെറാരാൾ അതേ നാമധേയം സ്വകൃതിക്കു് കല്പിച്ചു എന്നു വരുന്നതു് അസംഭാവ്യമാകുന്നു. വായുപുരേശസ്തവരൂപത്തിലുള്ള പ്രസിദ്ധമായ നാരായണീയം അതിൻെറ ജനനകാലത്തിനുള്ളിൽ തന്നെ സാഹിത്യലോകത്തിൽ സ്ഥിരപ്രതിഷ്ഠയെ ലഭിച്ചിരുന്നു എന്നൂഹിക്കുന്നതു് അസംഗതമായിരിക്കുകയില്ല. വാതരോഗിയായിരുന്ന തൽകൎത്താവു് നാരായണീയനിൎമ്മാണാനന്തരം അരോഗദൃഢഗാത്രനായിത്തീൎന്നു എന്നുള്ള ഐതിഹ്യം യഥാൎത്ഥമാണെങ്കിൽ നാരായണീയം അക്കാലത്തുതന്നെ പ്രസിദ്ധമായിരുന്നിരിക്കണം. അതിൻെറ നിൎമ്മാണകാലം "ആയുരാരോഗ്യസൌഖ്യം" എന്ന കലിദിനസംഖ്യകൊണ്ടു് കൊല്ലം ൮-ാംശതാബ്ദത്തിൻെറ ഉത്തരാൎദ്ധമാണെന്നു് തെളിയുന്നു. ഇത്രയും കാരണങ്ങളെക്കൊണ്ടു് "നാരായണീയം പ്രബന്ധ"ത്തിൻെറ കൎത്താവു് ഭട്ടതിരിപ്പാടല്ലെന്നു സിദ്ധിക്കുന്നതോടുകൂടി ൮-ാം ശതാബ്ദത്തിലോ അതിനുമുമ്പോ ജീവിച്ചിരുന്ന ഒരു കവിയായിരിക്കും എന്നു് ഒരനുമാനവും ജനിയ്ക്കുന്നു.

"മുക്താരത്നം മലയമരുതശ്ചന്ദനം ച പ്രസൂയ
പ്രഖ്യാതാദിക്കവിമപിതഥാസോഷ്ടകീൎത്ത്യകനിഷ്ഠം
വിദ്വൽപ്രീത്യൈ ബഹുരസസുധാസ്യന്ദി സന്ദേശകാവ്യം
ബദ്ധംഹ്യേതദ്വിരതമഭവത്തേന നാരായണേന"

എന്ന ഈ പദ്യം സുഭഗസന്ദേശത്തിൽ കാണുന്നതുകൊണ്ടു് അതും ഒരു നാരായണകവിയുടേ കൃതിയാണെന്നു തെളിയുന്നുണ്ടു്. ഭട്ടതിരിപ്പാടു് ആത്മസ്തുതിക്കു പുറപ്പെട്ടുമെന്നു വിചാരിക്കാൻ പാടില്ലാത്തതിനാൽ ആത്മസ്തുതിപൎയ്യവസായിയായ ഈ സന്ദേശകാവ്യം അദ്ദേഹത്തിൻെറ ആയിരിക്കുകയില്ലെന്നും ഭാഷാചരിത്രകൎത്താവു് അഭിപ്രായപ്പെട്ടുന്നു. പുനം, മഴമംഗലം,ചെറുശ്ശേരി,മുതലായ പ്രാചീനകവികളിൽ മിക്കവരേയും നാം അറിയുന്നതു് ഇല്ലപ്പേരുകൊണ്ടു മാത്രമാകയാൽ അവരിൽ നാരായണീയനാമധേയരായി വല്ലവരുമുണ്ടായി

തന്നെയോ എന്നു പര്യാലോചിക്കുന്നതിന് വഴികാണുന്നില്ല. പ്രാചീനകാലത്തു നാരായണ നാമധേയരായി ഒന്നിലധികം കവികൾ ഉണ്ടായിരുന്നു എന്ന അനുമാനത്തെ പ്രബലപ്പെടുത്തുകയല്ലാതെ നാരായണീയ പ്രബന്ധകത്താവിനെ സംബന്ധിച്ച ഒരു പുതിയ ജ്ഞാനം സുഭഗസന്ദേശം നമുക്ക് നൽകുന്നില്ല.

"മദനസമരസമ്മദ്ദാന്തരോൽഭ്രതകാന്താ
മണിത മധുരമാധുയ്യൈകവംശപ്രസൂതൈഃ
മധുമദമണമോല്ലം ഗദ്യപദ്യൈരനേകൈഃ
മദയതിപുനമിന്നും ഭൂരിഭൂചക്രവാളം"

ചന്ദ്രോത്സവത്തിലെ ഈ പദ്യം പുനംനമ്പൂരി അനേകം ഗദ്യപദ്യങ്ങൾ നിമ്മിച്ചതായിപ്പറയുന്നു. ഈ പദ്യത്തിലെ "ഇന്നും" എന്ന പദം പുനംനമ്പൂരി ചന്ദ്രോത്സവകത്താവിൻെറ സമകാലീനനാണെന്നുള്ളതിന് ഒരൊന്നാന്തരം ലക്ഷ്യമാണെന്നു ചിലരും അങ്ങിനെയല്ല "ചന്ദ്രോത്സവജനനത്തിനുമുമ്പ് ജീവിച്ചിരുന്ന കവിയാണ് പുനം" എന്നാണ് ആ പദപ്രയോഗത്തിൽ നിന്ന് സ്പഷ്ടമായിത്തോന്നുന്ന അത്ഥം എന്ന് മററു ചിലരും സിദ്ധാന്തിക്കുന്നു. ചന്ദ്രോത്സവത്തിൻെറ ഉത്ഭവം ഏതു കാലത്തായിരുന്നാലും പുനം നമ്പൂരി ഗദ്യപദ്യകത്താവായിരുന്നു എന്ന കാൎയ്യം മാത്രമേ നമുക്ക് ഇപ്പോൾ ഈ ശ്ലോകത്തിൽ നിന്നും മനസ്സിലാക്കേണ്ട ആവശ്യമുള്ളു.

അനേകംപേർ ഭാരതചമ്പുവിൻെറ കത്തൃത്വം പുനം നമ്പൂരിയിലാണ് ആരോപിക്കപ്പെട്ടിട്ടുള്ളത്. "രാജരത്നാവലീയം" മുതലായ പ്രബന്ധങ്ങളും അദ്ദേഹത്തിൻേറതായിരിക്കാമെന്നു പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ കൃതി പ്രാചീനമായിരിക്കുകയും ഗ്രന്ഥകത്താവ് അജ്ഞാതനായിരിക്കുകയും ചെയ്താൽ പുനത്തിന് ആ ഗ്രന്ഥവുമായി എന്തെങ്കിലും ഒരു സംബന്ധം കല്പിക്കുകയാണ്

ഇപ്പോഴത്തെപ്പതിവ്. നാരായണീയം പ്രബന്ധത്തിന്റെ കൎത്താവും പുനംതന്നെയായിരിക്കാമോ?

"പാലാഴിത്തയ്യലാൾ തൻതിരുനയനകലാ
ലോലലോലംബമാലാ-
ലീലാരംഗം ഭുജംഗേശ്വരമണിശയനേ
തോയരാശൌ ശയാനം
മേലേ മേലേ തൊഴുന്നേൻ ജഗദുദയപരി
ത്രാണസംഹാരദക്ഷം
ലോലാത്മാനം പദാന്തപ്രണതസകലദേ-
വാസുരം വാസുദേവം"

തിരുവനന്തപുരം ഗ്രന്ഥശാലയിൽനിന്നും കണ്ടുപിടിച്ചു് കേരളകാളിദാസൻ അയച്ചുകൊടുത്ത കയ്യെഴുത്തുപ്രതിയെ പ്രമാണമാക്കി കവനോദയപ്രവൎത്തകന്മാർ പ്രസിദ്ധീകരിച്ചിട്ടുള്ള ഭാരതചമ്പുവിലെ മംഗളശ്ലോകവും പ്രസ്തുതനാരായണീയത്തിലേ മംഗളശ്ലോകവും മുൻ ഉദ്ധരിച്ചതു് തന്നെ. ഭാരതചമ്പു പുനം നമ്പൂരിയുടെ കൃതിയാണെന്നു സാഹിത്യലോകത്തിൽ ഒരു വിശ്വാസം പരന്നിട്ടുള്ള സ്ഥിതിക്കു് മംഗളശ്ലോകങ്ങളുടെ ഐക്യംകൊണ്ടു് നാരായണീയം പുനം നമ്പൂരിയുടെ കൃതിയാണെന്നു് അനുമാനിക്കാമെങ്കിലും ഈ അനുമാനം യഥാൎത്ഥമാണോ എന്നു് പരിശോധിക്കുന്നതിനു് മററു ചില ചരിത്രലക്ഷ്യങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

പുനംനമ്പൂരി സാഹിത്യരസികനായ സാമൂതിരിപ്പാടിന്റെ സദസ്സിൽ അരക്കവിയായിരുന്നു എന്നും ഭാഷാകവിനിവഹത്തെ കൂട്ടത്തോടെ ദൂഷിച്ച ഉദ്ദണ്ഡശാസ്ത്രികളോടു "പുളകോൽഗമകാരിവചഃ പ്രസരം പുനമേവ പുനഃ പുനരാസ്തുമഹേ" എന്ന അഭിനന്ദനപത്രം സമ്പാദിക്കുന്നതിനു് ഭാഷാകവികളിൽ പുനത്തിനു മാത്രമേ സാധിച്ചിരുന്നുള്ളുവെന്നും മററുമുള്ള ഐതിഹ്യങ്ങൾ മലയാളികൾക്കു് മനഃപാഠമാണു്. "താരിൽ തന്വീ"ത്യാദിശ്ലോകം ഉണ്ടാക്കിയതു്

പുനം നമ്പൂരിയാണെന്നും ഇതിലെ "വിക്രമനൃവര" എന്ന പദം മാനവിക്രമനാമാങ്കിതനായ സാമൂതിരിപ്പാട്ടിലേ ഉദ്ദേശിച്ചു് പ്രയോഗിച്ചിട്ടുള്ളതാണെന്നും പ്രസിദ്ധമാണു്. മാനവിക്രമസദസ്യരായ "പതിനെട്ടരക്കവി" വേണ്ടതിലധികമുണ്ടെന്നു വാദിച്ചാലും പുനത്തിൻെറ സദസ്യത്വത്തിന്ന് ഒട്ടുംകോട്ടം തട്ടുന്നില്ല. ഉദ്ദണ്ഡൻെറ സമകാലീനനായ സാമൂതിരിപ്പാട്ടു ശക്തൻതമ്പുരാനാണു്. അപ്പോൾ കോകിലസന്ദേശകർത്താവും പുനവും ശക്തൻതമ്പുരാനും സമകാലീനന്മാരാണെന്നു സിദ്ധിക്കുന്നു. ആ കാലം കൊല്ലം ൬-ാം ശതവർഷമാണല്ലോ. പുനത്തെപ്പററിയുള്ള അന്വേഷണം തൽക്കാലം മതിയാക്കി നാരായണീയം പ്രബന്ധത്തിൽ വർണ്ണിയ്ക്കുന്ന തൃപ്പൂണിത്തുറയേയും തദധിപനായ മാടമഹീശനേയും സംബന്ധിച്ചു് തദാനീന്തനസ്ഥിതി എന്തായിരുന്നു എന്ന് വിചാരണചെയ്യാം.

സാമൂതിരിപ്പാടിനേ ആശ്രയിച്ചു് അവിടത്തെ വിദ്വത്സഭയിൽ സ്ഥിരസാമാജികസ്ഥാനം അംഗീകരിച്ചിരുന്ന പുനം നമ്പൂരി സാമൂതിരിയുടെ ബദ്ധവിരോധിയായിരുന്ന കൊച്ചിരാജാവിൻെറ അധികാരസീമയിൽപ്പെട്ട തൃപ്പൂണിത്തുറയേയോ അവിടത്തെ പ്രതിഷ്ഠയേയോ വർണ്ണിക്കാൻ പുറപ്പെട്ടു എന്നു പറയുന്നതു് യുക്തമായിരിക്കയില്ല. സാമൂതിരിയുമായി ഒരു സംബന്ധമില്ലാത്തതെന്നു മാത്രമല്ല ശത്രുരാജാവിന്നധീനവുമായ തൃപ്പൂണിത്തുറയും അവിടത്തെ നാരായണപ്രതിഷ്ഠയും പുനം നമ്പൂരിയെ ഒരിക്കലും ആകർഷിച്ചിരിക്കുകയില്ല. അതു സേവ്യസേവകഭാവത്തിനു യോജിച്ചതുമല്ല.

കൊച്ചിരാജകുടുംബത്തെപ്പററിയോ രാജ്യഭരണരീതിയെപ്പററിയോ ഒന്നും പറഞ്ഞിട്ടില്ലാത്തതുകൊണ്ടു മാത്രം അതു് ശത്രുപക്ഷത്തിൽപ്പെട്ട ഒരാളുടെ കൃതിയായിരിക്കണം എന്നു നിർബന്ധിക്കുന്നതു് സാരമായ ഒരു വാദമുഖമല്ല. വി

ശേഷിച്ചും ൧-ാം ശതവഷ്ത്തിൽ തൃപ്പൂണിത്തുറ കൊച്ചി രാജാവിന്റെ പ്രധാനരാജധാനിയായിരുന്നില്ല എന്ന കാര്യവും കൂടി ഓക്കേണ്ടതാണ്.

ഭാരതചമ്പുവും പുനംനമ്പൂരിയുടേ കൃതിയല്ലെന്നൂഹിക്കേണ്ടിയിരിക്കുന്നു. അനിതരപ്രബന്ധസാധാരണങ്ങളായ മംഗളശ്ലോകവും ഒരുപോലേ പല പദപ്രയോഗങ്ങളും ഭാരതചമ്പുവിലും ഈ കൃതിയിലും കാണുന്നുണ്ട്. പദപ്രയോഗങ്ങളേ നിസ്സാരമായി ഉപേക്ഷിച്ചാലും രണ്ടിലേയും മംഗളശ്ലോകം ഒന്നുതന്നെയായതുകൊണ്ട് രണ്ടു കൃതികളും ഒരാളുടേതാണെന്നൂഹിക്കുന്നതാണ് യുക്തം.

മംഗളശ്ലോകം പോലും മറെറാരു കവിയുടേ എടുത്തുചേക്കയെന്നുള്ളത് കുറേ കടന്ന കയ്യാകയാൽ ആരും ചെയ്യില്ലെന്നാണ് കരുതേണ്ടത്. ഗ്രന്ഥകത്തൃനിരൂപണരൂപമായ ഈ ഭാഗത്തിന് ഭാരതചമ്പുവിന്റെയും നാരായണീയം പ്രബന്ധത്തിന്റെയും കത്താവ് ഒരാളാണെന്നും അത് ഭട്ടതിരിക്കുമുമ്പോ ഭട്ടതിരിയുടേ കാലത്തോ ജീവിച്ചിരുന്ന നാരായണനാമധേയനായ ഒരു മലയാള ബ്രാഹ്മണനായിരിക്കണമെന്നും മാത്രമേ വെളിപ്പെടുന്നുള്ളു; എങ്കിലും ൮-ാം ശതാബ്ദത്തിലായിരിക്കാമെന്നു തോന്നുന്നു. നാരായണീയ പ്രബന്ധകത്താവിനേപ്പററി ഇതിലധികം എന്തെങ്കിലും പറയുന്നതിന് ഇപ്പോഠം നിവൃത്തിയില്ല.

ഭാഗവതം ദശമസ്കന്ധത്തിലേ ൮൯-ാമദ്ധ്യായത്തിൽ

"ഏകദാ ദ്വാരവത്യാം തു വിപ്രപത്ന്യാഃ കുമാരകഃ
ജാതമാത്രോ ഭുവം സ്പൃഷ്ട്വാ മമാര കില ഭാരത"

എന്നു തുടങ്ങി

"ന്യവത്തതാം സ്വകം ധാമ സംപ്രഹൃഷ്ടൌ യഥാഗതം
വിപ്രായ ദദതുഃ പുത്രാൻ യഥാരൂപം യഥാവയഃ"

എന്നതു വരേയുള്ള ൪൯ ശ്ലോകങ്ങളെക്കൊണ്ട് പ്ര

സ്താവിക്കുന്ന സന്താനഗോപാലം കഥയാണ് നാരായണീയ പ്രബന്ധത്തിലെ പൂർവ്വഭാഗം.

മേൽ കാണിച്ച പുരാണ കഥയിൽ കൃഷ്ണാർജ്ജുനന്മാർ വൈകുണ്ഠത്തിൽ പോയ അവസരത്തിൽ ഒരു വിഷ്ണുബിംബം ഭൂമിയിൽ പൂജ്യതായി പ്രതിഷ്ഠിപ്പാൻ വേണ്ടി മഹാവിഷ്ണു കൊടുത്തുവെന്നുള്ള അംശം കൂടിചേർത്ത ആ സംഗതി തൃപ്പൂണിത്തുറെ ക്ഷേത്രം പ്രതിഷ്ഠിപ്പാൻ ഉള്ള നിമിത്തമായി പിടിച്ചുകൊണ്ട് അർജ്ജുനന്റെ മേൽനോട്ടത്തിൽ ക്ഷേത്രം മുതലായതു നിർമ്മിച്ചതായും പ്രതിഷ്ഠ കഴിച്ചതായും വർണ്ണിച്ചു ഗ്രന്ഥം അവസാനിപ്പിക്കയും ചെയ്തിരിക്കുന്നു. അവിടെ ഇന്നും കുംഭമാസത്തിലെ ഉത്രം നക്ഷത്രം പ്രതിഷ്ഠാദിവസമായികരുതി വളരെ ആഘോഷപൂർവ്വംകൊണ്ടാടുന്നുണ്ട്.

"ബ്രഹ്മദ്വിഷഃ ശഠധിയോ ലുബ്ധസ്യ വിഷയാത്മനഃ
ക്ഷത്രബന്ധോഃ കർമ്മദോഷാൽ പഞ്ചത്വം മേ ഗതോർഭകഃ"

ഭാഗവതം

നാരായണീയത്തിലെ ബ്രാഹ്മണവാക്യവും ഏകദേശം ഈ രീതിയെ അനുവർത്തിക്കുന്നുണ്ടെന്നു കാണുക.

"നാഹം സങ്കർഷണോ ബ്രഹ്മൻ
ന കൃഷ്ണഃ കാർഷ്ണിരേവ ച
അഹംവാ അർജ്ജുനോനാമ
ഗാണ്ഡീവം യസ്യ വൈ ധനുഃ

ഭാഗവതം

ഈ അർജ്ജുനവാക്യത്തെ നാരായണീയകർത്താവ് പൂർണ്ണമായി അനുകരിച്ചിട്ടുണ്ട്.

(നാരായണീയം ശ്ലോകം ൨൫)

മററു കവികളുടെ ആശയങ്ങളെ പകർത്തുന്ന അവസരത്തിൽ പ്രയോഗഭംഗികൊണ്ട് രൂപാന്തരപ്പായ വരു

ത്തുന്ന രീതി പ്രബന്ധരചയിതാക്കളിൽ മിക്കവരും സ്വീകരിച്ചിട്ടുള്ള ഒന്നാണ്. മുൻ ഉദ്ധരിച്ച ഭാഗവത പദ്യങ്ങളുടെ കാൎയ്യത്തിൽ കവി ചെയ്തിട്ടുള്ളതു് മിനക്കു മാത്രമാകുന്നു.

പ്രബന്ധ കവികൾ കഥാകഥനത്തെ അപ്രധാനമായും, പ്രകൃതിവൎണ്ണന, വികാരഭേദവിവരണം, ഇത്യാദികൾ പ്രധാനമായും ഗണിച്ചിരുന്നതിനാൽ പകൎത്തുന്ന ആശയങ്ങളെപ്പോലും സ്വതന്ത്രമായി രൂപാന്തരപ്പെടുത്തി അത്യുകൾക്കു് ഒരു സ്വത്വം വരുത്തിയിരുന്നു എന്നുള്ളതിനു നാരായണീയ പ്രബന്ധം മാത്രമല്ല മിക്ക ഭാഷാപ്രബന്ധങ്ങളും ഉത്തമ ലക്ഷ്യങ്ങളാണു്.

## ഭാഷ.

പ്രബന്ധങ്ങൾ ഭാഷയുടെ അമൂല്യസ്വത്തായിരുന്നിട്ടും ആധുനികഭാഷാഭിമാനികളിൽ പലൎക്കും അവയുടെ നേരെ പറയത്തക്ക പ്രതിപത്തി കാണാത്തതു് വളരെ ശോചനീയമായ ഒരവസ്ഥയാണു്. ഗുരുകുലക്ലേശം അനുഭവിക്കാത്തതുകൊണ്ടോ "പച്ച മലയാളിക" ളായതുകൊണ്ടോ ആധുനികന്മാൎക്കു് പ്രാചീന കൃതികളിലെ സംസ്കൃതപദപ്രയോഗബാഹുല്യം തീരെ നീരസമായിത്തോന്നുന്നതായിരിക്കണം, ഈ അനാദരത്തിന്റെ കാരണം. അസാധാരണപ്രമോദജനകമായ സംസ്കൃതസാഹിത്യത്തിൽ നിരന്തരം പരിശ്രമിച്ചു കൊണ്ടിരിക്കുന്ന പ്രാചീനകവികൾ, ഭാഷയുടേയും പിൻഗാമികളായ രസികന്മാരുടേയും ഭാഗ്യാതിരേകം നിമിത്തം, പ്രബന്ധമെന്ന ഒരു സാഹിത്യവിഭാഗം മലയാളഭാഷയിൽ സൃഷ്ടിക്കുവാനിടയായ അവസരത്തിൽ, ചിരപരിചിതമായ സംസ്കൃതഭാഷാപദങ്ങൾ മനസ്സറിഞ്ഞും അറിയാതേയും അവയിൽ കടന്നുകൂടിയതായിരിക്കണം. ആദ്യ ഭാഷയായിരുന്ന സംസ്കൃതഭാഷ അന്നും മൃതഭാഷയായിത്തീൎന്നിരുന്നു എങ്കിലും, ഇന്നത്തെപ്പോലെ അനാദരപാത്രമായിത്തീൎന്നിട്ടില്ലാതിരുന്നതുകൊണ്ടു് ആളുകൾക്കു് അക്കാലത്തു്

നല്ല വിലയും നിലയും ഉണ്ടായിരുന്നു. കാലക്രമം കൊണ്ടു് സംസ്കൃതഭാഷ കേവലം അനാദരപാത്രമായി തീരുകയും, സംസ്കൃതഭാഷാപണ്ഡിതന്മാർ ചുരുങ്ങി വരികയും ചെയ്തു. തന്നിമിത്തം ജനങ്ങൾക്കു് പ്രബന്ധങ്ങളോടുണ്ടായിരുന്ന ബഹുമാനം കുറഞ്ഞു വന്നു. അൎവ്വാചീനകാലത്തിന്റെ പ്രാരംഭദശയോടുകൂടി, അവ കേവലം ഗ്രന്ഥശാലകളെ പോഷിപ്പിക്കുന്ന ഒരു വക വെറും പുസ്തകങ്ങളായി തീരുകയും ചെയ്തു. കാലാനുസൃതമാണെങ്കിലും സാൎവത്രികമായി തീൎന്ന വ്യതിചലനം ഭാഷാസാഹിത്യ ലോകത്തേയും ബാധിച്ചതോടുകൂടി ഭാഷയും സാഹിത്യവും പെട്ടെന്നു രൂപാന്തരപ്പെട്ടു. "മലയാളത്തെ പച്ചയാക്കുന്നതാണു് മെച്ചം" എന്നു പലരും സിദ്ധാന്തിച്ചു; ഇന്നുവരേ മലയാളഭാഷയേ സസ്നേഹം സംരക്ഷിച്ചു വന്നിരുന്ന സംസ്കൃതത്തേ നാടുകടത്തി; പച്ചമലയാളം വായിച്ചു മനസ്സിലാക്കുന്നതിന്നു് മററു ഭാഷകളുടേ സഹായം ആവശ്യമില്ലാത്തതുകൊണ്ടു്, സംസ്കൃതം തീരേ പഠിക്കാതായി എന്നു മാത്രമല്ല, മണിപ്രവാളകൃതികളേ നിൎദ്ദയം ആക്ഷേപിച്ചുതുടങ്ങുകയും ചെയ്തു. ഇത്തരത്തിൽ പ്രാചീനന്മാരിൽ നിന്നും ബഹുദൂരം അകന്നിരിക്കുന്ന അൎവ്വാചീനന്മാരേ പ്രബന്ധങ്ങൾ രസിപ്പിക്കുന്നില്ലെങ്കിൽ, അതിന്നു് ആ പ്രബന്ധങ്ങളേയോ അവയിലേ ഭാഷയേയോ തൽകൎത്താക്കളേയോ കുററം പറഞ്ഞിട്ടാവശ്യമില്ല. ആധുനിക മലയാളം, പച്ചയായാലും പഴത്തതായാലും പ്രബന്ധങ്ങളിലേ മണിപ്രവാളത്തെപ്പോലേ സഹൃദയന്മാരേ രസിപ്പിക്കുന്നതിന്നു മതിയാകുന്നില്ലെന്നും, സംസ്കൃതപ്രചുരമായ പ്രബന്ധഭാഷക്കുള്ള ജീവനോ രസപ്രകടനശക്തിയോ സംസ്കൃതരഹിതമായ പച്ചമലയാളത്തിന്നില്ലെന്നും സമ്മതിച്ചേ തീരു.

മലയാളികൾക്കു മണിപ്രവാളത്തിന്റനേരെയുണ്ടായിരുന്ന പ്രതിപത്തി കുറയുന്നതിന്നു മറെറാരു കാരണവും കൂടി ഇടക്കുണ്ടായി. ഭാഷയുടേ മൎമ്മം അറിഞ്ഞു യഥോചിതം

പദങ്ങളേ പ്രയോഗിക്കുക എന്ന രീതി കാലക്രമത്തിൽ ഭേദപ്പെട്ടു്, സംസ്കൃത പദപ്രയോഗം മാത്രം ശേഷിച്ചപ്പോൾ അതു വായനക്കാരിൽ നീരസത്തെ ജനിപ്പിച്ചു. അനേകം സംസ്കൃതപദങ്ങളുടേ മദ്ധ്യേ ഒരു മലയാളപദമോ അനേകം മലയാളപദങ്ങളുടേ ഇടയ്ക്കു് ഒരു സംസ്കൃതപദമോ ഉപയോഗിക്കുക

ദൃഷ്ട്വാസംപൂൎണ്ണഗർഭാം ദ്വിജവരഗൃഹിണീം
ഗാണ്ഡിവം ചാപമഗ്രേ
പൃഷ്ട്വാഭോഗംകുലച്ചൂട്ടുപ്പുരമഗ്നുരുമനുസ്മൃത്യ
മൃശേന്ദുചൂഡം
തുഷ്ട്യാദിവ്യാസ്ത്രസംയോജിതശരനികരൈ
സ്സൂതികാപഞ്ജരം തീ-
ൎത്തട്ടാൾദത്തദൃഷ്ടിസ്സിതവിശിഖധര
സ്തത്രതസ്ഥൌകിരീടീ.

നാ. ശ്ലോ. ൩൫.

അധോരേഖകൊണ്ടു നിർദ്ദേശിച്ചിട്ടുള്ള മൂന്നുപദങ്ങൾ മാത്രമേ ഇതിൽ മലയാളമായിട്ടുള്ളൂ. ഈ മൂന്നു പദങ്ങളുടേ പ്രയോഗം സഹൃദയമാത്രവേദ്യമായ ഒരു പ്രത്യേകശക്തിയേ ജനിപ്പിക്കുന്നുണ്ടെന്നു രസജ്ഞന്മാൎക്കറിയാം.

പ്രബന്ധമാത്രസാധാരണങ്ങളായ മമ്മാ, അയ്യാ, മറുവൽ മുതലായ ചില പ്രാചീനപദപ്രയോഗങ്ങളും ആ കവികൾ പ്രധാനമായി ഗണിച്ചു് യഥോചിതം അവയേ പ്രയോഗിച്ചിരുന്നു. കാലക്രമത്തിൽ ഈ ഔചിത്യം കുറഞ്ഞു; സംസ്കൃത പദങ്ങളേ കണ്ണടച്ചുപയോഗിക്കുന്നതിൽ മാത്രം പ്രാചീനന്മാരേ അനുകരിച്ചു; ഔചിത്യത്തേ വെടിഞ്ഞും സന്ദർഭഭേദം മറന്നും സംസ്കൃതപദങ്ങളേ ഉപയോഗിച്ചു തുടങ്ങിയപ്പോൾ, മണിപ്രവാളത്തിന്റെ പണ്ടത്തേ സ്ഥിതിക്കു് അപകൎഷം സംഭവിച്ചു. രസകരങ്ങളായ ഭക്ഷണസാ

ധനങ്ങൾ പാകഭേദംകൊണ്ടു മാത്രം നീരസങ്ങളായി തീരാറുള്ളതുപോലെ, രസകരമായിരുന്ന മണിപ്രവാളം പദപ്രയോഗഭേദംകൊണ്ടു നീരസമായിതീൎന്നു. സൂക്ഷ്മമായ കാരണം തേടിപ്പിടിക്കാൻ ക്ഷമയില്ലാത്ത ചിലർ സംസ്കൃതപദപ്രയോഗമാണു് ഭാഷയെ ദുഷിപ്പിക്കുന്നതു് എന്നു സിദ്ധാന്തിച്ചു. മണിപ്രവാളത്തിന്റെ നേരെയുണ്ടായിരുന്ന പ്രത്യേകപ്രതിപത്തി നശിക്കുന്നതിനു് ഇതും ഒരു കാരണമായി തീൎന്നിരിക്കണം.

മണിപ്രവാളയോഗം പ്രാചീനകൃതികളിൽ മൂന്നുപ്രകാരത്തിലാണു് കണ്ടുവരുന്നതു്. (൧) ക്ഷീരനീരപാകം. (൨) ദ്രാക്ഷാപാകം. (൩) നാളികേരപാകം. ഇവ ഉത്തരോത്തരം മനഃക്ലേശജനകങ്ങളാണെങ്കിലും രസാവഹങ്ങളാണു്. ഭിന്നജാതീയങ്ങളായ പദങ്ങളാണെന്നു പ്രഥമശ്രവണത്തിൽ പ്രത്യക്ഷപ്പെടാത്തവിധം ലളിതങ്ങളായ മലയാളപദങ്ങളേയും സരസങ്ങളായ സംസ്കൃതപദങ്ങളേയും കൂട്ടിച്ചേൎക്കുന്നതാണു് ക്ഷീരനീരപാകം.

ഉദാ—അന്നേരം തേരകം പുക്കളെത്തഡിതിന്നട-
    ക്കാവിലമ്മാരുകാണ്മാ
  നെന്നപ്പാരണ്ടുപാട്ടുംകലിതരുചിപകു-
    ത്തങ്ങുക്രീഡീജനൌഘം
  തന്വീവൎഗ്ഗങ്ങൾപൊന്നിൻതറകളിൽനിരയേ
    മെയ്യണിഞ്ഞുംകരേറീ
  വന്നിക്കാവല്ലകോലാഹലമിതുശിവനേ!
    തൽക്ഷണംദ്വാരകായാം. (നാ. ശ്ലോ. ൭൯.)

സംസ്കൃതപ്രത്യയാന്തങ്ങളായ പദങ്ങൾ ചേൎത്താലും മലയാളപദങ്ങളുടെ പ്രയോഗഭംഗിയും സന്ദൎഭഭേദവും ആകപ്പാടെ കൂടിയുള്ള മാധുൎയ്യവും കൊണ്ടു നീരസത്തേ ജനിപ്പിക്കാത്ത വിധത്തിലുള്ളതു് ദ്രാക്ഷാപാകം.

ഉദാ—ചൊൽപൊങ്ങുംമാഗധാനാംജയജയനതിയും
ഗൽഗദംഭക്തിഭ്രന്നാ
വിപ്രാണാം മംഗലാശീർവ്വചനവുമരികേ
കേട്ടു ജാതാനുകമ്പാ
ഉൽപന്നപ്രീതി കാണ്മാനഹമഹമികയാ
വന്നുതിക്കിത്തിരക്കി
ക്കെല്പോടേ ചൂഴുമോരോജനതതിയെ ദൃശാ
പാർത്തു പാർത്താജിഹാനം.

നാ. ശ്ലോ. ൧൧.

പദകാഠിന്യം നിമിത്തം, ഉള്ളിൽ കടന്നു സാരാംശം അനുഭവിക്കുന്നതിന് ക്ലേശം അനുഭവിക്കേണ്ടി വന്നാലും ചിരസ്ഥായിയായ രസാനുഭവത്തിൽ നമ്മേ സഹായിക്കുന്ന പദപ്രയോഗം നാളികേരപാകം.

ഉദാ— ൧. സാകം വിചിന്ത്യ വിജയേന സശാങ്ഗധന്വാ
നാഗാസനപ്രതികൃതിപ്രണിധാനയോഗ്യം
ഭൂഭാഗമൻപിനൊടറിഞ്ഞു വരേണമെന്ന-
ങ്ങാഹൂയകിങ്കര മുവാച സുദക്ഷിണാഖ്യം.

നാ. ശ്ലോ. ൨.

൨. നവനവമഹനീയഗ്രാമസൽക്ഷേത്രപൂർണ്ണാ-
നവിഹതഗതി പശ്യൻ കേരളക്ഷോണിഭാഗാൻ
അവനിസുരഗഭീരാഭ്യന്തരേ ഹന്ത ചെന്നേൻ
വിവിധഗുണസമഗ്രേ ശ്രീരവിഗ്രാമദേശേ.

നാ. ശ്ലോ. ൭.

ഈ മൂന്നു പാകങ്ങളും ഓരോ വിധത്തിൽ സഹൃദയന്മാരേ രസിപ്പിക്കുന്നുണ്ടെന്നുള്ളത് അനുഭവമാത്രവേദ്യമായ ഒരു തത്ത്വമാണ്. ഈ വക ഭാഷാമർമ്മങ്ങളേ ആലോ

ചിക്കാതെ ഗതാനുഗതികന്യായത്തെ മാത്രം പ്രമാണമാക്കി പിൻഗാമികൾ ചെയ്ത സംസ്കൃതപദപ്രയോഗം "നെല്ലും മോരും" എന്നപോലേ നീരസമായിത്തീൎന്നതിൽ അത്ഭുതത്തിന്നവകാശമില്ലല്ലോ.

മുൻപറഞ്ഞിട്ടുള്ളതുപോലേ പ്രബന്ധകൎത്താക്കൾക്ക് സംസ്കൃത ഭാഷയുമായുണ്ടായിരുന്ന ചിരപരിചയത്തിന്റെ ഫലമായി, മററു പ്രബന്ധങ്ങളിലെന്നപോലേ നാരായണീയത്തിലും ഏതാനും സംസ്കൃതപദ്യങ്ങളേയും കാണുന്നുണ്ട്.

തത്രാഗ്രഹാരേ ച വസൻ ദ്വിജാനാം
പൂൎണ്ണാത്രയീഭാതി സദാ മുഖേഷു.
തേനൈവ സന്തഃ കില തം പ്രദേശം
പൂൎണ്ണത്രയീനാമക മാമനന്തി.

നാ. ശ്ലോ. വൈ.

൪൪-൫൦-൫൭-ഈ പദ്യങ്ങളും സംസ്കൃതമയങ്ങളാണെന്നു കാൺക-

സംസ്കൃതമയങ്ങളോ സംസ്കൃതപ്രചുരങ്ങളോ ആയ പദ്യങ്ങൾ ധാരാളം കാണുന്നതുകൊണ്ട്, ആ കവികൾക്കു നല്ല മലയാളം വശമില്ലായിരുന്നു എന്നു ശങ്കിക്കുന്നതിന് അവരുടേ കൃതികൾ അനുവദിക്കുന്നില്ല. അപൂൎവമായിട്ടെങ്കിലും അങ്ങിനേ വല്ല പ്രയോഗങ്ങളും അങ്ങുമിങ്ങും കാണ്മാൻ സാധിച്ചാൽ, അവ ഇന്നത്തേ പച്ച മലയാളത്തേക്കാൾ എത്രയോ ഉയൎന്നു നില്ക്കുന്നതായി മനസ്സിലാക്കാം.

മുത്തുപ്പന്തല്ക്കു താഴേ തിറമിളകിന പൊ-
ന്നിന്തഴപ്പന്തലൂടേ
പുത്തൻ പൂവാട മേലേ മൃദു മൃദു പദവി-
ന്യാസ ഭംഗ്യാ ചരന്തം.

നാ-ശ്ലോ-൭൫.

ഇത്യാദി പ്രയോഗങ്ങളുടേ മാധുര്യവും സ്വാരസ്യവും സൂക്ഷിച്ചു മനസ്സിലാക്കേണ്ടതാണ്. ഹാ! എന്തു മാധുര്യം!

മലയാള പദങ്ങളോടു കൂടി ചേന്നാൽ തിരിച്ചറിവാൻ പാടില്ലാത്ത വിധം ലളിതങ്ങളായ സംസ്കൃത പദങ്ങളേ ഉപയോഗിക്കുന്നതു കൊണ്ടു്, "നല്ല മലയാളം" എന്ന നാമത്തിന്നഹ്മായിത്തീരുന്ന ഭാഷയാണ് നമുക്കാവശ്യം എന്നും, മലയാളഭാഷക്കു അതാണ് അഭിവൃദ്ധിമാഗ്ഗം എന്നും ഞാൻ പറയുന്നതു്, എനിക്കു സംസ്കൃത ഭാഷയോടു പക്ഷപാതമോ പരിചയമോ ഉള്ളതുകൊണ്ടല്ലെന്നും, പ്രത്യുത, മലയാള ഭാഷാഭിവൃദ്ധിയിലുള്ള അത്യാഗ്രഹം കൊണ്ടു മാത്രമാണെന്നും ഈ അവസരത്തിൽ പറയേണ്ടി വന്നിരിക്കുന്നു.

പ്രാചീന ഗ്രന്ഥങ്ങളിൽ ഉള്ള മമ്മാ, മറവൽ, കരളു്, വാരാ മുതലായ പദങ്ങൾ നാരായണീയത്തിലും ധാരാളം കാണാം. "വാരാ" എന്നപദം എഴുത്തച്ഛൻ ധാരാളം ഉപയോഗിച്ചിട്ടുള്ളതാണ്. "കരളു്" എന്നപദം നമ്പ്യാരു് ധാരാളം ഉപയോഗിച്ചിട്ടുള്ളതാണ്. നാരായണീയത്തിൽ ഒരു പുതിയ പ്രയോഗം കാണുന്നതു് "ഇളക്കീല്ല" എന്നുള്ളതാണ്. അനങ്ങിയില്ല (ഇളകിയില്ല) എന്ന കേവലാത്ഥം മാത്രമേ ഉദ്ദിഷ്ടമായിട്ടുള്ളുവെങ്കിലും പദപ്രയോഗം പ്രയോജകരൂപത്തിലാണ്. ഈ പ്രയോഗം ഒന്നിലധികം സ്ഥലത്തു കാണുന്നുണ്ടു്.

"അന്നേരം ചെററിളക്കീലഖിലമുടനറി-
ഞ്ഞെങ്കിലും കേശിഹന്താ"

ഇത്യാദി പ്രയോഗങ്ങളേ നോക്കുക.

വിശേഷണ വിശേഷ്യങ്ങൾക്കു് വിഭക്തിപ്പൊരുത്തം ചെയ്യുന്ന/രീതി പ്രാചീനന്മാർ സവ്വസാധാരണമായി സ്വീകരിച്ചിരുന്നു. കണ്ണശ്ശകൃതികളിൽപ്പോലും ഈ പ്രയോഗം ധാ

രാളംകാണുന്നുണ്ട് ഭാഷാപ്രബന്ധങ്ങളുടേകാൎയ്യംപറയേണ്ടതില്ലല്ലോ. നാരായണീയവും ഇക്കാൎയ്യത്തിൽ പിന്നോക്കമല്ല.

"ആതുരലോകമഹാലംബത്തിനു മേദുരഭാഗ്യ വിലാസപയോധിക്കല്പിതവിതരണകല്പിതശാഖിക്കക്ഷീരസായനവിഗ്രഹശാലിക്കവനീമണ്ഡലപൊന്നിന്മാല ക്കരികുലകാനനവഹ്നിജ്ജ്വാലക്കംബുജനയനന്നായുർബലമൊരു നൂറായിരമാണ്ടിനിയും നല്കി."

൧൮-ാമത്തേ പദ്യത്തിലും ഇതുപോലെ ഒരു പ്രയോഗം കാണ്ക. മലയാള വിശേഷ്യങ്ങൾക്കു വിഭക്തിപ്പൊരുത്തത്തോടുകൂടിയ സംസ്കൃത.വിശേഷണങ്ങളും അപൂൎവ്വമായി കാണുന്നുണ്ട്.

"എല്ലാംകൊണ്ടും പിണഞ്ഞു പെരുകിയൊരുസുഖ-
ക്കേടിതെന്നോക്കുമെന്നും
നില്ക്കുമ്പോൾ ചെന്നു സഖ്യാ മുരഹരനൊടുണ-
ൎത്തുന്നതില്ലിപ്രമേയം"

നാ. ശ്ലോ. ൪൧.

ഇതിൽ സംയോജികാന്തമായ "മുരഹരനൊട്" എന്ന വിശേഷ്യത്തിനു "സഖ്യാ" എന്ന തൃതീയാന്തമായ വിശേഷണപദം പ്രയോഗിച്ചിരിക്കുന്നതു് നോക്കുക.

പദപ്രയോഗത്തിൽ ദ്രാക്ഷാപാകവും നാളികേര പാകവും ധാരാളം കാണുന്നതുകൊണ്ട് പ്രബന്ധങ്ങളിലെ മണിപ്രവാളം, "ചമ്പൂഭാഷ" അല്ലെങ്കിൽ "പ്രബന്ധഭാഷ" എന്ന ഒരു പ്രത്യേക പേരിന് അൎഹമായി തീൎന്നിട്ടുണ്ട്. പ്രകൃതിവീക്ഷണത്തിലും വൎണ്ണനകളിലും അഭിരുചിയുള്ളവരായിരുന്ന പ്രബന്ധകവികൾ, രസപുഷ്ടിക്കോ, ക്ഷോഭഭസ്കൃതിക്കോ ശക്തമാകത്തക്കവിധത്തിൽ ഒരു പ്രത്യേകരീതി ഭാഷയിൽ സ്വീകരിച്ചതായിരിക്കാം.

ഭാഷാപ്രബന്ധത്തിന്റെ പൊതുവായ സ്വരൂപത്തിന് പ്രസ്തുത ഗ്രന്ഥം ഇന്നിന്നവിധത്തിൽ യോജിച്ചിരിക്കുന്നുണ്ടെന്ന് വിവരിച്ച് അഭിജ്ഞന്മാരുടേ സമയം നഷ്ടപ്പെടുത്തുന്നതിന്നോ പ്രസ്തുത ഗ്രന്ഥത്തിൽ പ്രത്യേകിച്ചു കാണുന്ന സാഹിത്യഗുണങ്ങൾ ഇന്നിന്നതാണെന്ന് എടുത്തുകാണിച്ച് രസികന്മാരായ വായനക്കാരുടേ രസം കുറയ്ക്കുന്നതിന്നോ ഞാൻ ഒരുങ്ങുന്നില്ല.

# നാരായണീയം

## ഭാഷാപ്രബന്ധം

---

പാലാഴിത്തയ്യലാൾതൻ തിരുനയനകലാ
ലോലലോലംബമാലാ-
ലീലാരംഗം ഭുജംഗേശപരമണിശയനേ
തോയരാശൌ ശയാനം
മേലേ മേലേ തൊഴുന്നേൻ ജഗദുദയപരി-
ത്രാണസംഹാരദക്ഷം
ലോലാത്മാനം പദാന്തപ്രണതസകലദേ-
വാസുരം വാസുദേവം. ൧.

മല്ലാരാതിപ്രസാദം പ്രിയസഖ! സുഖമേ
കൈവരുന്നാളിലോർത്താ-
ലെല്ലാർക്കും ദേഹഭാജാമഖിലവുമിഹ
മംഗല്യമായ്ത്തീർന്നുകൂട്ടം
ചൊല്ലാം ഭൂദേവപുത്രാർപ്പണസുചരിതവും
വിഷ്ണുബിംബപ്രതിഷ്ഠാ-
കല്യാണോല്ലാസവും പാർത്ഥനു ഹരികൃപയാ
പണ്ടു കൈവന്നപോലെ. ൨.

താരാർമാതിൻമനോമംഗലവിഹരണരം-
ഗസ്ഥലീസുന്ദരീണാ-
മോരോരോ കേളിസൌധേന്നഭസി ധവളതാ-
ദ്വൈതമാപാദയന്തീ

വാർാളും ദ്വാരകാഖ്യാ വരഗുണമധുരാ
വാരിരാശിക്കുമദ്ധ്യേ
നേരേ ശ്രീവാസുദേവന്നൊരുമണിനഗരി
മെന്മയോടാവിരാസീൽ. ൩.

ലോകാലോകാദിയെക്കാൾപ്പെരുമയുമെഴവും
പൂണ്ടു മിന്നുന്ന പൊന്നിൻ-
പ്രാകാരാഗ്രങ്ങളിൽത്തങ്ങിന ഘനപടലാ-
ലോകനൃത്യന്മയൂരാ
ആകാശത്തോട്ടുരുമ്മീടിന നവനവരത്ന-
ധ്വജാഗ്രേഷു ജാഗ്രൽ-
പ്രാകാശ്യാകാററലച്ചങ്ങിടതലകുലയും
വൈജയന്തീമനോജ്ഞാ. ൪.

ചൊൽക്കൊള്ളും കേളിസൌധങ്ങളിൽ മദനരസ-
പ്രൌഢിപൂണ്ടാത്മകാന്തൈ-
രൊക്കത്തക്കെളിക്കും നവനഗരവധൂവി-
ഭ്രമോൽബ്ഭാസമാനാ
ലക്ഷ്മീമാതിൻകടാക്ഷദ്യുതിപടരുമൊരോ-
മന്ദിരശ്രേണിമേൽ നി-
ന്നക്ഷീണോൽഗച്ഛദുച്ചാവചമണിസുഷമാ-
ക്രാന്തരോദോന്തരാളാ. ൫.

'ആവിർമ്മോദം തൊഴാമോ മലരടി ? തിരുമുൽ-
പ്പാട്ടിലോ വീരരത്നം
ദേവേന്ദ്രാപത്യമിപ്പോളുടനവസരമോ-
മാട്ടേശാ'മെന്നിവണ്ണം

സേവാലൌല്യേന കണ്ടോരൊട്ടമൃതരപി മോം-
ദിച്ചു ചോദിച്ചുമമ്മാ!
പോവാളംകുത്തിനിൽക്കും നിഖിലനൃപതിസം-
പൂരിതദ്വാരഭാഗാ. ൬.

സുത്രാമാവിൻപുരത്തോടൊരുവിരുതുവിളിക്കും
പ്രഭാവോന്നതായാം
തസ്യാം ദൈത്യസംഘാനഴകിൽ മുതലറു-
ത്തുർവ്വരാഭാരഭ്രുതാൻ
സ്വസ്ഥാത്മാ കാമപാലോദ്ധവ വിജയമുഖാ-
ന്മാനയൻ മെന്മകൈക്കൊ-
ണ്ടസ്സാശങ്കംവിളങ്ങീ യദുകുലപെരുമാൾ
ദേവകീഭാഗ്യഭ്രുമാ. ൭.

ഗദ്യം ൧.—ഹര ഹര! ശിവ ശിവ! യദുകുലനാഥനൊ രാജ്ഞാശക്ത്യാ ധാത്രീചക്രം കാത്തരുളുന്നൊരു കാലവിശേഷേ വാരിധിചൂഴമൊരൂഴിയിലെങ്ങും ദൂരമധർമ്മകഥാപിമറഞ്ഞൂ ദാരിദ്ര്യത്തിന്നൊത്തീശിവശിവ! ദാരിദ്ര്യാദയമെത്രവിചിത്രം!, വർണ്ണാനാമൊരുലോപവുമങ്ങു പരപ്രത്യയവും പ്രകൃതിവിഭാഗവുമാശുനിപാതവുമൊക്കെ നിഗ്രന്ഥം വ്യാകരണത്തിലിരുന്നുപുലർന്നൂ ചിത്രംചിത്രംമിത്രവിനാശേ വലിയൊരുതെളിവും ദോഷാകരതജഡാത്മതമററുകലാക്ഷതിതാനും ബാലകഭാവേ കുടിലതയുംബത! യൌവനകാലേ വൃത്തക്ഷയവും വൃദ്ധതേപികളങ്കമിതെല്ലാം മറെറാരിടത്തും കാണ്മാൻ നഹിനഹി ചന്ദ്രൻതങ്കലൊഴിഞ്ഞുവിചാരേ, ചതുരതയോടേ നീളെനിരന്തര മത്ഭുതകല്പിതശില്പിവി

ശേഷം പുതുതായ് മുട്ടപ്പണിചെയ്യിച്ചുവിശുദ്ധിവരുത്തിന ദേവായതനശ്രേണികളിൽ ചില പൂജാഹോമനമസ്തുതിജാല മഹോത്സവ ലീലാകോലാഹലവും ചെവിപൊടിയുമ്മാറെ ന്നേരത്തും വാച്ചുമുഴങ്ങും വാദ്യധ്വനിയും തെളിവൊ ടുകത്തും മണിദീപങ്ങളുമഭിമതസിദ്ധ്യൈ നിഖിലജനാനാം നേച്ചകളുംചില വഴിപാടുകളും പാന്ഥജനാനാമാഗളമൃഷ്ടം ഭോജനദാനവുമല്ലേ ശിവശിവ!, വല്ലേൻപുകഴുവാനടവിതൊ രോന്നേ, സതതസമാഹിതദാനപരമ്പരകൊണ്ടനവേലം വേലാതീതപ്രമദം ചിന്തിന ഭൂസുരപംക്തികൾകാലേകാലേ കനിവൊടുചെയ്യും മഹിതമഹേഷ്ടികലാപരിതുഷ്ടനിലിമ്പ കദംബകകല്പിതവൃഷ്ടിഭിരവിരളരോഹൽസസ്യശ്രേണീഹരി- തനിചോളമണിഞ്ഞു സമൃദ്ധ്യാധരണീദേവിസമസ്തജനാനാ മിഷ്ടാത്ഥങ്ങളെ വടിവിൽവളത്തു വളത്തു ചമഞ്ഞുളവീഞ്ചിത ഭൂതിപ്രാചുരിതയ്യൈംഭൂമിസുരാദിജനങ്ങളുദൈഭ്രഷ്ഷൾ ഭാ ഗാദികളെ ക്രതുഭിസ്തു നിഖിലജനൈഘലനിർരഷൾഭാഗ ക രംകൊണ്ടു തദീയംപൂരിച്ചുശിവ! ഭണ്ഡാരാലയജാലമൊ രോന്നേ മാനമകന്നുവസിച്ചീലൊരുവൻ മാനകലാസു ചതി ച്ചീലൊരുവൻ മല്ലുന്തട്ടിനടന്നീലൊരുവൻ പല്ലുംകാട്ടിയിര ന്നീലൊരുവൻ ചെററുമകൃത്യംചെയ്തീലൊരുവൻ ചെററും കുരള് പറഞ്ഞീലൊരുവൻകുററമൊരുത്തനോതീലൊരുവൻ പരധനരാശികവന്നീലൊരുവൻ പരപരിവാദമിയന്നീലൊ രുവൻ സത്യംകിമപിവെടിഞ്ഞീലൊരുവൻ വ്യാധിപിടിച്ചു കിടന്നീലൊരുവൻ വ്യാജമിളക്കിനടന്നീലൊരുവൻ കിംകിം ബഹുനാ രാഗദ്വേഷം മാനസദോഷംഷഡ്വിമദ്ദനമത്ഥ നിരോധം ഗ്രദ്ധനിപീഡനമിത്തരമെല്ലാമൊരുവനൊടൊരു വൻ ചെയ്യുതിനോപ്പാൻ കിമപിതുടങ്ങുകപോലുംചെയ്തീലെ ങ്ങും,പെരുവഴിപംക്തിയിലാത്മകുടുംബത്തോടുംക്രുടിനടക്കും

നാനാദേശജപാന്ഥജനോൽകരമാരാദാരാദഭിമതഭംഗ്യാതീ-ത്ത്വകുളത്തൊരു വഴിയമ്പലനിരതന്നിലിരുന്നടനധ്വശ്രാന്തി തള്ളത്തളത്തും പുതിയതടാകശ്രേണിഷുമുങ്ങിത്താപമൊഴിച്ചുംമററുമൊരോരോ തണ്ണീർപ്പന്തലിലുരംപ്പൂക്കരികേ സുരഭിലപയസാ ദാഹംതീത്തും മാഗ്ഗമിയന്നൊഴമുട്ടകളിൽചെന്നാവൊളമാഗളളക്തികലൻറം പ്രത്യൂഹയാഞ്ചിതദേശങ്ങളിലങ്ങുല്ലാസത്തൊട്ടക്രുട്ടംക്രുടി പ്രമദഭരേണപറഞ്ഞുപുകണ്ണുനാരായണ ജയ! നാരായണ ജയ! ഭരതയയാതിഭഗീരഥദശരഥപൂരുപ്രഭൃതിപുരാണനൃപന്മാർ വാഴുംകാലവുമിത്തരമുള്ളൊരുപാലനചാതുരിപണ്ടുണ്ടായിലെന്നതുസൂദ്ധം മന്നിലൊരുത്തനമിന്നുംമേലില്ലുമെന്നുംതൊഴിലിതു വാരാന്തുനം, കനിവിന്നൊന്നാലെന്നേസുഖമേധന്ത്യാസ്ഥോവയമാതുര ലോകമഹാലംബത്തിനമേദുരഭാഗ്യവിലാസപയോധികത്ഥിതവിതരണകല്പകശാഖിക്കക്ഷീരസായന വിഗ്രഹശാലിയ്ക്കു വനീമണ്ഡലപൊന്നിൻമാലക്കൂരികുല കാനനവഹ്നിജപാ-ലന്നുംബുജനയനന്നായുബ്ബലമൊരുന്തുറായിരമാണ്ടിന്നുംനല്കിപ്പെരികിനവിജയവിഭാവമിയററിപ്പാലിക്കേണം പരദൈവതമേ! പരദൈവതമേ! യദുവീരാനപായമിന്നുംത്രിജഗതിമെന്മയിൽവാച്ചുജയിച്ചീടേണമിതെന്നുംപലതര മാശീവ്വാദാനാവതുചൊല്ലിയുമല്ലൽകളഞ്ഞു നിനച്ചനിലത്തുനിരസ്തഭയങ്കരമെന്നോരത്തും ഭാണ്ഡവിശേഷാനങ്ങോടിങ്ങോടിട്ടുകിടന്നുറങ്ങിയുമളച്ചെരുപചിതമോദം നിജനിജവീട്ടിലിതെന്നാകണക്കേ നാട്ടിൽനടന്നുസുഖിച്ചുപിലർന്നു. നന്നൊരപൂവ്വമിതാശ്ചയ്യത്തിലുമത്യാശ്ചയ്യം കമനീയത്തിലുമതികമനീയം കല്യാണത്തിലുമതികല്യാണം വാസ്തവമത്രേ വാഴ്ചകിൽനിയതം കീഴ്പെട്ടമത്രേ ശീഷ്പതിപോലും.

കാലേന്മിൻകോപിതന്ന്യാംപുരിധരണിസുരൻ
ജാതമാത്രാവനഷ്ടം
ബാലം കൈക്കൊണ്ടൊരുന്നാൾ വിരവിലുപഗതോ
വാസുദേവോപകണ്ഠം
മേലേമേലേ മികുംവേദനമനസിപൊറാ-
ഞ്ഞുള്ളരിഞ്ഞൊട്ടുവാവി-
ട്ടാലസ്യംപൂണ്ടുകേണാൻ പലതുമറിയുമാം
രുച്ചകൈരശ്രുശാലീ. ൮.

അന്നേരംചെററിളക്കീലഖിലമുടനറി-
ഞ്ഞീടിലുംകേശിഹന്താ
ഖിന്നാത്മാ സോപിപോയാൻ, മമപരമിതുദു-
ൎദ്ദൈവമെന്നാദ്വിജാത്മാ
പിന്നേയുംകേളിവണ്ണംജനനദശയിലേ
സംസ്ഥിതാസ്സപ്തബാലാ
നന്നോദൈവോപരോധം; യദുപുരിയിലിതെ-
ന്നങ്ങൊരന്ന്യായമാസീൽ. ൯.

നഷ്ടേഭ്രയോപിജാതേ ശിവശിവ! നവമേ
നന്ദനേസൂതികായാം
പെട്ടെന്നാദായ പേത്തുംവഴിയിൽ മുറവിളി-
ച്ചും തൊഴിച്ചും പ്രകാമം
കഷ്ടംകേൾകാഴ്ചയായ് വെച്ചഴകുടയനുവ-
ദ്വാരിമാലോകർമദ്ധ്യേ
നഷ്ടാശങ്കംപറഞ്ഞാൻ മുരമഥനനെനിൎ-
ഭത്സ്യഖേദാന്ധചേതാഃ ൧൦

ഹാ! കഷ്ടം! ദുഷ്ടരാംമന്നവർമദവിവശം
        വീതധൎമ്മംവിഭൂതൃ-
പ്രാഗത്ഭ്യംകാട്ടി വാഴുംദശയിൽവരുവതി-
        ല്ലാക്കുമേസൌഖ്യലേശം
ആകക്കാണിന്നുനിൻപാലനഫലമിതകാ-
        ലേമൃതാ ബാലകാ മേ,
ലോകേ ചെററകന്യമനോൎമ്മരണമപി പൊററാ-
        വിന്നെയല്ലോ ബഹൂനാം. ൧൧.

വല്ലാതേമാരമാൽപൂണ്ടനുദിനമരുകു-
        ന്നംഗനാകൊങ്കയിൽചേ-
ൎന്നെല്ലായ്പ്പോഴുംകളിക്കുംപ്രകൃതിശഠനറി-
        ഞ്ഞിട്ടുമോ ലോകതന്ത്രം?
നിർല്ലജ്ജംചൌൎയ്യവുംമാതുല,വൃഷ,വനിതാ-
        ഹിംസയുംമററിതെല്ലാ-
മല്ലോ പണ്ടേച്ചരിത്രം തവ,ഫലമതിനി-
        ന്നീദൃശം മാദൃശാനാം. ൧൨.

ലോകാനാംനാഥനെന്നൊന്തിനുബത! തെളിയു-
        ന്നുവ്യഥാനിസ്ത്രപംകേ-
ളേകന്യാംതപന്നഗൎയ്യാമൊരുധരണിസുരം
        ത്രാതുമത്രാതുരോനീ
ഹാകഷ്ടം! ഭാഗ്യമററുധരണിതലജുഷാ-
        മൊക്കയുംവിട്ടക്ക-
ല്പോകായിന്നൊരുഭ്രഷ്ടനാടനാവരുവതോ
        നാട്ടേക്കുംപ്രഭാവം. ൧൩.

പേർത്തുംബ്രഹ്മദ്വിഷൻ!നിർഘൃണനൊടുനിതരാം
നാണമില്ലാതനിന്നോ-
ടാർത്ത്യാഞാനായതെല്ലാമലറിമുറവിളി-
ച്ചീടിനാലെന്തുകാര്യം ?
തീർത്തുംചൊല്ലാമിതിൻകീഴ് പരവിപദി ദയാ-
ഹീനനായിട്ടുകണ്ടീ-
ലോത്താൽനിന്നെക്കണക്കെക്കഠിനമൊരുമഹാ-
പാപിയെപ്പാരിലെങ്ങും. ൧൪.

ഉഗ്രാനിൻധാർഷ്ട്യമുഗ്രാ,മമബത!തനയാൻ
കഷ്ടമേഴെട്ടുചത്ത-
ങ്ങഗ്രേകണ്ടിട്ടുമേതുംചരിതമിതുധരി-
ച്ചീലതാനെന്നഭാവം
ധിക്കൊള്ളിക്കോതവപ്രാഭവമിതുവെറുതേ
വീരനെന്നുള്ളനാട്യം
ദുഃഖേ ചെററന്യദീയേകുടിലമൊടധികം
ക്രൂരനാവാനെന്തുഞായം ? ൧൫.

ഗദ്യം ൨.—ഇത്ഥംതത്രധരിത്രീദേവേമൃത്തിനഖേ ദാൽ കൃതപരിദേവേ നഗരനിവാസികളൊക്കെക്കൂടിക്കിമി ദംകിമിദംപണ്ടൊരുനാളും കാണാതൊന്നിതുദേവനെനിന്ദി ച്ചിത്തൊഴിൽപറവാൻ നാവെഴമോപുനരൊരുവനഭൂവനേ ദുഃഖമിതേക്കാളിന്നമിവനൊന്നുണ്ടാവാൻവിധിയുണ്ടെന്നു വ രുംമിണ്ടായ്കാരും ദുഃഖമിതില്പരമുണ്ടാകേണ്ടുവതില്ലജഗത്യാം. ഹ്യഴെട്ടെററസപുത്രകമരണം കാണട്ടേപുനരൊരുവനതന്നേ ത്രിഭുവനനാഥനമേതുമിളക്കീലറിയരുതയ്യോ ചരിതമിതോ

ത്താൽ വാട്ടമകന്നൊരു ബലദേവാദികൾ ക്രുദ്ധാക്കാഞ്ഞതു മെന്തെന്നറിയാ പേവാൎത്തകളിതൊരോന്നോകേട്ടാ ലാവൊന്നല്ല പൊറുപ്പാനൊട്ടും. തിരുമനകാമ്പുധരിക്കാതേകണ്ടരുതല്ലോപുനരൊന്നുമിദാനീം ആണ്മെനടിച്ചിതുതരമിതു കഷ്ടം ബ്രാഹ്മണജാതിയൊടെന്തുനിനച്ചിതു ഭൎത്സിക്കിലുമൊട്ടപകൃതിചെയ്കിലുമച്ചിക്കേണംവിപ്രസമൂഹം കിംവാവിരമത നമ്മാലൊന്നിക്കണ്മായത്തിന്നകൃത്യംനഹിനഹി ചെറിയന്നോചില ഗോ ഗോപകുലം ദുരിതാൽ കാത്തതു മുരഹരനല്ലേ വശമല്ലാതൊരുമാഗധനിധനേ കുശൽനിൎമ്മിച്ചതുമുരഹരനല്ലേ ഗുരുപുത്രനെയും ദണ്ഡധരങ്കൽ വിരവൊടുവീണ്ടതു മുരഹരനല്ലേ കല്പദ്രുമമപിശിവശിവ!ഭൂമൌ കല്പിച്ചതുമിഹ മുരഹരനല്ലേ പലവുരുപണ്ടും വിവിധവിപത്തിഷുനലമൊടു കാത്തതുമുരഹരനല്ലേ തമ്മിലിവണ്ണം പലപലവാൎത്തകൾ സമ്മോദത്തൊടുരയ്ക്കുംനേരത്ത്രിഭുവനവീരശിഖാമണിമാലാശൌൎയ്യക്കട്ടശതക്രതുനന്ദനനഭിമാനോജ്ജ്വലനജ്ജനനപ്പോൾ കോപകഷായിതലോചനനായിക്കമെലൈശൌൎയ്യംകെവരുംകാന്തികലൎന്നവലക്കൈവിരൽകൊണ്ടിടയിൽ സുമുഖൻമുഹുരപി ഗാണ്ഡിവമൌൎവ്വീമഖിലസമക്ഷം പുഷ്കരനയനൻ കേൾക്കുമാറൊരു മേഘധ്വനിതഗഭീരാംവാചമിവണ്ണമവാദീൽ:—

കഷ്ടംകഷ്ടം ധനുഷ്മാനൊരുവനിവിടെ-
യില്ലെന്നുവന്നു സമക്ഷം
കാട്ടും മാനാവഭംഗം കിമപി ബത പൊറു-
ക്കാവതോ ശൌൎയ്യഭാജാം
പുഷ്ടശ്രീചേൎന്നലാവും പരമപുരുഷ കീ-
ൎത്തിക്കുമേതേന്നമയ്യോ!

തട്ടും കോട്ടം പിരട്ടിൽ തുടരുമരിയൊരു-
ന്ന്യായമോക്കും ദശായാം. ൪൬.

രാജ്യേ വണ്ണാശ്രമാണാം വ്യതികരരഹിതം
പാലനോല്ലാസമല്ലോ
രാജ്ഞാം ധമ്മംപ്രധാനം ഭരണമതിൽവിശേ-
ഷിച്ചു ഭൂവീസുരാണാം
വാച്ചീടും പുത്രശോകാകുലിതമൊരു മഹീ-
ദേവദീനപ്രലാപം
പാശ്വേ കേട്ടങ്ങിരിക്കുന്നതു പെരിയസുഖ-
ക്കേടു സംരക്ഷകാനാം. ൪൭.

ചെല്ലായ്കയോ മനസി ഭൂസുരപാലനം കേ-
ളല്ലേ പലക്കുമതു ദുഷ്കരമാകയോ താൻ
വല്ലാത്ത പാഴ്മൊഴികൾ കേട്ടു സഹിച്ചിരിപ്പാൻ
വില്ലാളികൾക്കൊരുമ നന്നിതു വൃഷ്ണിയൂനാം. ൪൮.

ഘോരാവമാനമിയലും പൊഴുതുള്ളിലേറ്റം
പാരുഷ്യരീതി തുടരാത്ത നരാദധീരാൽ
നേരേ ചവിട്ടുമളവ തലയിൽ കരേറും
ഭൂരേണു നൂനമൊരു മാനപദം ത്രിലോക്യാം. ൪൯.

ലോകവ്യാപത്തിതീത്തീടിന യദുപെരുമാൾ
വാസുദേവന്നുമിപ്പോ-
ളീക്കഷ്ടം പാത്തുകണ്ടാലിതു വലിയൊരു-
ദുഷ്കീത്തിയായ് ത്തീന്നുകൂടും
ശ്രീകൃഷ്ണൻപിന്നെ രക്ഷാവ്രതമിയലിന്നനാ-
ളിഞ്ചുപഞ്ചാത്മജന്മാ-

രാകെച്ചുറ്റത്തങ്ങൊട്ടങ്ങീതൊരു ധരണിസുര-
ന്നൊന്നുകേൾക്കുംദശായാം. ൨൦.

എന്നാൽ നിൽക്കങ്ങെതെല്ലാമിനിയൊരു തനയൻ
മേലിലുണ്ടാകിലീഞ്ഞാ-
ന്നോ രക്ഷിച്ചിട്ടന്നുണ്ടതുഹൃദി സുഖമേ
വിശ്വസിച്ചാലുമിന്നീ
എന്നുംകേൾ പാർത്തിടങ്ങാനിതിനിഹ പരമാ-
ചാര്യനർദ്ധേന്ദുചൂഡൻ
തന്നാണാപ്പാണ്ഡവോയം പരമതിനൊരു ഗാ-
ണ്ഡീവമേ ബന്ധുവേണ്ടൂ. ൨൧.

ഇതിഗദിതഗിരം മഹേന്ദ്രസൂനം
മദഭരമേദുരമാനസം തദാനീം
അധികമമുമധിക്ഷിപൻ ദ്വിജന്മാ-
വിധുരമഭാഷത ശോകഭിന്നമർമ്മാ. ൨൨.

എന്നേ ഭോഷാ! പൃഥാനന്ദന! ചെറുതുവൃഥാ
ഡംഭിളക്കീട്ടകെന്നോ
തന്നെത്താനോർത്തുവേണം വിരുതുകൾ പറവാൻ
വീര്യഭാജാം സമാജേ
ഇന്നിശ്രീകൃഷ്ണസങ്കർഷണശിനിതനയാ-
ദ്യേഷു തിഷ്ഠത്സുകഷ്ടം
നിന്നാന്യം മൂഢ! നീയോ മമ വിപദമിമാം
തീർത്തു രക്ഷാപ്രദാതാ. ൨൩.

‘ആൾപോരും കൃഷ്ണനെക്കാളഹ’മിതി തവ സ-
മ്മോഹമുണ്ടെങ്കിലും കേൾ

നീ പാലിച്ചീടുമസ്യാം വിപദി നിയതമെന്നി-
ല്ലൊരാസ്ഥ്യം ക്ഷണം മേ.
ഹി ഭോഷാ! നില്ലുനില്ലെന്നുദിത ബഹുവിധാ-
ക്ഷേപമ ക്ഷോണിദേവം
കോപാവേശാൽ കിരീടി മറുവൽതടവി ര-
ണ്ടാമതും വാചമൂചേ. ൨൪.

നീ കേളീമാ മറിഞ്ഞീലവനിസുരപശോ!
സാത്യകിന്നാസ്തി സത്വം
ഹി ഹി! നൈവോന്മദാത്മാ മുസലധരനുമ-
ല്ലന്യ വൃഷ്ണിപ്രവീരാഃ
ലോകാനാം നാഥനംഭോരുഹനയനനുമ-
ല്ലിത്രിലോകൈകവീര-
ശ്ലാഘാവാനർജ്ജുനൻ ഞാൻ തവ ചെവികളിൽ വ-
ന്നീലയോ മൽപ്രഭാവം. ൨൫.

ഏകം കേട്ടാലുമെങ്കിൽ ചരിതമിതു ജഗ-
ദ്വിശ്രുതം മാമകം നീ
ശ്രീകൈലാസേ പുരാ ചെന്നൊരുപൊഴുതു തപോ-
രീതിതേടും ദശായാം
ലോകാധീശൻ പരീക്ഷിപ്പതിന ഭയകരംപൂണ്ടു
കൈരാതവേഷം
വേഗാൽ പോരിന്നെതിർത്താരളവു സരഭസം
ഞാനുമൊന്നാഞ്ഞണഞ്ഞേൻ. ൨൬.

നാരാചശ്രേണികൊണ്ടത്തിരുവുടലഖിലം
മൂടിനേൻ ദപ്തചയദ്ധോ

ഘോരേ മംഗല്യസൂത്രക്ഷതിഭയമഗകം-
ന്ന്യസ്ക്കമേകീടിനേൻ ഞാൻ
പോരാതോ മൽഭുജാവിക്രമസരണികൾക-
ണ്ടേററമാനന്ദിതാത്മാ
നേരേതാൻ വന്നൊട്ടക്കത്തെയി! മമഭഗവാ-
നസ്ത്രമേകീ പിനാകീ. ൨൭.

ഊക്കോട്ടതീത്ത ശരകൂടഗൃഹത്തിലുൾപ്പു-
ക്കാക്ഷിവ്യ ദ്ദൂരമമരേശ്വരവൃഷ്ടിപീഡാം
വാഴുന്ന ഖാണ്ഡവവനം ദഹനൻദഹിച്ചു
സൌഖ്യേന പണ്ടതുമൊരജ്ജുനബാഹുവീൎയ്യം. ൨൮.

വൃത്രാന്തകന്നുമൊരു പേടിവളത്ത ശൌൎയ്യം
മെത്തും നിവാതകവചാസ്സുരവൈരിവീരാഃ
കത്തും മഹാസ്ത്രദഹനാച്ചിഷി പാററപോലെ
ചത്തീടിനാരതുമൊരജ്ജുനബാഹുവീൎയ്യം. ൨൯

വായ്പാന്ന ഗോഗ്രഹണകമ്മവിധാതുമൊക്കെ-
ക്കോപ്പിട്ടുകൊണ്ടൊരു വിരാടപുരേസമേതം
കേൾപ്പീലയോ തുടവിറച്ചുഴൽപൂണ്ടതയ്യോ
ഭീഷ്മാദിസൈന്യമതു മജ്ജുനബാഹുവീൎയ്യം. ൩൦

ക്ഷോണീന്ദ്രമണ്ഡലവിജിത്വര യാജ്ഞസേനീ-
പാണിഗ്രഹാദി വിവിധാത്ഭുതവിക്രമോഷ്മാ
മാനീ കിരീടി മതിയല്ലൊരു ഭൂമിദേവ-
ത്രാണത്തിനെന്തു ചിരിയാം തവ വാൎത്തകേട്ടാൽ. ൩൧.

നിശമയത ജനൌഘാസ്സാമ്പ്രതം മൽപ്രതിജ്ഞാം
ദ്വിജശിശുമിഹ പാലിച്ചീലയെന്നാകിലീ ഞാൻ
അചലിതധൃതിഭൂത്വാ ഗാണ്ഡിവം വില്ലുമമ്പും
ഭൃശമുടലിതു വഹ്നേനരാഹുതിം സംവിധാസ്യേ. ൩൨.

ശ്രുത്വാ കിരീടിവചനം ദ്വിജവര്യനപ്പോൾ
വിശ്വാസമുള്ളിലുടനേ സുതരാം പുലമ്പീ
അയ്യോ പലക്കുമിതു നിർണ്ണയമാം വികല്പം
നിശ്ശങ്കിതം ചിലവരഃചാവിഭവങ്ങൾ കേട്ടാൽ. ൩൩.

വിധായാശീർവാദം വിവിധമഭിനന്ദൻ ദ്വിജവരോ
ജഗാമസ്വാസ്ഥാത്മാ മുരരിപുമനാലോക്യഭവനം;
തതോ പൂർണ്ണേ ഗർഭേ പുനരപി ച കാലേന ലഘുനാ
സമാനൈഷീൽ ത്രാതും സപദി കൃതസന്ധം സവിജയം ൩൪

ദൃഷ്ട്വാ സംപൂർണ്ണഗർഭാം ദ്വിജവരഗൃഹിണീം
ഗാണ്ഡിവം ചാപമഗ്രേ
പൃഷ്ഠാദ്ഭോഗം കുലച്ചുപ്പുരമഗ്രുരുമന-
സ്മൃത്യ മുഗ്ദ്ധേന്ദുചൂഡം
യുക്ത്യാ ദിവ്യാസ്ത്രസംയോജിതശരനികരൈ-
സ്സൂതികാപഞ്ജരം തീ-
ർത്ഥാശാദത്തദൃഷ്ടിസ്ഥിതവിശിഖധര-
സ്തത്ര തസ്ഥൌകിരീടീ. ൩൫.

ആക്രന്ദം വിപ്രപത്ന്യാഃപ്രസവഘനരുജാ
കേട്ടുകേട്ടങ്ങിരിക്കെ-
ക്കേൾക്കായീ സൂതികായാമതികരുണ മൊരാ-
ർത്തിപ്രലാപം വിശേഷാൽ

ഭാഗ്യാബ്ധേ! ഫൽഗുനാ! സാമ്പ്രതമുടലൊട്ടു ക്രൂ-
ടക്കുമാരം കൃതാന്തൻ
പാക്കെത്താൻ കൊണ്ടുപോയാൻ വിരവിനൊടയി!
കാക്കേണമെന്നിപ്രകാരം. ൨൰

ഗദ്യം ൨.—തദനു ധരണിദേവോയമുന്മസ്തകാധിജ്വരം കൊണ്ടൊരുന്മത്തകതാപംകലൎന്നെടാ: ദുൎജ്ജനാഗ്രേസരാ! പാപിയാമൎജ്ജുനാ! മൂഢ മത്യന്തവാചാലമിന്നിന്നെ വിശ്വസ്യപാത്രങ്ങളിരുന്നിട്ടഹൊ! ബാലദേഹത്തെയുംകൂടി മൽപാട്ടുകാണ്മാനെനിക്കിങ്ങുകിട്ടീലയല്ലോ. തവഭ്രാന്തിവാക്യങ്ങൾ കേട്ടന്ധനായെത്രകഷ്ടം! മഹാരാജനാംവാസുദേവങ്കലും ചെററനാസ്ഥാംകലൎന്നേൻ കുരുപ്രൌഢസന്താനപൂൎണ്ണേന്ദുതന്നുള്ളിൽമെത്തുന്നപുത്രൻകളങ്കോദയാല്ലുൎമ്മേ! കഷ്ടമങ്ങെന്തുകല്പിച്ചുനീസന്ധചെയ്തുപുരാ. പാൎവ്വതീകാന്തസമ്മോദനാവിക്രമാഭോഗവും പാൎത്ഥീമംഗലോദ്വാഹവും വിശ്വഭൂപാലഹേലാജയപ്രൌഢിയും നീയുമിന്നിപ്പുരംതീയിലാകെന്നതേ വേണ്ടതുള്ളൂ ദൃഢം. കഷ്ടമെന്തിന്നുഞാൻ മററുകണ്ടോരെ മിഥ്യാപഴിയ്ക്കുന്നതയ്യോ! ജഗൽക്ഷേമദാക്ഷിണ്യവാനാം മുരാരാതിതാനങ്ങിരിക്കെത്തനിഭ്രാന്തനന്ധൻ മഹാപാപവാചാലനത്യന്തനശ്രീകരൻ മൂഢനാത്മപ്രശംസാപരൻ നാണമില്ലാതപാഴ്ക്ലീബമിന്നീമദംകൊണ്ടിളക്കുന്ന പേവാക്കുകേട്ടഞ്ജസാവിശ്വസിച്ചോരുഞാനല്ലയോ ഭോഷനാകുന്നതിന്നിപ്രഭോരന്തികേചെന്നു മത്സങ്കടം ഞാനുണൎത്തുന്നനേരത്തുഹാ! നാണമുണ്ടായ്‌വരാതോ ജഗൽത്രാണപാരായണനാശ്ശുനാരായണന്നസ്മദീയാത്മജാനല്പതാപത്തെഞ്ജസാ ചത്തുകണ്ടിട്ടുമുള്ളിൽകൃപാപൂരമേതും പുലൎന്നാഞ്ഞതില്ലും മാമകം

കമ്മദോഷം. ജഗത്സ്വാമിയെച്ചെന്നു മോഹാന്ധനായാവ തെല്ലാംപഴിച്ചേനതും മാമകം കമ്മദോഷം. മഹാവീരനായോരുനീയും മമത്രാണകാൎയ്യത്തിനാണേങ്ങാരുനേരത്തു നിസ്സാരനായ്പ്പോയതും മാമകം കമ്മദോഷം. പറഞ്ഞങ്ങിവണ്ണംകരഞ്ഞും പിഴിഞ്ഞും കരംകൊണ്ടുമാറത്തലച്ചുംതൊഴിച്ചും വശംകെട്ടുമാൽപെട്ടതേ ചൊല്ലുവാനാവതല്ലേതുമേ.

അന്നേരം കണ്ണരന്ദ്രേ കടുകനൽചൊരിയും-
വണ്ണമുവ്വീസുരൻതൻ-
നിന്ദാവാണീം ചെവിക്കൊണ്ടുടനടനിളകും-
കോപമന്ദാക്ഷശാലീ
ഖിന്നാത്മാ കൃത്യമോഹം ക്ഷണസമയമിയ-
ന്നാശു ഗാണ്ഡീവധന്വാ
ധന്യാമാസ്ഥായ വിദ്യാം പ്രസഭമഭിയയൌ
സജ്ജ കോദണ്ഡധാരീ. ൩൦.

'നേരേപോയ്ച്ചെന്നു വൈവസ്വതമണിനഗരേ
വിപ്രസൂനും മദഗ്രേ
പാരാതേകൊണ്ടുവാ'യെന്നവനൊടധികമുൽ-
ഘോഷയന്നുഗ്രരോഷം
പാരം പേടിച്ചിതെന്തെന്നഴൽപെരിയ കൃതാ-
ന്താജ്ഞയാ സംയമന്യാ-
മാരാഞ്ഞാവോളമെങ്ങും നിരഗമദകൃതാ-
ത്ഥോഥ ഗാണ്ഡീവധന്വാ. ൩൧.

മേനകാദി സുരസുന്ദരീമൃദുലഹാസ-
ചന്ദ്രകരശീതളേ
വാനിലും ഝടിതിചെന്നു തത്ര പിതരം
പ്രണമ്യ സുരനായകം

മാനശാലി പുനരഗ്നിസോമവരുണാ-
ലയേഷു ച വിമാൎഗ്ഗയൻ
ദീനധീരനുപലബ്ധവിപ്രതനയോ
ജഗാമ ഭുജഗാലയം. ൩൯

ആൎത്തിപൂണ്ടുഭുജഗാധിരാജവചസാ
വിചിത്ര്യപരിതസ്തദാ
പാൎത്ഥനങ്ങുരഗനാട്ടിലെങ്ങു മനവേക്ഷ്യ
ഭൂസുരകുമാരകാൻ
പേൎത്തുമന്യഭുവനാന്തരേഷു ച വിമൃഗ്യ
പോന്നു മതികെട്ടുടൻ
പ്രാപ്തുമഗ്നിഭഗവന്തമന്തരഥനിശ്ചിനായ
ധൃതിമാനസൌ. ൪൦

എല്ലാംകൊണ്ടും പിണ്ണഞ്ഞു പെരുകിയൊരുസുഖ-
ക്കേടിതെന്നോൎക്കുമെന്നും
നില്ലുജ്ജം ചെന്നുസവ്യാമുരഹരനൊടുണ-
ൎത്തുന്നതില്ലിപ്രമേയം
എല്ലാം മാലോകർവാചാ മമ കഥ തിരുവു-
ള്ളത്തിലേറീട്ടുമെന്ന-
ങ്ങുല്ലാസംപൂണ്ടൊരുമ്പെട്ടിതു ഹുതവഹപാ-
ത്തായ ഗാണ്ഡീവധന്വാ. ൪൧

അന്നേരംവിശ്വസാക്ഷീചരിതമിദമറി-
ഞ്ഞമ്പിലാഗത്യവേഗാ-
ലെന്തെന്താണൎജ്ജുനാ ! മൽപ്രിയസഖ ! വെറുതേ
സാഹസം ചെയ്യൊലാനീ

എന്നും ഞാൻ പൂരയിഷ്യേ കുരുവര! തവസ-
ന്ധാമിമാമെന്നുതാന്നേ-
ത്തന്നേകസ്ഥൽപിടിച്ചു നിരുപമകുഹനാ-
ദേശികൻ കേശിഹന്താ. ൪൨

ദൈത്യാഭിമാഥിഭഗവാനഥശൈബ്യസുഗ്രീ-
വാദ്യൈരുദൂഢമധിരുഹ്യരഥം തുരംഗൈഃ
സാൎദ്ധം പുരന്ദരഭുവാ ജഗദേകനാഥഃ
പ്രീത്യാ സ വാരുണദിശാഭിമുഖോ നടന്നു. ൪൩

പുഷ്ടാമോദം തദാനീം ത്രിഭുവനപെരുമാ-
ളത്ഭുതദ്വീപസംഘാൻ
പെട്ടെന്നാക്കീൻ കടന്നാനഴകിലുപഗത-
ശ്ചക്രവാളം ഗിരീന്ദ്രം
എട്ടാശാചക്രമൊപ്പം തിമിരകബളിതം
കണ്ടൊരന്ധംഭവിഷ്ണോ
ജിഷ്ണോ സസ്മാരഗൃദ്ധസ്മിതമധുരമുഖ-
ശ്ചക്രമുഗ്രാനുഭാവം. ൪൪

വിശപദ്രോഹം വളൎക്കും വിബുധരിപുശിര-
ശ്ശേദലീലാഭിരന്നു-
ന്നുച്ചൈരുൾച്ചേൎന്നു ചിന്നും നവരുധിരകണാ-
ശ്രേണികാ ശോണധാരം
ഉച്ചക്കാലത്തെഴും ഭാസ്കരതുലിതമഹോ-
രുദ്ധദിക്ചക്രമയ്യോ!
തുച്ഛക്രം പോന്നു കാണായിതു മുരരിപുതൻ
കൈത്തലാന്തേ തദാനീം. ൪൫

സദ്യസ്തസ്യസുദർശനസ്യ,മഹസാമത്യന്തദുർദ്ദർശനൈഃ
പ്രസ്താരൈർദ്ദിനനിർവ്വിശേഷമഭിതോ ദീപ്തേദിശാമണ്ഡലേ
ഗത്വാദീർഘമനേകയോജനശതം തേജോനികായംപുരോ
മദ്ധ്യേ കഞ്ചനകണ്ടരുദ്ധനയനസ്തത്രാസ പാർത്ഥോദ്ഭുതം. ൪൩

ഉൽപ്പേടിപൂണ്ട വിജയം പരിഗൃഹ്യ പാണൌ
കെല്പോടമേയമഹിമാ വസുദേവജന്മാ
ഉൾപ്പൂക്കുകാരണജലേ ബഹുവിസ്മയാഢ്യാം
തസ്മിൻവ്യലോകയത കാമപിരാജധാനീം. ൪൪

ഗദ്യം ൪.—അഥതസ്യാംഖലുപരിസ്ഫുരൽ സ്ഫാടികവൈ
ഡൂർയ്യമേഷ്ടകാചിതസാഹസ്രപരിഖായാം വിശങ്കടോത്തുംഗഭ്രമാ
ഗ്രരുദ്ധരോദോരന്ധ്രമണിഗോപുരവ്രാതസാധീയസ്യാം വിത
തകനകവളഭീനിർവ്യൂഹപര്യങ്കസുഖനിവിഷ്ടകീരപാരാവതാദി
പഠ്യമാനഭഗവൽസ്തോത്രഗാഥായാം വിചിത്രശാതകുംഭസ്തം
ഭസഹസ്രപ്രത്യുപ്തനാനാവിധാനർഘരത്നപ്രഭാകല്പിതാഖണ്ഡ
ല കോദണ്ഡഷണ്ഡമണ്ഡിതമണിമണ്ഡപാദ്ധ്യാസീന ഭ
ക്തജനതാ പ്രസ്തുതസ്തുതികോലാഹലമുഖരിതഹരിന്മുഖാ
യാം തതഃതോ വിവിധവിധുരാവ്യഗ്രവൈകുണ്ഠവിലാസി
നീചരണ സഞ്ചരണ ഝണഝണായമാനമണിമഞ്ജീരമഞ്ജു
ശിഞ്ജിതവാചാലിതായാം വിമലശീതള സലിലാഭിരുന്മദകള
ഹംസകാരണ്ഡവചക്രാംഗാദി പതംഗകുലമുഖരിതാകുലാഭിഃ
കേളീമജ്ജനാവഗാഢവിലാസിനീ പയോധരതടാസ്ഫാലനജ
ർജ്ജരിതവീചിമാലാഭിർദ്ദിവ്യസരസീഭിരുപശോഭിതായാ മഖി
ലവിസ്മാപകശില്പചാതുര്യ്യാം മഹാപുര്യ്യാം, നേത്രാഭിരാമ

കരകൌശലശാലിന്യാസസ്ഥാനമണിമണ്ഡപേ സമുദ്വൃത്ത
വികടാരുണവിലോചനപരമ്പരാദാരുണ വക്ത്രസഹസ്രം
കരാളക്രൂടദഹനജ്വാലാവീചിമേചകപ്രചണ്ഡ കണ്ഠമണ്ഡ
ലം പരിതഃപ്രസരന്ത്യാ നിജദേഹകാന്ത്യാ സകലദിക്ഷു വ
ലക്ഷതാദ്വൈതമാപാദയന്തം തുഹിനാചലമിവമഹാന്തമ
നന്തം ഭദ്രപീഠീകൃത്യ സന്നിഷണ്ണമുൽഭാസിതം ഫണാസ
ഹസ്രമുക്താതപത്രച്ഛായയാ വിച്ഛുരിതകാർത്തസ്വര കിരീടഭാ
സ്വരമഹോത്തമാംഗം അഭിനവകാശ്മീരകല്പിതോർദ്ധ്വപു-
ണ്ഡ്രമണ്ഡിതലലാടമണ്ഡലം ചരാചരമയവിശ്വക്ഷേമദീ
ക്ഷിതഭ്രൂവല്ലരീ മതല്ലികം അപാരകരുണാമൃതാകൂപാരകൂലം
കഷവിലോചനപാതശീതളീകൃതസമസ്തഭക്തലോകം കർണ്ണാ
കലിതമകരകുണ്ഡലപ്രഭാപരിസ്ഫുരൽകപോല മണിദർപ്പണം
ശരദിന്ദുകാന്തികന്ദളീഗളഗ്രഹവ്യഗ്രമന്ദസ്മിതമകരന്ദവിന്ദു സു
ന്ദരമുഖാരവിന്ദം ബഹളപരിമളവാസിതപര്യ്യന്തഭ്രമ്യാസകല
മപിഭഗവദംഗം വിരാജയന്ത്യാപ്രാലംബവൈജയന്ത്യാചഗഭ
സ്തിജാലകലിതനഭസ്തിരോധാനേന കൌസ്തുഭേനമണിരാജേ
നചനിരതിശയശോഭാപക്ഷ്മളേന ശ്രീവത്സലക്ഷ്മണാച വി
ഭ്രാജമാനമഹോരഃസ്ഥലം പ്രലംബകമനീയദുഷ്ടാസുരനിഷ്പാ
പനഭുജാഷ്ടകം പ്രതിനവപീതാംബരപിനദ്ധ വികടകടിതടം
മഹിതകാഞ്ചനകാഞ്ചിതുലാകോടികടകാംഗദവിഭൂഷിതാംഗം
നവാംബുദ കദംബകവിഡംബനാലംപടകാന്തിരിഞ്ചോളതാ
പിഞ്ജരിതാന്തരിക്ഷ കുക്ഷിപുടം ത്രിഭുവനനൈർദ്ധന്യമുഷ്ടിന്ധ
യദൃഷ്ടിലീലാവിഷ്ടംഭിതപുഷ്കരാവിഷ്കൃതലക്ഷ്മ്യാചമഹാലക്ഷ്മ്യാ
മധുരലാവണ്യധോരണീകബളിത ഭുവനഗർഭയാദേവ്യാചരതാ
ഗർഭയാ സനൽകുമാരസനകസനന്ദാദിഭിശ്ചമുനിവൃന്ദാരകൈര
ത്ഭുതസ്വമൂർത്തിധരൈശ്ച ചക്രാദിമഹായുധൈരധിക്ഷിപ്ത

കനകകേതുദണ്ഡസിംഹാസനസുഖനിഷണ്ണേന ഗഗനതല വിസ്തൃതപക്ഷപുടദ്വന്ദ്വകാഞ്ചനകായമാനപ്രച്ഛായസുഖിതഭക്തസഞ്ചയേന പ്രാഞ്ജലിനാ ശകുന്തരാജേന ച നിഷേവ്യമാണം മഹാംബുരാശി മിവ നിശ്ശേഷഭുവനാധ്യാസിതോദരമനന്തഭോഗി സംസ്ഥാനഞ്ച പാരിജാതമിവ വിഹിതസുമനോഭരണം പാദഭാജാം സന്താപഹാരിണഞ്ച തുഹിനാചലമിവ മുനിനിഷേവിതപാർശ്വഭാഗം മഹേശ്വരഗുരുഞ്ച വ്യാകരണാഗമമിവ രൂപാവതാരദർശിതതദ്ധിതകർത്തൃകാരകഭേദം ഗഭീരവൃത്തിം ച പരമാനന്ദമിവ സ്വാന്തസ്സതാവാസ സരസ്വന്തം ജീവനഭരണതടിത്വന്തം ഭക്തജനദോഷാപഹതിപ്രത്യൂഷം വിരാജമാനമപി സുരാജമാനം വിദ്യാകരമപ്യവിദ്യാകരം ജനാർദ്ദനമപി ജനാശ്രയം ത്രിവിക്രമമപ്യസംഖ്യവിക്രമം മഹാപ്രഭാവം പ്രഭൂണാം പ്രഭും പരമേശ്വരം മഹാവിഷ്ണുമവലോക്യ നിരതിശയഭക്തിസന്താനസന്ദാനിതമാനസൌ സംക്രന്ദനനന്ദനന്ദനൌ സാഞ്ജലിപുടമവന്ദിഷാതാം.

ഇത്ഥം വിശ്വേശ്വരം തം തിരുവുടലുരഗാ-
ധീശഭദ്രാസനസ്ഥം
പ്രത്യക്ഷം കണ്ടു നത്വാ മുഹുരപി നരനാരാ-
യണന്മാർ തദാനീം
ഭക്ത്യാ സേവിച്ചുപാന്തേ പരിചൊടു തൊഴു-
തുംകൊണ്ടു നില്ക്കും കുമാരാ-
നത്യാനന്ദേന പേർത്തും ഗുരുതരമകമേ വി-
സ്മയം പൂണ്ടു നിന്നാർ. ൪൮

ത്രിഭുവന പെരുമാൾ തന്നാനനാംഭോജമദ്ധ്യാ-
ലുദിതരുചി പുറപ്പെട്ടുദ്ധമാധുര്യസാരാ

അത്രപൊഴുതരുളപ്പാടെന്ന പേരായ പുത്രൻ
മധുഝരി പെരുമാറീ കൃഷ്ണയോ കർണ്ണരന്ധ്രേ. ൪൯

സ്വസ്ത്യസ്തുവാം പ്രമുദിതോസ്മി ചിരായവത്സൌ
സദ്യസ്സമാഗമനകാരണമിങ്ങറിഞ്ഞേൻ
നിധ്യായ തദ്വിജശിശൂനിഹ പത്തുമേതാൻ
പ്രത്യേകമുജ്ജ്വലമഹോമഹനീയദേഹാൻ, ൫൦

കണ്ടായം മാമകീനം പുനരിതു യുവയോ-
രുർവ്വരാപാലനശ്രീ-
ധർമ്മോല്ലാസം പരീക്ഷിപ്പതിനു മരികിലും
കാണ്മതിന്നും ഭവന്തൌ
ചെമ്മേ ഞാൻ കൊണ്ടുപോന്നു ധരണിസുരസുതാ-
നിന്നിയൊന്നിച്ചമീഭിഃ
സംപ്രാപ്യൌ രാജധാനീമതുളക സുഖമാ-
തങ്കഭാജാം പ്രജാനാം. ൫൧

നിർദ്ധാര്യ്യം മററു കാര്യ്യാന്തരമപി പരമം മൽ-
ഗിരാ ഭൃതധാത്ര്യാ-
മുദ്വേലം മേലിലുണ്ടാം കലിപരിഭവമെ-
ന്നാലതെല്ലാം നിഹന്തും
പൃഥ്വ്യാം സംസ്ഥാപ്യബിംബം മമമഹിതതരം
കാലകർമ്മപ്രതിഷ്ഠൌ
സിദ്ധാത്മൌ നിങ്ങളാഗച്ഛത മിഹ വിരവിൽ
പ്പോന്നു മത്സന്നിധാനേ. ൫൨

ഗിരമിതി സമുദീര്യ്യ തൽകരാഗ്രൈ-
രരികിൽ വിളിച്ചുപഗൃഹ്യ കൃഷ്ണപാർത്ഥൌ

ധരണിസുരസുതാൻ ദദൌ തദാനീം
പരിചൊട്ടു പത്തിനെയും ത്രിലോകനേതാ. ൩൨

കൈക്കൊണ്ടു ദിവ്യസുകുമാരതനൂൻ കുമാരാ-
നഗ്രേ വിഭോരനമതഃ കരുണാവലോകൈഃ
തൃക്കാക്കൽവീണു വിടയും തൊഴുതും കരേറി
സവ്യാസമം മണിരഥോപരി ശാൎങ്ഗധന്വാ. ൩൩

ഭൂമീദേവകുമാരകൈസ്സഹതദാ മൽ-
പാട്ടു നില്ലംഘിതാൻ
പാർമേവീടിന ഭൂവിഭാഗനിവഹാ-
നാക്രമ്യവേഗാദസൌ
സാമഗ്ര്യേണ പൊതിഞ്ഞ വിശ്വജനതാ-
രുദ്ധാസ്യദസ്യന്ദനഃ
ശ്രീമദ്വാരകനോക്കിമന്ദമെഴുനള്ളീ
ഹന്ത നാരായണൻ. ൩൪

സരസമഖിലലോകസ്വാമി ലക്ഷ്മീമണാളൻ
പരിചിനൊടെഴുന്നള്ളും മുൻപിലേ വന്നകാരണ്ഡ.
ഹര ഹര! മഹനീയാം ദ്വാരകാ രാജധാനീം
ചെറുത്തുവെത പുതുക്കീ പാഞ്ചജന്യപ്രണാദം. ൩൫

ഗദ്യം. ൫.— ഹര ഹരെ! ശിവ ശിവ! അഖിലാധീശനെഴുന്നള്ളുംപൊഴുതണിപുകഴ്ചേരും ദ്വാരാവതിപുരിതന്നിലുലാവും കോലാഹലമതു വാസ്തവമത്രേ വാൎത്തരുതേതും പുരവരമൊക്കെ നിരക്കയടിച്ചുണങ്ങഭിനവഹിമസലിലേഷ്ടുകലക്കും മൃഗമദപങ്കംകൊണ്ടുതളിച്ചപ്പൂമധുമൊഴിമാർ വരിയിട്ടുഴകൊട്ടുമെഴുകിത്തീർന്നു ചത്വരവീഥികളരയർ പെ

രുന്തെരുവാപണശാലനടക്കാവുകളും ദേവായതനശ്രേണിക
ളോരോഭൂസുരഭവനം മന്ത്രക്കെട്ടുകൾ ചന്തപ്പുരനിര വേ
ശ്യാഭവനം മണിമണ്ഡപനിര ലീലാമന്ദിരമെന്നിവമീതേ
മുത്തുപ്പന്തൽ നിരക്കനിരക്കക്കീഴെട്ടുഴകൊടു പൂംപട്ടുകൾ
കൊണ്ടത്ഭുതമാം ചില പാവാടകളും കപ്പൂരത്തിരിയിട്ടു
സലീലം കനകവിളക്കുകൾ നിരവേവെക്കയുമരികേനീളേ
കനകപ്പറകളിൽ മണിനിരകൊണ്ടും വെള്ളിപ്പറകളിൽ മു
ത്തരികൊണ്ടും നിറപറവെച്ചു കൂട്ടക്കൊട്ടും നാനാവിധ
മാം വാദ്യധ്വനിയുംപവനവിലോളിത കനകപതാകാചും
ബിതചാരണമാൎഗ്ഗമൊരോന്നേ തോരണജാലം നീളെ നി
വിൎത്തുംപറവാൻ പണിപണി കുതുകമൊരോന്നേ നഗരി
യിൽ മേവിന പൌരപുരോഹിതമന്ത്രധുരന്ധരസേവകനാ
യകനൎത്തകപാഠകവാമനകുബ്ജകിരാതാദികളും വിവിധ
വണിക്ജനമാപണികന്മാർ ഭൂസുരരും ചില പെണ്ണത്തിക
ളും ബാലന്മാരുംവൃദ്ധന്മാരുംചതുരാംഭോനിധിവലയിതയാമി
ക്ഷിതിയിലുലാവും ക്ഷത്രിയരും ചില സാമന്തന്മാർ മാ
ണ്ഡലികന്മാർ എന്നിവരൊക്കെ ത്രിഭുവനനാഥനെ വ
ന്ദിപ്പാനാവലു ദൂരെച്ചെന്നും പാൎത്തും തമ്മിലൊരോരോ
വാൎത്ത പറഞ്ഞും പലനാൾകൂടിക്കണ്ണിൽ പുണ്യം ഫലി
തമിദാനീമെന്നോ ഭാഗ്യം നിഖിലജഗൽപതി തന്നെക്കാ
ണാഞ്ഞെത്രദിനംപോരും പുനരിനാമത്തൽപ്പെട്ടുന്നു ഗ
മനോദന്തമിതെന്തൊരു കഷ്ടം! കണ്ടീലെന്നോ മുറവു മറി
ഞ്ഞു ഗംഭീരധിയാംചരിതങ്ങൾക്കൊരുയുമ്പുണ്ടോ ബത
കിട്ടീടുന്നു ഫലധരനോടും ചെറവുപറഞ്ഞിലലമലമിത്തൊ
ഴിലെന്തൊരു കഷ്ടം! തീൎത്തു പറഞ്ഞിതു പാൎത്ഥനില്ലുള്ളോ
രു വാത്സല്യോദയമത്രേ നൂനം നിഷ്ഫലവിശേഷമതീതമിദാ

നീമഗ്രേ തിരുമ്മൈ കാണാമല്ലോ മലശ്രവില്ലിൻമധുരിമ വെല്ലുംകുന്ന ചില്ലികളും കാണാമല്ലോ മകരകുണ്ഡലകാന്തികദംബം പാകിന്നകവിളിണ കാണാമല്ലോ ശുകതുണ്ഡത്തോടു പകതങ്ങീടും തിരുനാസികയും കാണാമല്ലോ ശാരദശശധരബിംബംപോലെ ചാരുമുഖാബ്ജം കാണാമല്ലോ വനമാലികയുംകൌസ്തുഭമണിയുംതിരുമാറഴകുംകാണാമല്ലോ നിഷ്ഠൈതവമിഹകോമളലളിതം തൃക്കൈരണ്ടും കാണാമല്ലോ കായാമ്പൂനിറമമ്പിനപൂമൈ മായാപേതം കാണാമല്ലോ പലരുമിവണ്ണം വിവിധമനോരഥരീതികൾപൂണ്ടുപറഞ്ഞുരസിച്ചു തെളിഞ്ഞുമിരിക്കെ മെല്ലാകാമുകനെഴുന്നള്ളീടിന കനകമണിത്തേർ ബാഹ്യോദ്യാനം പ്രാപ തദാനീം.

അന്നേരം തേരകംപുക്കളു ഝടിതി നട-
ക്കാവിലാമ്മാറുകാണ്മാ-
നെന്നപ്പാ! രണ്ടുപാട്ടും കലിതരുചിപകം-
ത്തങ്ങുകൂടീ ജനൌഘം
തന്വീവർഗ്ഗങ്ങൾ പൊന്നിൻതറകളിൽ നിരവേ
മെയ്യണിഞ്ഞുംകരേറീ
വർണ്ണിക്കാവല്ല കോലാഹലമിതു ശിവനേ
തൽക്ഷണം ദ്വാരകായാം. ൩൧

മുരരിപുഭഗവാനും തേരിൽനിന്നങ്ങിറങ്ങീ
കരകമലതലഞ്ചേർത്തുജ്ജനാംസേ സലീലം
ധരണിസുരകുമാരൈരന്വിതോ മന്ദമന്ദം
പരിചിനൊടെഴുന്നള്ളീ കോമളാഭ്യാംപദാഭ്യാം. ൩൨

മുത്തുപ്പന്തൽക്കുതാഴെ നിറമിളകിന്ന
പൊന്നിൻതലപ്പന്തലൂടേ
പുത്തൻപൂവാടമേലേ മൃദുമൃദുപദ-
വിന്യാസഭംഗ്യാ ചരന്തം

13437

മദ്ധ്യേ വാസ്സൽപുതച്ച്വാദരവൊടുസവിധേ
സേവകോലും ദ്വിജാനാം
ചിത്താനന്ദം മനോജ്ഞസ്മിതമെഴുമരുള-
പ്പാട്ടുകൊണ്ടുദധാനം. ൯൯

ആരാൽ നിന്നാസ്ഥയാ സാത്യകിപവനസുത-
ന്മാരിടത്തും വലത്തും
നേരേ വീയുന്ന വെഞ്ചാമരമൃദുലമരുൽ-
പ്പോതധൂതോത്തരീയം
ആരോമൽക്കൈത്തലാന്താശ്രിതവലമഥനാ-
പത്യമല്പസ്മിതംചെ-
യ്താരോലീലാകടാക്ഷൈരിടയിലിടയില-
മ്പോടു സംഭാവയന്തം. ൱

ചൊൽപ്പൊങ്ങും മാഗധാനാം ജയജയനുതിയും
ഗൽഗദംഭക്തിഭ്രമ്നാ
വിപ്രാണാം മംഗലാശീർവ്വചനവുമരികേ
കേട്ടു. ജാതാനകമ്പം
ഉൽപന്നപ്രീതികാണ്മാനഹമഹമികയാ
വന്നതിക്കിത്തിരക്കി-
ക്കെല്പോടേചൂഴുമോരോ ജനതതിയെദ്ദൃശാ
പാർത്തുപാർത്താജിഹാനം. ൱൧

ഈടേറും പീതപട്ടാംബരകലിതമണീ-
മേഖലത്തുമണംചെ-
യ്താടീടും വൈജയന്തീലളിതവിപുലദോ-
രന്തരം ബന്ധുരാംഗം

പാടേതോൾക്കലടിഞ്ഞീടിന മകരമഹാ-
കുണ്ഡലം കൺകുളക്കെ-
പ്രൌഢാഭോഗം ജനൌഘാദദൃശുരഭിനവം
കംസഹന്താരമാരാൽ. ൱൨

പ്രീത്യാഹർമ്മ്യാധിരൂഢാ നഗരതരുണിമാർ
കണ്ടുരത്നപ്രതോളീ-
വീഥ്യായാന്തം മുകുന്ദം നെറിതടവിന-
പൂവാടമേലേ സലീലം
പേർത്തും വ്യാകീര്യ മുക്താഞ്ജലിമണിചികുര
പുഷ്പബാണപ്രഹാരൈ-
രാർത്താഃ ശൃംഗാരചേഷ്ടാകലവികളെ
വളർത്തീടിനാർ പാടുപാടേ. ൱൩

ബാലാ ബലാദഭിമുഖേ കമലാസഹായേ
നാലഞ്ചു പത്തുമറി കാചന കാമഖിന്നാ
ആലോലകങ്കണമുദഞ്ചിത ബാഹുമൂലാ
വ്രീളാകുലാ തിരുകിനാ ളണികേശപാശം. ൱൪

കസ്യാശ്ചിദംബുജദൃശോ ഭഗവദ്വിലോകേ
നിശ്വാസപംക്തികളനംഗരുജാ വളർന്നു
നിസ്സീമമോഹമപരാ മൃദുലാംശുകത്തിൻ-
മദ്ധ്യേ ദധാര മണമേന്തിന പുഷ്പമാലാം. ൱൫

പെട്ടെന്നു നൂപുരമണിഞ്ഞിതു തൻകരത്തി-
ന്നൊട്ടൊട്ടൊരുത്തി കടകം പദതാരിനന്യാ
കഷ്ടം വിമോഹമൊരു പൊന്നടഞാണുകൊണ്ടു
കെട്ടീടിനാൾ കമനി കാചന കേശപാശം. ൱൬

ഉല്ലാസമാൎന്നിവനെ മാറിലണച്ചു ഗ്രൂഢം
മല്ലീശരപ്പടയിലൊന്നു പുണൎന്നതാവൂ
മെല്ലേ കപോലഭുവി പാണിയുഗേനതാങ്ങി-
ക്കല്യാണവക്ത്രമലരൊന്നു മുകൎന്നതാവൂ. ൭

കുറിക്കൊണ്ടു നോക്കുന്നതെന്മേനിതന്നോ
ചിരിക്കുന്നതും കൃഷ്ണനെന്നോടുതന്നോ
വരിക്കണ്ണിമാർ തന്മനക്കാമ്പിലപ്പോൾ
പരിഭ്രാന്തിഭേദങ്ങളേവം വളൎന്നു. ൮

ഏവം കാരമൊരോരോമനോരഥശതാ-
രൂഢം മഹേളാജനം
പ്രേമസ്നിഗ്ദ്ധവിലോകനൈരിടയിടേ
നിൎമ്മായമുന്മാദയൻ
പാൎമുട്ടേ പൊടിയുന്ന വാദ്യനിനദ-
പ്രോദ്യജ്ജനാഡംബര-
ശ്രീമദ്ഗോപുരകത്തിനിലമ്പിനൊടകം-
പുക്കു ജഗന്നായകൻ. ൯

ചേണേലും മന്ത്രിമുഖ്യാനപി മഹിമതകും-
ബ്രാഹ്മണാൻ പൌരലോകാ-
നാനമ്രാൻ ധൎമ്മജന്മാദികളെയുമരികിൽ-
ച്ചേൎത്തു സംഭാവ്യമെന്മേൽ
താനേ വൃത്താന്തമെല്ലാരൊടുമുടനറിയി-
ച്ചുജ്ജ്വനേന ത്രിലോകീ-
പൂണാരം താൻകൊടുപ്പിച്ചിതു മഹിതതരാൻ
വിപ്രഹസ്തേ കുമാരാൻ. ൧൦

ആസ്ഥാനംപൂണ്ടാത്മബന്ധാനധിതകുതുകമാ-
ദായമോദേന ചാടും
നേത്രാംഭോഗൽഗദാളിവിതതിഭിരനഘ-
ഗ്ല്യാശിഷാമായതെല്ലാം
ധാത്രീദേവേ നികേതം ഗതവതി നിജകം
ജിഷ്ണുനാ ചേന്നോരന്തഃ
സ്വാസ്ഥ്യം കൈക്കൊണ്ടുരേമേ മുരരിപുജഗതാം
നേത്രപീയൂഷധാമാ. ൭

സാകം വിചിന്ത്യ വിജയേനസ ശാർങ്ഗധന്വാ
നാഗാസന പ്രതികൃതി പ്രണിധാനയോഗ്യം
ഭൂഭാഗമമ്പിനൊടറിഞ്ഞുവരേണമെന്ന-
ങ്ങാഹൂയ കിങ്കരമുവാച സുദക്ഷിണാഖ്യം. ൮

ധീരാത്മാസൌ തദാനീം കഴൽ തൊഴുതു പുറ-
പ്പെട്ടു നിർമ്മായരമ്യാ-
നോരോരോ ഭൂവിഭാഗങ്ങളെ വടിവിനൊടാ-
ലോക്യ വേണ്ടുംപ്രകാരം
നേരേ നിർദ്ധാര്യ സർവ്വം വിരവൊടു തിരുവുള്ള-
ത്തിലേററീടിനാൻ ചെ-
ന്നാരാദാനമ്യ നാരായണനൊടു നരക-
ദേ്വഷിയോടുള്ള വണ്ണം. ൯

കേൾക്കേണം തമ്പിരാനേ! ജയ ജയ! തിരുവു-
ള്ളത്തിലേറാത്തതെന്തോ-
ന്നോക്കുമ്പോളിത്രിലോക്യാം തദപി ച കഥയേ
ഞാനറിഞ്ഞേടമെല്ലാം

ഊക്കേറും ത്വൽപ്രസാദാലവിടെയവിടെമാലോ-
കരാൽ മംനിതോ ഞാ-
നാക്കം ചേൎന്നാഴിചൂഴെദ്ധരണിയിലുടനെല്ലാ-
ടവും ചെന്നു കണ്ടേൻ. ൨൭

ജഗതി മുഹുരഖണ്ഡ പൎയ്യടന്നേഷകണ്ടേൻ
ഭൃഗുപതി പരികല്പ്തേ മണ്ഡലേ കേരളാഖ്യേ
പുകഴുംപെരുകിന മാന്ധാതാവിനാ ലാഹിതശ്രീ-
മഹിത ഗിരിശബിംബം ചിത്തരമ്യം പ്രദേശം. ൨൮

നിത്യ പ്രസന്നമുരരീകൃതരാജഭാവം
നത്വാ ജഗത്ത്രയഗുരും തിരുനിലകണ്ഠം
തത്രത്യ ഭൂസുരനിഷേവണ കൌതുകീ ഞാൻ
വിസ്മൃത്യ കൃത്യമവിടെച്ചിലനാൾ വസിച്ചേൻ. ൨൯

നവനവമംഹനീയഗ്രാമ സൽ ക്ഷേത്രപൂൎണ്ണാ-
നവിഹതഗതി പശ്യൻ കേരളക്ഷോണിഭാഗാൻ
അവനിസുരഗഭീരാഭ്യന്തരേ ഹന്ത ചെന്നേൻ
വിവിധഗുണസമഗ്ര ശ്രീരവിഗ്രാമദേശേ. ൩൦

തത്രാഗ്രഹാരേ ച വസൻ ദ്വിജാനാം
പൂൎണ്ണാത്രയീ ഭാതി സദാ മുഖേഷു
തേനൈവ സന്തഃ കിലതം പ്രദേശം
പൂൎണ്ണത്രയീനാമക മാമനന്തി. ൩൧

മുഖ്യേതസ്മിന്നകംപുക്കതിമഹിതമഹീ-
ദേവസേവാരസംകൊ-
ണ്ടക്ഷീണാനന്ദശാലീ കതിപയദിവസം കൌതു-
കീ ഞാൻ വലഞ്ഞേൻ

ത്രുക്കാലാണേതെളിഞ്ഞു മമമനസി ത്രലോ-
മെങ്ങുമേ ഹന്ത കണ്ടീ-
ലഗ്രം പൂൎണ്ണത്രയീസന്നിഭമിനിയ മഹാ-
സ്ഥാനമുൎവ്വീതലാന്തേ. ൯൯

ഇത്ഥമമ്പൊടു സുദക്ഷിണോക്തമുപകൎണ്ണ്യ
കൎണ്ണമധുരം ത്രലോ-
മൂരംതെളിഞ്ഞു ജഗദേകനാഥനഭിനന്ദ്യ
സാദരമുദാരധീഃ ,
ബദ്ധരാഗമുരഗാസന പ്രതികൃതിം നി-
ധാതുമവനീതലേ
വൃത്രവൈരിസുതമാദിദേശ മൃദുഹാസ-
സാന്ദ്രമുഖചന്ദ്രമാഃ. ൱൦

തൽക്ഷണേന കപികേതനോപി ശിരസാ
പ്രഗൃഹ്യ ഹരിശാസനം
വിക്രമാംബുധി സുദക്ഷിണേന സഹദക്ഷി-
ണേന കലിതോദ്യമം
സത്വരം മുനിജനങ്ങളോടുമൊരുമിച്ചു-
കൊണ്ടു പുകളംചേൎന്നപൂ-
ൎണ്ണത്രയീ മഹിതദേശമൻപിനൊടവാപ-
സംഭൃത കുതൂഹലം. ൱൧

ആത്തസംഭ്രമകുതൂഹലം തദാ
സാത്വികാഃ സകലഭൂസുരേശ്വരാഃ
പാൎത്ഥസന്നിധിമവാപുരാസ്ഥയാ
ശ്രോത്രിയാ നിഖിലശാസ്ത്രപാരഗാഃ ൱൨

ഗദ്യം ൯.—തദനു തദാനീം മുരരിപുബിംബപ്രണിധാനോത്സവമവനീചക്രേവാത്തനടന്നു ചതുരംഭോനിധി വലയിതയാമിക്ഷിതിയിലുലാവുംദ്വിജവരമഹിതഗ്രാമങ്ങളിലൊരു ഘോഷംകൊണ്ടുടനെന്നേഭാഗ്യം കൎമ്മമിഃതാൎത്താലത്യാശ്ചൎയ്യം കാണണ്ടേതൊരുരാജൎഷികളിതു ചെയ്തിട്ടുണ്ടോസംശയമെന്തിനു പണ്ടുകൃതേകിലമാന്ധാതാവിനു രാജൎഷിക്കൊരു ശാംഭവബിംബസ്ഥാപനകൎമ്മം ലക്ഷ്മീഗ്രാമേ യോഗംവന്നു പറയാവല്ല രവിഗ്രാമത്തിൽ ഭാഗ്യവിലാസം പാൎക്കിലിദാനീം പൊന്നും പണവും കോരിത്തൂകീട്ടാരംഭംപോലെന്തിഹസങ്കടമളകേശനൊടൊരു തിറമേടിച്ച ധനഞ്ജയനല്ലേ കല്പിക്കുന്നതു കോളേപുനരതു നൂനമിതിന്നൊരു സാരഥിയായതു സാരസനയനൻ പോകവിരഞ്ഞുടനവിടെച്ചെന്നാൽ മഹിതമുനീനാംപ്രൌഢസമാജേ വേദജപത്തിനു കൂട്ടന്നേരം ചങ്ങതചെമ്മേവശമായീലുടനെങ്കിലുമെളുതിതു കലശജപത്തിനു കൂടിക്കൊള്ളാം കലശം കലശമിതെന്നു ജപിപ്പാൻകൊള്ളാംനമ്മേ പഞ്ചാക്ഷരിയും ചൊല്ലരുതാതോരോത്തന്മാരൊടുകൂടച്ചെന്നാൽ ചാത്തുംന്തുനംപോരിക വേണ്ടൂ കില്ലില്ലിതിനു മഹാദാനത്തിൽ കൂടിക്കൊണ്ടാൽ വേണ്ടതുകിട്ടും കേട്ടില്ലേതാൻ വലിയവിശേഷം ധൎമ്മതനൂജൻ മുമ്പിൽച്ചെയ്തൊരു യാഗത്തേക്കാളാഘോഷംപോലശനക്കോപ്പുകൾ കേട്ടീലല്ലീ പനസക്കന്നുകൾ മനസാവാചാതീൎന്നിട്ടുള്ളതു പത്തമ്പതുപോലാജ്യഘടാവലി കൊണ്ടുനിറഞ്ഞൂ രാജ്യമശേഷം ദധികുംഭങ്ങളിൽ നിറവേവെപ്പാനുദധികളിൽ ചില തട്ടുകളിട്ടേ മതിയാവൂപോൽ ക്ഷീരത്തിൻ വരവാശ്ചൎയ്യംപോൽ ക്ഷീരപയോധികൾ തീൎപ്പാൻപോലേ ചാഞ്ഞുപഴുത്തു പഴുത്തുമെഴുത്തൊരു ചിങ്ങൻകുലകളസം

ല്യാതംപോൽ ആനക്കൊമ്പുകൾപോലേ ചിലചില തടി
യന്മാരവർ പത്തിരുന്നൂറൊരുപോലേ വന്നാണിപത്രപുട
ത്തിൽ ചാട്ടന്നേരത്തിത്രസുഖംപുനരൊന്നിനുമുണ്ടോ ഭോജ
നമേററമെട്ടത്തുകൊണ്ടു വിളയ്ക്കുവളംപോലെന്നേസുഖ
മേ ധന്യാസ്സോവയമിത്ഥമൊരോരോവാത്ത്പറഞ്ഞുണ്ടാഢ്യ
ത്തൊപ്പിയു മഴകിയ കുടയും ചങ്ങലവടിയും ഗ്രന്ഥക്കെട്ടും
കീയും നടയും കുടവയറുംപൂണ്ടോരോവഴിയേ വിരവൊടുവ
ന്നു വിഗതകളങ്കം ദ്വിജവരസംഘം മീശക്കൊമ്പുകളോശ
ക്കോപ്പും കാതും കുരുകനിര കൈനഖശില്പം കണ്ണാടികളും
കണ്ഠേവരയും പൊൻകെട്ടീടിന പിച്ചാങ്കത്തികൾ വേശ്യാ
മോഹനയന്ത്രവിശേഷം വെള്ളവെളെവിലസുംപൂണൂലും ചി
ല തൊട്ടുകുറിമേളവുമിത്തരമോരോ ഭംഗികൾപൂണ്ടു മുറിപ്പ
ട്ട്യങ്ങൾ മുരണ്ടുരസിച്ചും കണ്ണിൽകണ്ടൊരു പടലുവലിച്ചുതി
രുമ്മിത്തരമേ തിലകമണിഞ്ഞും വെള്ളക്കണ്ണാടിയിലനുവേ
ലം നോക്കിക്കണ്ടും കണ്ഠതലത്തിൽ വരച്ചുസലീലം വെള്ളം
തേച്ചിടയൊക്കെവിടത്തും വെള്ളംചെറുകുടനുതകീടായ്കിൽ
ത്തുപ്പൽപിരട്ടീട്ടിടയിൽ നനച്ചും കിമപിമറിഞ്ഞുകുഴഞ്ഞു
വിരണ്ടക്കൺമുനകൊണ്ടുമയററിമയററിയുമംഗനവനഖപ
ദരേഖകൾ നോക്കുന്നേരം കാണാഞ്ഞിട്ടങ്ങരിശപ്പെട്ടു കളത്ര
ത്തൊട്ടുരു വിജനേപുക്കുവിലക്ഷണമായ് ച്ചില കൈനഖമു
നകൊണ്ടൊക്കെവലിച്ചുപൊളിച്ചുചമച്ചും പലതരമിത്ഥം
ജളതകൾകാട്ടും കാമുകനിവഹവുമഴകൊടുവന്നു പ്രതിഭാവി
ഘടിനി വിമതോച്ചാടിനി വിശ്വവശംകരി ശത്രുഭയങ്കരി വ
നിതാമോഹിനി കനകാവാഹിനി മന്മഥസംഗ്രഹമനുഭവമ
ന്ത്രം ജ്വാലാമാലിനി ലീലാശാലിനി പഞ്ചശതാക്ഷരി വഞ്ച
നസാക്ഷിണിയിത്യാദികൾ മന്ത്രങ്ങൾജപിച്ചങ്ങുതുമിതുമുടനേ

സാധിക്കാമെന്നതിചടുലം ചില വെടികളിളക്കിത്താനേമാ
ലോകൎക്കുവരുന്നാപത്തുതാൻ കല്പിച്ചുവരുത്തുകയെന്നൊല്ലാരോടും
ഘോഷിച്ചുംകൊണ്ടാനമ്പ് ഭോഷ്കുകളൊക്കെനിറപ്പാൻമാനി
ച്ചുള്ള കടാഹംപോലേ വസ്ഥിയുമായിക്കഞ്ഞിപ്പുടവകയപ്പി
ച്ചുംകൊണ്ടാഢ്യത്തൊപ്പിയുമാട്ടിച്ചോരുകിലുക്കൻവടിയും മാ
ലോകൎക്കസഹിക്കരുതാതൊരു വാനാററംകൊണ്ടൊക്കെവി
തച്ചും സൌഭാഗ്യാകരമായുഷ്യകരം സൌന്ദൎയ്യപ്രദമഖിലാ
കൎഷണമംഗവിജൃംഭണമനുഭവസാരം വൃഷ്യവരിഷ്ഠംപോഷണ
യന്ത്രം കശ്നയന്ത്രം മേളനയന്ത്രം വിഘടനയന്ത്രം മററുമൊ
രോരോ യന്ത്രശ്രേണികളെഴുതിച്ചേൎക്കും ഗ്രന്ഥക്കെട്ടും കൈ
ക്കൊണ്ടുടനേ മുപ്പത്തുനാല്പത്തുപരികൎമ്മികളും ചുമടുചുമന്നിട്ട
മ്പത്തുകയ്യുരുമൊക്കത്തക്ക ക്ഷോണീപാലഗൃഹങ്ങളിലഭയമണ
ഞ്ഞും കൊട്ടത്തേങ്ങയശേഷം ചുട്ടുമടിച്ചും ചുട്ടിത്തേവാങ്കോ
ന്നും ചുണ്ടെലി മായൂരശിഖാ ഞാഞ്ഞൂളിത്തരമൊക്കത്തക്കവെ
റുത്തു പൊടിച്ചോരു ചുടലഭസ്മം മേളിച്ചതുകൊണ്ടഴകൊടുമ
ഷിയുണ്ടാക്കി വിശുദ്ധം ഭുവനവശീകരമെന്നുംചൊല്ലിപ്രഭുജല
ജനത്തിനു ദത്വാ പൊന്നുംപണവും പച്ചേതന്നോ ഝടിതി
ധൂളിപറിച്ചും പെരികെപ്പെരികെബ്ഭ്രള്ളുംകാട്ടിക്കൂണി.ച്ചുഴകൊ
ടുമോന്തായത്തൊടുമുട്ടിനടന്നും ശ്രീകരഹോമം ഭൂകരഹോമം
ഭീഷണഹോമം മോഷണഹോമം സംഹൃതിഹോമം മേളന
ഹോമം വഞ്ചനഹോമം രഞ്ജനഹോമം മാരണഹോമം ദ്വേ
ഷണഹോമം മററുമൊരോരോഹോമംകൊണ്ടുവിലക്കിച്ചെ
ങ്ങും ഭ്രാന്തുമുടിക്കാമെന്നുംചൊല്ലി ബ്ഭ്രാന്തന്മാരൊടണഞ്ഞ
ക്കണ്ണുമടച്ചോരുഭസ്മസ്നാനം ചെയ്യുന്നേരത്തലറിക്കൊണ്ടവര
ടിയൊപ്പിച്ചോരു പുൺവട്ടുവെല്ലാം മറെറാന്നാക്കിമറിച്ചു പ
റഞ്ഞും വെററിലതിന്നപ്പാക്കചവാളും ഉപ്പൽതെറിപ്പിച്ചാ

ഹാ ഹ്ഹായെന്നു ചിരിച്ചങ്ങാനപ്പൊളികളിളക്കിയ മുപ്പൈരു
വൃശ്ശിതന്നെവശത്താക്കുവതിന്നിന്ദ്രനിയോഗാൽ തേരുംകൊ
ണ്ടിഹ മാതലിവന്നു പോയീലിഞ്ഞാനെങ്ങിനെപോവൂ കാ
ലംപോരാഞ്ഞിങ്ങുഴലുന്നു വാചസ്പതിതാൻപഴകിപ്പോമ്പോ
ൾവേദനയുണ്ടാകാതോ വൃദ്ധന്നൊന്നൊരുധർമ്മം ചിന്തിച്ചത്രേ
മാറിക്കൊണ്ടു പൌലോമ്യാദികൾ നിൽക്കട്ടേ ദൃഢ മീഷൽ
ദ്ധ്യാനംകൊണ്ടേലക്ഷ്മിമഹേശ്വരി ഭാരതിയെന്നല്പമരത്തൈകെ
ക്കൊണ്ടപരയുമധുനാ വേണ്ടുകിലിവിടെപ്പുരിയത്താക്കുവനി
ല്ലവികല്പംബ്രഹ്മാമുന്നംതേടിയയപ്പാൻ സമ്മതമോർത്തിട്ടവി
ടെച്ചെന്നിട്ടക്കാലത്തൊരുരക്ഷാകലശവുമാടിയതിഞ്ഞാൻ ദ
ക്ഷാരാതിപരശ്വധമേററിട്ടുകൊണ്ടും ചാകാഞ്ഞുപോ
ലെന്നുജനങ്ങൾപുകണ്ണീടുന്നു കല്പനയുണ്ടുപിറന്നാൾതോറും
പത്മജനിന്നുംമംഗലകലശം പാർവ്വതിയും പണ്ടെന്നെക്കൊ
ണ്ടൊരുമേളനഹോമംചെയ്യിച്ചത്രേഹരനൊട്ടുതിരുവുടലർദ്ധം
പററീ ത്രിപുരവധത്തിന്നുകഴിവില്ലാഞ്ഞത്ത്ര്യംബകവചസാ
സംഹൃതിഹോമംചെയ്യേനിഞ്ഞാൻ മൂന്നേമുക്കാൽനാഴിക
കൊണ്ടന്നൊരുപിടിവെണ്ണീറായിതശേഷം ഗരളംപണ്ടുകുടി
ച്ചൊരുനാളും പാർവ്വതിയുംപണ്ടേനോതാനേ മംഗലസൂത്രവി
ഭംഗഭയംകൊണ്ടന്നൊക്കൊണ്ടൊരുനാല്പത്തുദിവസം മൃത്യുഞ്ജ
യവുംചെയ്യിപ്പിച്ചു പലതരമേവം ഡാംഭികമുദ്രനടിച്ചീടും
ചിലമാന്ത്രികസംഘം തെരുതെരെവന്നു പലകമെലൊക്കെ
പ്പുരലുകൾവെച്ചുപരൽപ്പേരിന്നൊരു ബാധവരാതേകാട്ടുക
യാച്ചിലപേരുകളിട്ടും പ്രശ്നംവെച്ചും ചെറുതുപറഞ്ഞും പ
ഞ്ചമമുടയവനന്ന്യേപോയീ ഗുരുവുണ്ടവിടെസ്ഥിതിചെയ്യുന്നു
ആയുസ്സുള്ള ചെറുക്കൻപെറുകിൽ സന്തതിയെന്നതുനിസ്സന്ദേ
ഹം പാപഗ്രഹമുണ്ടഷ്ടമരാശൌ തദധിപനും ബത! രിപ്ഫേ

പ്പുള്ള സങ്കടമായൊരു കാലമിദാനീമെങ്കിലുമായുസ്സററീലെ
ങ്കിൽ ജീവിക്കും ചിലദിവസമിതെന്നും ജാതകമോൎത്തുവരുത്തു
ന്നേരം കേസരിയോഗം കാസരയോഗം വിഗ്രഹയോഗം ദ്വി
ഗ്രഹയോഗം മസ്കരിയോഗം തസ്കരയോഗം ബന്ധനയോഗം
നിൎദ്ധനയോഗം ശൂലായോഗം മാലായോഗം കമലായോഗം
വിമലായോഗംമററുമൊരോരോയോഗംകൊണ്ടു തെളിഞ്ഞു പ
റഞ്ഞും പിന്നെച്ചിലകുറി തീൎത്തുപറഞ്ഞൊരുവാക്കുകളെല്ലാം
ഝടിതിപിഴച്ചും പ്രശ്നച്ചാൎത്തുകൾ നാഴികവട്ടക നാരായവുമ
ച്ചീനക്കണ്ണും പരൽപയ്യൂററയുമൊരോലക്കെട്ടും കൈക്കൊണ്ടു
ച്ചൈരപശബ്ദത്തിലപസ്വരമിശ്രം ജ്യാക്കളെമുഴുവിട്ടിടയിട
യിൽച്ചില ഭാഷാഭേദ്യവുമുഴുവിട്ടൊക്കപ്പെരലുനിരത്തിയുമെണ്ണി
യുമിടനേക്കുട്ടിയുമാളുനിരത്തിയുമിടയിൽച്ചില ചില ഭാഷാഭേദം
തങ്ങൾമുരണ്ടും ചെറുതുവരച്ചും പണിപ്പെട്ടൊക്കസ്റ്റടതവരു
ത്തിപ്പാൎക്കുന്നേരം പിഴയായ്ക്കണ്ടുമനസ്സുംകെട്ടു ചിരങ്ങുംനെ
ള്ളിക്കാണുന്നോൎക്കുതനിഭ്രാന്തന്മാരെന്നുനിതാന്തം തോന്നി
ച്ചീടും ഗണകകദംബം പലവഴിവന്നു ഭൂതിശ്രീചേൎന്നാത്മ
സ്വാമിനമാശ്ശുപിടിപ്പിച്ചാദരവോടുകൊടുത്തരുളും ചില ക
ല്ലുളയും ചിലപട്ടുകൾതൊപ്പികൾകുപ്പായങ്ങളു മഴകിലണി
ഞ്ഞുപടയ്ക്കുമിടയ്ക്കുനെന്മയ്ക്കും ബഹുമെന്മനടിച്ചുമ്മാനേന്മി
ഴിമാർമനമലിയിക്കും ഭംഗിവളൎക്കും ചേവകരുംപോന്നഴകൊ
ടുവന്നു "ക്രൂവാ! നല്ലവിശേഷം കേൾക്കണമച്ചുതനിവിടെയ്ക്കേഴ
നാളീപോൽ വേടന്തന്നോടുചുത്തംപൊരുതുചയിച്ചവനല്ലേ
നല്ലചരീരം. കാണിമുയിപ്പില്ലാത്തകരുത്തൻ ഴങ്ങാതീകേൾ
നായിമ്മെക്കിന്നവനെന്നുണ്ടോ പാക്യം നന്നൊരു പകവാ
നെപ്പോലുണ്ടാകുന്നു നമ്മുടെനാട്ടിനു നല്ലതുവന്നു തപശി
കൾ നല്ലതരത്തിലനേകം വന്നിട്ടുണ്ടപ്പോകവിരഞ്ഞു പ്രാ

മ്മർചപിക്കയുമോത്തുകയുംചിലർ പൂശിക്കയുമക്കോപ്പുകൾ
കാണാം പോശനമെല്ലാം പരിശായ്പ്പോലും പൊന്നും പ
ണവും പ്രാമ്മക്ക്രേ ചോറുനമുക്കുംകിട്ടുംചെന്നാൽ നല്ലപുളി
ച്ചുതുക്കുട്ടിയുരുട്ടിമിണുങ്ങി മിണുങ്ങിത്തെരുതെരെ വയറു നിറ
ക്കാമല്ലേ"പലതരമേവം വാൎത്ത്പറഞ്ഞുകൂവടിയേന്തിക്കു
റുമാരൊട്ടുകൂടിക്കൊണ്ടു മുരംപക്കയ്യെരുമമ്പൊട്ടുവന്നു.

രാമശ്രീസേതുവിന്നും പെരിയ സുരനദി-
ക്കുംകലേശാക്ബിംബ-
ശ്രീമെത്തും ഗോത്രയുഗ്മത്തിന്നമിടയിലകം-
ത്തുള്ള നാനാജനൌഘം
സാമഗ്ര്യംപൂണ്ടു വന്നു ശിവശിവ! ഹരിബിം-
ബപ്രതിഷ്ഠാനകർമ്മ-
ശ്രീമാഹാത്മ്യങ്ങൾകാണ്മാൻ പുകൾപെരുകിനപൂ-
ർണ്ണത്രയീ പുണ്യഭൂമൌ. വൃന്ദ.

ദണ്ഡകം— തസ്മിൻമഹോത്സവവിശേഷേസമസ്തജന
മുൾപ്രീതിപൂണ്ടുവിളയാടീ ധരണിസുരർക്കൂടീ സുരവിടപി
ഘാടീ നവകുസുമനിക്കരമുടനമരജനകരകമലസമുപഹൃത
മധിധരണി ചാടീ ജാബാലിമുഖ്യമുനിജാതങ്ങളൊക്കെന്നിഗ
മാഘോഷമമ്പൊട്ടുതുടങ്ങി ജനതതിമുഴങ്ങീ ജയനുതികൾ
പൊങ്ങീ ജപവിധികൾമഹിതഹുതകലവികളുമഴകിനിതു
ജഗദഖിലമൊളിവൊട്ടുവിളങ്ങീ മാത്രാധികംകിമപി വാൎത്താ
വത്തോവിവിധവാദ്യപ്രഘോഷമൊലികൊണ്ടു മഹിമകൾ
തിരണ്ടു ഖലജനമിരണ്ടു മഹിതതരസുകൃതഫലമനുഭവി
ത്തുമഴകിനൊട്ടുസകലജന ഹൃദിപൊഴുതുകൊണ്ടു അമ്പുറ

മാന്ത്രികജനംമന്ത്രതന്ത്രവിധികൎമ്മങ്ങൾചെയ്യതിനാണഞ്ഞു അഘലതതിമുടിഞ്ഞു സുഖമുടനറഞ്ഞു പുകഴരുളുചരിതമിളു ദുരിതഹരമസുരരിപുവരമഹിമജഗതിയിൽനിറഞ്ഞു.

ആനപൂർവ്വ്യേണനിവൃത്ത്യ വാസ്തുശുദ്ധ്യാദികാഃ ക്രിയാഃ
ഹരിബിംബപ്രതിഷ്ഠാൎത്ഥം സമാരേഭേധനഞ്ജയഃ. വൃ൪

വാദ്യൌഘം വാദ്യപ്രണാദത്തൊടു നിഗമസമുൽ-
ഘോഷവും ബ്രാഹ്മണാശീ-
ൎവ്വാക്യസ്തോമങ്ങളും നൽ സ്തുതികളുമൊരുമി-
ച്ചുൽഗമിക്കും ദശായാം
ശ്ലാഘ്യേ പൂൎണ്ണത്രയീ ധാമനി കുരുപെരുമാൾ
ഭാഗ്യവാന്മാസികുംഭേ
ഭാഗ്യൎക്ഷേതാൻ പ്രതിഷ്ഠിച്ചിതു ഫണിപതിഭ-
ദ്രാസനം പങ്കജാക്ഷം. വൃ൫

എട്ടാശാന്തംവിളങ്ങീ സുരമുനിപടലം
പുഷ്പവൎഷം തുടങ്ങീ
തുഷ്ട്യാ മാലോകർതിങ്ങീ കഴലിണതൊഴുവാൻ
ദിവ്യതൂൎയ്യംമുഴങ്ങീ
ദുഷ്ടവ്രാതം നടുങ്ങീ നിഖിലഭുവനര-
ക്ഷാൎത്ഥമാവിഷ്കൃതാംഗേ
തസ്മിൻ പൂൎണ്ണത്രയീസത്മനി ഭുവനലതാ-
മൂലകന്ദേ മുകുന്ദേ. വൃ൬

ആരാധിതം മുനിഭിരാഗമമന്ത്രപൂതം
വാരാന്ന ഹേമകലശം കളഭാംബുപൂൎണ്ണം

ആരൂഢഭക്തി പരിഗൃഹ്യമുദാഭ്യഷിഞ്ച-
ന്നാരായണം ഹൃദിദധന്മനുമഷ്ടവൎണ്ണം. ൭൬

ദേവേന്ദ്രസൽകൃതമനൎഘമണിപ്രദീപ്തം
ദേവന്നു ചാൎത്തി നിജമക്ഷസമം കിരീടം
ശ്രീവിഷ്ണുലോകവദിഹാ പി ച സന്നിധേഹി-
ത്യാബദ്ധമോദഭരമൻപൊടു വീണവാദീൽ. ൭൭

പത്മാൎച്ചനാ മഥ വിധായസുഗന്ധതൈലം
മുൽപ്പാടസൌ മണി വിളക്കുകൊളുത്തിമെന്മേൽ
തൽപ്രാദുൎഭൂതീകൃതനിജായുധമഞ്ജുനന്താ-
നപ്പോൾ പുകണ്ണിതു ഗിരാ പരമം പുമാംസം. ൭൮

ജയ സതതം വൎദ്ധിഷ്ണോ!
ജയ ജയ ഭദ്രാഹിപീഠവൎത്തിഷ്ണോ!
ജയഭഗവൻ പ്രഭവിഷ്ണോ!
ജയ ജയ പൂൎണ്ണത്രയീ മഹാവിഷ്ണോ! ൮൦

കെല്പോടെഴുന്ന കലിദോഷമറുത്തുമെന്മേ-
ലെപ്പോഴുമിങ്ങനുഗ്രഹാണ മഹീമശേഷാം
ഉൽപന്നഭക്തി ഭഗവാനൊടിവണ്ണമൻപോ-
ടഭ്യൎത്ഥ്യ സാഞ്ജലിപുടം വിജയോ വവന്ദേ. ൮൧

മേൽപോട്ടുപൊങ്ങിന ഫണീന്ദ്രഫണാമണൊളീ-
ദീപ്തിച്ചുടാച്ചുരിത ഹേമകിരീടരമ്യം
കാശ്മീരമിശ്രഹരിചന്ദനപങ്കമയ്യാ!
വാശ്ലോടു ഫാലഭുവി ചാൎത്തി വിരാജമാനം. ൮൨

വായ്ക്കും ചരാചരജഗൽപരിപാലനശ്രീ-
ദാക്ഷിണ്യമഞ്ചിത മനോഹരചില്ലിലേഖം
ശ്ലാഘ്യകടാക്ഷമുനമേല്പടനെന്നെയെന്നെ
നോക്കുന്നതെന്നു ജഗതാംമതി മാദധാനം. ൯൩

ശുക്കാതിലാകലിത മാകരകുണ്ഡലശ്രീ
കൈക്കൊണ്ടുമിന്നിന കപോലതലാഭിരാമം
ലക്ഷ്മീമനോനിലയനേ നവചോരിവാസ്തേൻ
നിഷ്കന്മഷം നിഴലെഴും മൃദുഹാസരമ്യം. ൯൪

ആറായിരംവിമലശാരദചന്ദ്രബിംബം
നേരേതെളിഞ്ഞു മിളിതംവിലസുന്നപോലേ
ശ്രീരാമരാമ! ശിവനേ! മധുരപ്രസാദ
ശ്രീരാജമാനമതുലം വദനം വഹന്തം. ൯൫

താവുന്ന കൌസ്തുഭമഹാമണികൊണ്ടുമയ്യാ!
ശ്രീവത്സമാംമറവുകൊണ്ടുമദൃഢശോഭം
ആവിർഭവൽ ബഹളസൌരഭവൈജയന്തീ-
ലാവണ്യധോരണികൾകൊണ്ടു മദൃഢശോഭം. ൯൬

ഭദ്രാഹിപീഠഭുവികുത്തിന പാദജാന്തു-
ന്യസ്താന സന്നിഹിത ദക്ഷകരാരവിന്ദം
പത്മാസനാസ്ഥിതിമനോഹര വാമസക്ഥി-
ന്യസ്താപരാഗ്രകരമാത്ത രഥാംഗശംഖം: ൯൭

പീതാംബരാകലിതകാഞ്ചനനൂപുരാഘ്രിം
വാർതൊങ്ങൽ ഹേമകടകാംഗദഭൂഷിതാംഗം

വാതാശനേന്ദ്രമഹിതാസനസന്നിഷണ്ണം
മോദാന്മുകുന്ദമഥ സന്ദദൃശു ജ്ജനൌഘാഃ. ൯൮

കനക വസന ഗോ ഭൂ രത്ന മൃഷ്ടാന്നദാനൈ-
ർമ്മുനിധരണിസുരൌഘന്തർപ്പയിത്വാ സ മേന്മേൽ
ഗുണജലനിധിമമ്മാ! പിന്നെ നാനാജനേഭ്യോ
ധനവിതതിയെ വാരിക്കോരിനൽകീ കിരീടി. ൯൯

പവനാശനഭദ്രപീഠഗേഹം
ഭുവനാനന്ദനമായ് ച്ചമച്ചുമേന്മേൽ
വിവിധാമുപഹാരക്ലൃപ്തിമഷ്ടൈ-
സ്സ വിധായ പ്രമുമോദ സവ്യസാചീ. ൧൦൦

പരികല്പ്യ സ പാവനം ത്രിസന്ധ്യം
മഹിതശ്രീബലികർമ്മഭൃതശാന്ത്യൈ
വിദധേ വിധിവന്മഹോത്സവശ്രീ-
മഹിമാനം ത്രിവിധം മഹേന്ദ്രജന്മാ. ൧൦൧

ആശ്ചര്യമെന്തിതു നിജാന്വയനാമചിഹ്നം
രാജ്യംവിധായ തദസൌ കുരുവംശനേതാ
സ്വാതന്ത്ര്യമമ്പിനഹരിംതദധീശിതാരം
പ്രാജ്യാനുഭാവനിധി കല്പിതവാൻ കിരീടി. ൧൦൨

തൽപ്പുരോള്ളവി ജഗൽപരിശുദ്ധ്യൈ
ഫൽഗുനോഥ വിദധേ ശുഭതീർത്ഥം
വിശ്രുതം ജഗതി ഫൽഗുനനാമ്നാ
യൽ പുനസ്സകലലോകമപാവീൽ.

ഇത്ഥംകാരം മുകുന്ദാലയഭുവിസുദൃഢം
കല്പയിത്വാ പ്രതിഷ്ഠാം
തത്രത്യാഭ്യോ ദൈവഭൂസുരവരപരിഷൽഭ്യോ
മിളൽഭക്തിഭൂമാ
ചിത്രം: വാഴ്ത്തീടവല്ലേൻ മഹിമ തകുമന-
ന്താസനക്ഷേത്രമയ്യാ!
സുത്രാമാപത്യസങ്കല്പിത മധിഭുവനം പപ്ര-
ഥേതൽപൃഥിവ്യാം. ൧൦൪

സുദക്ഷിണേതത്രനിവേശസഖ്യം
സദക്ഷിണേ രക്ഷണ ജാഗരൂകേ
പ്രദക്ഷിണീകൃത്യ ഹരിം പ്രയാതും
പ്രചക്രമേ സാക മസൗമുനീന്ദ്രൈഃ. ൧൦൫

പാരിക്കും മോദമുൾക്കൊണ്ടഹമഹമികയാ
വൻഭൂദേവസംഘം
പൂരിക്കുംമംഗലാശീർവ്വിതതികളെ മുദാധാര-
യൻ ഭൂരിതേജാഃ
വാരിക്കോരിക്കൊടുത്തക്കനകനിചയമെല്ലാ-
ക്കുമേററം പ്രസാദീ
താരിത്തന്വീസഹായം തൊഴുതുഹരിപുരാൽ
സംപ്രതസ്ഥേകിരീടി. ൧൦൬

തതസ്സുദൂരം വിഹിതാനുയാത്രാൻ
വിസൃജ്യ വിപ്രാൻ കഥമപ്യശേഷാൻ
സ സത്വരം ദ്വാരവതീമുപേതോ
ജഗൽപ്രസൂതിം വിജയോ വവന്ദേ. ൧൦൭

ലോകാനാം നാഥനപ്പോളുപചിതകുതുകം
　　വിഷ്ണുബിംബപ്രതിഷ്ഠാ-
മാഹാത്മ്യോല്ലാസമെല്ലാം കുരുവരനറിയിച്ചാസ്ഥ-
　　യാ കേട്ടൊരോന്നേ
മാശ്ലിഷ്യാലിംഗനാനുഗ്രഹമവനു വളൎത്താ-
　　ശ്രു കൊണ്ടാടിവീത-
വ്യാഘാതം കാത്തുകൊണ്ടിത്രിഭുവനമഖിലം
　　ദ്വാരവത്യാം ന്യവാത്സീൽ. ൧൦൮

———

സമാപ്തോയം പ്രബന്ധഃ

ശുഭം.

# നോട്ട്.

## മംഗളാചരണം

൧. തിരു ... രംഗം=തൃക്കൺ കടാക്ഷമാകുന്ന ഇളകുന്ന വണ്ടിൻ കൂട്ടത്തിന്റെ കളിസ്ഥലം. ഭുജം ... യനെ=ശേഷനാകുന്ന രത്നക്കിടക്കയിൽ. തോയരാശൌ=കടലിൽ. പദാ ... സുരം=എല്ലാ ദേവന്മാരും അസുരരും കാലടിപണിയുന്നവൻ;

## പ്രതിജ്ഞ.

൨. പ്രിയസഖ !=ഒരു തോഴന്റെ സംബുദ്ധി. ഭാഷാ പ്രബന്ധങ്ങളിൽ മൂന്നുതരത്തിൽ കഥാസൂചനം നിൎവ്വഹിക്കാറുള്ളതിൽ ഒന്നു തോഴനെകണ്ടതായി നടിച്ച് കഥയാരംഭിക്കുകയാണ്. കൂടുതൽ വിവരം നിരൂപണത്തിൽ നോക്കുക.

## കഥാരാഭം.

൩. കേളിസൌധൈഃ നഭസി ധവളതാദ്വൈതം ആപാദയന്തീ=കളിമാളികകളെക്കൊണ്ടു ആകാശത്തെ മുഴുവൻ വെളുപ്പിക്കുന്നതു്. ആവിരാസീൽ=ആവിൎഭവിച്ചു. ഉണ്ടായിരുന്നു. ഇതുമുതൽ അഞ്ചു പദ്യങ്ങളെക്കൊണ്ടു കവി ദ്വാരകയെ വൎണ്ണിക്കുന്നു.

൪. പൊന്നിൻ ... മയൂരാ=പൊന്മതിലുകളുടെ അററങ്ങളിൽ തടയുന്ന മേഘങ്ങളെ കണ്ടുകൊണ്ടാടുന്ന മയിലുകളോടുകൂടിയതു്. വൈജയന്തീ=കൊടിക്കൂറ. മതിലുകളുടേയും ധ്വജങ്ങളുടെയും അത്യൌന്നത്യം വ്യംഗ്യം.

൫. ആത്മകാന്തൈഃ ഒക്ക ... മാനാ=തങ്ങളുടെ ഭൎത്താക്കന്മാരോടുകൂടി ക്രീഡിക്കുന്ന നാഗരികസ്ത്രീകളുടെ വിലാസങ്ങളെക്കൊണ്ടു ശോഭിക്കുന്നതു്. അക്ഷീ ... രാളാ=നാനാവിധമായ രത്നങ്ങളിൽ നിന്നു ധാരാളമായി

പ്പാപ്പെട്ടന്ന കാന്തികൊണ്ടു്, ആകാശത്തിനും ഭൂമിക്കും ഇടയിലുള്ള സ്ഥലത്തെ മുഴുവൻ ആക്രമിക്കുന്നതു്. ('ദ്യാവാ ഭൂമീച രോദസീ' എന്നു് അമരം)

൬. ദേവേന്ദ്രാപത്യം=അർജ്ജുനൻ. മാദൃശാം=എന്നെപ്പോലെയുള്ള വർക്ക്. സേവാലൌല്യേന=സേവിക്കുന്നതിനുള്ള ആഗ്രഹംകൊണ്ടു്. പോർ... ഭാഗാ=സമരബദ്ധം നിലത്തൂന്നി കോട്ടവാതുക്കൽ (സമയംകാത്തു) നിൽക്കുന്ന പല രാജാക്കന്മാരാൽ നിറയപ്പെട്ടതു്.

൭. സുത്രാ ... തസ്യാം=അമരാവതിയെ പോരിനു വിളിക്കുന്നവിധമുള്ള മാഹാത്മ്യംകൊണ്ടുയൎന്ന ആ ദ്വാരകയിൽ. കാമ ... മുഖാൻ=ബലഭദ്രൻ, ഉദ്ധവൻ, അർജ്ജുനൻ മുതലായവരെ. ദേവകീ ... മാ=ദേവകിയുടെ ഭാഗ്യസർവ്വസ്വം. ഈ ഏഴു ശ്ലോകങ്ങളും സ്രഗ്ദ്ധരാവൃത്തം.

ഗദ്യം—൧. ആജ്ഞാശക്ത്യാ=ആജ്ഞാബലം കൊണ്ടു്. ധാത്രീ... രശേഷേ=ഭൂമണ്ഡലത്തെ രക്ഷിച്ചുപോരുന്ന കാലത്തിൽ. ദാരിദ്ര്യത്തിന്നു ദാരിദ്ര്യോദയമെത്തി=ദാരിദ്ര്യമില്ലാതായി. വൎണ്ണാനാം ലോപം=ബ്രാഹ്മണാദിജാതികളുടെ നാശം (വൎണ്ണസങ്കരം) വ്യാകരണപ്രസിദ്ധമായ അക്ഷരലോപം എന്നും) പര പ്രത്യയം=ശത്രുവിശ്വാസം; (പരമാകുന്ന പ്രത്യയം എന്നും) പ്രകൃതിവിഭാഗം=രാജ്യാംഗങ്ങളിലുള്ള ആഭ്യന്തരകലഹം (പ്രത്യയഭിന്നമായ ശബ്ദങ്ങളുടെ വിഭാഗം എന്നും) ആതുനിപാതം=യാദൃച്ഛികമായ അധഃപതനം (പദവിഭാഗത്തിൽ പെട്ട "ആതു"എന്ന നിപാതം എന്നും) "നാമാഖ്യാതോപസർഗ്ഗങ്ങൾ നിപാതം നാലുതാൻ പദം" എന്നാണല്ലോ വൈയാകരണപദവിഭാഗ നിയമം. മിത്രവിനാശേ=ബന്ധുനാശത്തിൽ (സൂൎയ്യാസ്തമയത്തിലെന്നും). ദോഷാകരൻ=രജനീകരൻ (ദോഷങ്ങളുടെവിളനിലമെന്നും) ആവ്യക്തഎന്ന അവസ്ഥ. ജളാത്മത=ജളസ്വഭാവം "ലളയോരഭേദം"കൊണ്ടു ജലാത്മത എന്നും ചന്ദ്രൻ ജലാത്മാവാണല്ലോ. കലാക്ഷതി=ഷോഡശകലകളുടെ നാശം.(വിദ്യാനാശം എന്നും) കുടിലത=വക്രത. വൃത്തക്ഷയം=നടപടിദോഷം കൊണ്ടുണ്ടാകുന്ന ചാരിത്രദോഷം (കലാക്ഷയം കൊണ്ടുണ്ടാകുന്ന വൃത്തക്ഷയമെന്നും.) വൃദ്ധത്വം=വാൎദ്ധക്യം; (പരിപൂൎണ്ണത എന്നും). കളങ്കം=ലക്ഷണയാ അപവാദം; (അടയാളമെന്നും.) ദേവായതനശ്രേണി=ദേവാലയപംക്തി. അഭിമതസിദ്ധ്യൈ=അഭീഷ്ടസിദ്ധിക്കുവേണ്ടി. ആഗളമൃഷ്ടം=കഴുത്തുമുറെറ. സത ··· പര=എന്നും ചെയ്യുന്ന ദാനങ്ങൾ. വേലാതീതപ്രമദം=അതിരുകവിഞ്ഞ സന്തോഷം. മഹിത ··· വൃഷ്ടിഭിഃ=അനൎഘങ്ങളായ മഹാ

യാഗങ്ങളെക്കൊണ്ടു സന്തോഷിച്ച ദേവന്മാർ പെയ്യിക്കുന്ന മഴകളെക്കൊണ്ടു്. അവി ... ചോളം=ധാരാളമായി മുളയ്ക്കുന്ന സസ്യങ്ങളാകുന്ന പച്ചമൂടുപടം. അദമൈശ്ചൎഷൽഭാഗാദികരൈഃ=അനല്പങ്ങളായ നികുതികളെക്കൊണ്ടു. മാനകലാസു=അളവുകളിൽ. നാനാദേശജപാന്ഥജനൌഘകരം=പലദിക്കുകളിലെ വഴിപോക്കർ. ആരാൽആരാൽ=അടുത്തടുത്തു്. സുരഭിലപയസാ=സുഗന്ധത്തോടുകൂടിയവെള്ളംകൊണ്ടു്. പ്രച്ഛായാഞ്ചിതദേശങ്ങൾ=തണൽ പ്രദേശങ്ങൾ. പാലനചാതുരി=രാജ്യഭരണസാമൎത്ഥ്യം. വാരാ=വരിക. യില്ല. നൂനം=നിശ്ചയം. വയംധന്യാഃസ്മഃ=ഞങ്ങൾ ഭാഗ്യവാന്മാരായി തീൎന്നിരിക്കുന്നു. ആതുരലോകമഹാലംബം=ദീനജനങ്ങൾക്കു വലിയൊരാശ്രയം. അക്ഷി ... ശാലി=കണ്ണുകൾ ... രസായനമായ ദേഹത്തോടു കൂടിയവൻ. അരി ... ജ്വാല=ശത്രുക്കളാകുന്ന കാട്ടിനു തീജ്വാല. നിനച്ചനിലത്തു്=കണ്ണിൽകണ്ടസ്ഥലത്തു്, ഇഷ്ടംപോലെ സഞ്ചരിക്കുന്നതിനോ, സാമാനങ്ങളെ എവിടെയെങ്കിലും ഇടുന്നതിനോ, കണ്ണിൽകണ്ട സ്ഥലത്തു കിടന്നുറങ്ങുന്നതിനോ ആരേയും ഒട്ടും പേടിക്കേണ്ടതില്ലായിരുന്നു. ഗീഷ്പതി=ബൃഹസ്പതി.

൪൮. അസ്മിൻകാലേ=ഈ കാലത്തിൽ. ജാതമാത്രാവനഷ്ടം ബാലം=ജനിച്ച ഉടനെ മരിച്ച കുട്ടിയെ. വാസുദേവോപകണ്ഠം ഉപഗതഃ=കൃഷ്ണന്റെ അടുക്കൽ ചെന്നു. ഉച്ചൈഃ=ഉറക്കെ. സ്വാൎത്ഥ "ക" പ്രത്യയം അശ്രുശാലീ=കണ്ണുനീരോടുകൂടിയവനായി.

൪൯. ഇളക്കീല=ഇളിയകില്ല. കേശിഹന്താ=ശ്രീകൃഷ്ണൻ. ദുൎദ്ദൈവം=ദുർഭാഗ്യം. സപ്തബാലാഃസംസ്ഥിതാഃ=ഏഴുകുട്ടികൾ മരിച്ചു. ദൈവോപരോധം=ദൈവത്തിന്റെ പ്രാതികൂല്യം.

൫൦. ഭൂയഃഅപിജാതേ നവമേനന്ദനേ സൂതികായാംനഷ്ടേ=പിന്നെയും ഉണ്ടായ ഒൻപതാമത്തെ കുട്ടിയും ഈറ്റില്ലത്തിൽവെച്ചുതന്നെ മരിച്ചപ്പോൾ. ആദായ=എടുത്തു്. നൃപദ്വാരി=ശ്രീകൃഷ്ണന്റെ രാജധാനിയുടെ വാതുക്കൽ. നഷ്ടാശങ്കം=സംശയംകൂടാതെ. നിൎഭത്സ്യ=നിന്ദിച്ചു്. ഖേദ... ചേതാഃ=ദുഃഖംകൊണ്ടു് അന്ധമായ മനസ്സോടുകൂടിയവനായിട്ടു്.

൫൧. വീതധൎമ്മം=ധൎമ്മത്തെ വെടിഞ്ഞു്. വിഹതപ്രാഗത്ഭ്യം=അധികാരപ്രമത്തത. മേഖലേകാഃ അകാലേ മൃതാഃ=എന്റെ കുട്ടികൾ അസമയത്തിൽ മരിച്ചു. ഏകസൂനോഃ=ഒരു കുട്ടിയുടെ. പൊറാ=സഹിക്കത്തക്കതല്ല. ബഹൂനാം=വളരെപ്പേരുടെ.

൭൨. മാരമാൽവ്യണ്ടു്=കാമപീഡയോറു്. പ്രകൃതിശഠൻ=സ്വഭാവമൂർഖൻ, മാതുല ... ഹിംസ=അമ്മാവൻ (കംസൻ) കാള (വൃഷാസുരൻ) സ്ത്രീ (പൂതന) ഇവരുടെ വധം. ഈദൃശം=ഇതുപോലെയുള്ളതു്.

൭൩. നിസ്ത്രപം=ലജ്ജയില്ലാതെ. ഏകസ്യാം ത്വന്നഗര്യാം=നിന്റെ ഒരു പട്ടണത്തിലുള്ള. ത്രാതും=രക്ഷിക്കുന്നതിനു്. ആതുരഃ=അസമർത്ഥൻ (ദീനൻ) ധര ... ഷാം=ഭൂവാസികൾക്കു്. ഭൂഭൃന്നടൻ=രാജാഭിമാനി. ശ്രീകൃഷ്ണൻ ക്ഷത്രിയനല്ലാ. നടനെപ്പോലെ വേഷംകൊണ്ടു രാജാവായി തീർന്നിരിക്കുകയാണല്ലോ.

൭൪. ബ്രഹ്മദ്വിഷൻ !=ബ്രാഹ്മണദ്രോഹി ! നിർഘൃണൻ=കനിവില്ലാത്തവൻ. പരവിപദി=അന്യന്റെ ആപത്തിൽ. നിർദ്ദയനും നിർല്ലജ്ജനുമായവന്റെ അടുക്കൽ എത്ര നിലവിളിച്ചു പറഞ്ഞാലും അതെല്ലാം നിഷ്ഫലം തന്നെ.

൭൫. നിൻധാർഷ്ട്യമുദാം ഉഗ്രാ=നിന്റെ ധാർഷ്ട്യം കഠിനംതന്നെ. ഒരു ബ്രാഹ്മണനായ എന്റെ ഏഴെട്ടുകുട്ടികളെ ചത്തതായി അടുത്തു കണ്ടിട്ടും അതൊന്നും കണ്ടില്ലെന്നു നടിക്കുന്നതിന്റെ ധാർഷ്ട്യം വളരെ കഠിനമത്രെ.

ഗദ്യം—വ. ഇത്ഥം... ദേവെ=ഇങ്ങിനെ, ആ ബ്രാഹ്മണൻ വളരെ ദുഃഖത്തോടുകൂടി കരഞ്ഞപ്പോൾ. കിമിദം=ഇതെന്തു്? ഇന്നും=ഇനിയും. ദുഃഖ ... വശ്യം=ഇവനു് ഇതിനേക്കാൾ വലിയ ദുഃഖം അനുഭവിക്കാൻ വിധിയുണ്ടായിരിക്കാം. ജഗത്യാം=ലോകത്തിൽ. ഔരസപുത്രകമരണം=തന്റെ കുട്ടികളുടെ മരണം. (സന്താനം ഔരസമെന്നും, ക്ഷേത്രജമെന്നും, രണ്ടുവിധത്തിലുണ്ടു്. അർജ്ജുനനു സുഭദ്രയിലുണ്ടായ അഭിമന്യു ഔരസനും, പാണ്ഡുവിനു കുന്തിയിലുണ്ടായ ധർമ്മജാദികൾ ക്ഷേത്രജന്മാരുമാകുന്നു) ഇളക്കില എന്നപദം ഈ സ്ഥലത്തും ഇളക്കമില്ല എന്നർത്ഥത്തിൽ തന്നെയാണുപയോഗിച്ചിട്ടുള്ളതു്. പ്രയോജകരൂപമായ ഈ പദം ഈ ഗ്രന്ഥത്തിൽ പല സ്ഥലത്തും കേവലാർത്ഥത്തിൽ പ്രയോഗിച്ചുകാണുന്നുണ്ടു്. ഭർത്സിക്കുക=നിന്ദിക്കുക അപകൃതി=അപകാരം. അർച്ചിക്ക=പൂജിക്കുക. വിപ്രസമൂഹം=ബ്രാഹ്മണക്കൂട്ടത്തെ. (സംസ്കൃതദ്വിതീയ). വിരമത=മിണ്ടാതിരിക്ക. ആത്മനേപദം

ലോട്ടു (വിധായകപ്രകാരം) മദ്ധ്യ. പു ബഹുവചനം ദുരിതാൽ=കഷ്ടപ്പാടിൽ നിന്നു്. ദണ്ഡധരങ്കൽ=യമസന്നിധിയിൽ നിന്നു. വീണ്ടതു=വീണ്ടെടുത്തു്. ഗുരുദക്ഷിണ ശ്രീകൃഷ്ണൻ കഴിച്ചതു തൽപുത്രപ്രത്യാനയനരൂപമായിട്ടാണു് എന്നു പൌരാണികസിദ്ധാന്തം. സത്യഭാമയുടെ നിർബ്ബന്ധപ്രകാരം കല്പവൃക്ഷം ദ്വാരകയിൽ കൊണ്ടുവന്നു നട്ടതായി കവികൾ വർണ്ണിക്കാറുണ്ടു്. വിപത്സ്വിഷു=ആപത്തുകളിൽ- കോപ...നൻ=കോപംകൊണ്ടു കണ്ണുചുവന്നവൻ. കമലൈശ്വര്യം=താമരപ്പൂവിൻെറ ശോഭ. ഗാണ്ഡീവമൌർവീം=ഗാണ്ഡീവത്തിൻെറ ഞാണിനെ. അഖിലസമക്ഷം=എല്ലാവരുടെയും മുമ്പിൽ വെച്ചു്. മേഘസ്വനിതഗഭീരാം=ഇടിമുഴക്കംപോലെ ഗംഭീരം. വാചം എന്നതിൻെറ വിശേഷണം. അവാദീൽ=പറഞ്ഞു.

൬൬. ധനുഷ്മാൻ=വില്ലാളി. മാനാവഭംഗം=അവമാനം. ശൌര്യഭാജാം=ശൂരന്മാർക്കു.

൬൭. വ്യതികരരഹിതം=മാററമില്ലാതെ. (വർണ്ണാശ്രമങ്ങൾക്കു കോട്ടം തട്ടാതെ രാജ്യം ഭരിക്കുന്നതാണു് രാജധർമ്മം.) പുത്ര ... ലാപം=പുത്രദുഃഖംകൊണ്ടു് ആകുലമായ ബ്രാഹ്മണവിലാപം. പാർശ്വേ=അടുക്കെ.

൬൮. ഭൂസുരപാലനം=ബ്രാഹ്മണസംരക്ഷണം. ദുഷ്കരം=അസാദ്ധ്യം. വൃഷ്ണിയൂനാം=വൃഷ്ണിവംശത്തിലെ യുവാക്കന്മാർക്കു. വില്ലാളികൾക്കു എന്ന പദം ഇതിൻെറ വിശേഷണമാണു്.

൬൯. അധീരാത്മനരാൽ=ധൈര്യമില്ലാത്ത മനുഷ്യനേക്കാൾ. ഭൂരേണു=ഭൂമിയിലെ പൊടി. മാനപദം=ബഹുമാനസ്ഥാനം. എത്ര അവമാനമേററാലും മിണ്ടാതിരിക്കുന്ന മനുഷ്യനേക്കാൾ ചവിട്ടിയാൽ തലയിൽ കയറുന്നപൊടിയാണു് ശ്രേഷ്ഠം.

൭൦. ലോകവ്യാപത്തി=ലോകത്തിലെ ആപത്തു്. ശ്രീകൃഷ്ണൻ രാജ്യം ഭരിക്കുമ്പോൾ ഒരു ബ്രാഹ്മണൻെറ അഞ്ചെട്ടുകുട്ടികൾ മരിച്ചുപോയി എന്നു പറയാൻ ഇടവരുത്തുന്നതു, സകലലോകപാലകനും ആപൽസംഹർത്താവും ആയ ശ്രീകൃഷ്ണനു ഒരു വലിയ അപകീർത്തിയായിത്തീരും.

൭൧. വിശ്വസിച്ചാലും ഈ നീ എന്നു പദച്ഛേദം. അയം പാണ്ഡവഃ=ഈപാണ്ഡവൻ. ബ്രാഹ്മണൻെറ വിശ്വാസത്തിനുവേണ്ടി ശിവനെക്കൊ

ണ്ടാണെയിട്ടുന്നു. മററാരും എന്നെ സഹായിക്കേണ്ടതില്ല; ഞാനൊററെക്കു തന്നെ ആക്കൃത്യം നടത്തുന്നതിനു മതിയാകും എന്നു കാണിക്കുന്നതിനു 'ഗാണ്ഡീവമേ ബന്ധുർവേണ്ടു' എന്നു പറയുന്നു. ബന്ധു = സഹായം.

൨൨. ഇതിഗദിതഗിരം മദഭരമേദുരമാനസം അമും മഹേന്ദ്രസൂനും = ഇങ്ങിനെ പറഞ്ഞ മദംകൊണ്ടുനിറഞ്ഞ മനസ്സോടുകൂടിയ ഈ അജ്ജുനനേ. ദ്വിജന്മാ തദാനീം അധികം അധിക്ഷിപൻ = ബ്രാഹ്മണൻ അപ്പോൾ വളരെ ആക്ഷേപിച്ച്. ശോകഭിന്നമമ്മാവിധുരം അഭാഷത = ദുഃഖംകൊണ്ടു മമ്മങ്ങളൊക്കെപ്പിളന്നുംകൊണ്ടു വിഹ്വലതയോടുകൂടി പറഞ്ഞു.

൨൩. വീയ്യഭാജാം സമാജേ = വീരന്മാരുടെ കൂട്ടത്തിൽവെച്ച് ശ്രീകൃഷ്ണസങ്കഷ്ണശിനിതനയാന്യേഷ്വതിഷ്ഠത്സു = ശ്രീകൃഷ്ണൻ, ബലഭദ്രൻ, സാത്യകി മുതലായവരിരിക്കുമ്പോൾ. ഇമാം വിപദം = ഈ ആപത്തിനെ. രക്ഷാപ്രദാതാ നീയോ = രക്ഷകൊടുക്കാൻ പോകുന്നതു നീയാണോ?

൨൪. സമ്മോഹം = ഭ്രമം. അസ്യാംവിപദി = ഈ ആപത്തിൽ. ഉദിതബഹുവിധാക്ഷേപം അക്ഷോണിദേവം = വളരെത്തരത്തിൽ ആക്ഷേപിച്ച ആ ബ്രാഹ്മണനേ.

൨൫. സാത്യകിഃനഅസ്മിസത്യം = സത്യമായിട്ടും ഞാൻ സാത്യകിയല്ല. ഉന്മദാത്മാ മുസലധരനും നഏവ = ഉന്മത്തനായ ബലഭദ്രനും അല്ലതന്നെ. ബലഭദ്രർക്കു ഉന്മത്തനാവുന്നതിനു നല്ലകാരണമുണ്ട്. ആ കൂട്ടത്തിൽപെട്ടവനല്ല ഞാൻ; അപ്പന്ന്യവൃഷ്ണിപ്രവീരാഃ = മററു വൃഷ്ണിവീരന്മാരുമല്ല. ഞാൻ അംഭോരുഹനയനനും ശ്രീകൃഷ്ണനും അല്ല. പിന്നയോ? ഞാൻ ലോകൈകവീരൻ എന്ന ശ്ലാഘക്കു പാത്രമായ അജ്ജുനനാണു. എന്റെ പ്രാഭവങ്ങളേകേട്ടിട്ടില്ലേ?

൨൬. മാമകം = എന്റേതു്. ഭയകരകൈരാതവേഷംപൂണ്ടു് = ഭയങ്കരനായ കിരാതനായിത്തീന്നു്. സരഭസം = പെട്ടെന്നു്.

൨൭. നാരാചശ്രേണി = ബാണസമൂഹം. മംഗല്യസൂത്രക്ഷതിഭയം = മംഗല്യസൂത്രം നശിപ്പിക്കേണ്ടിവരുമോ എന്നപേടി. അഗകന്യ = പാവ്വതി. ആനന്ദിതാത്മാ = സന്തോഷിച്ച്. ആട്ടക്കത്തു = ആട്ടക്കൽ.

൨൮. അമരേശപരിപൃഷ്ടിപീഡാംബ്ഭരേ ആക്ഷിപ്യ=ദേവേന്ദ്രങ്കൽ നി ന്നുണ്ടായ മഴകൊണ്ടുള്ള ഉപദ്രവത്തെ അകലെത്തള്ളി. (ഥകവെക്കാതായി) ഇതു മുതൽ മൂന്നുശ്ലോകങ്ങളെക്കൊണ്ടു അൎജ്ജുനൻ തന്റെ ബാഹുപരാക്രമത്തെ വൎണ്ണിക്കുകയാണു്.

൨൯. വൃത്രാന്തകൻ=ദേവേന്ദ്രൻ. നിവാതകവചാഃ സുരവൈരിവീരാഃ=നിവാതകവചന്മാർആയ അസുരവീരന്മാർ. മഹാസ്ത്രദഹനാർച്ചിഷി=മഹാസ്ത്രങ്ങളാകുന്ന അഗ്നിജ്വാലയിൽ.

൩൦. വിധാതും=ചെയ്യുന്നതിന്. ഗോഗ്രഹണത്തിനുവേണ്ടി വിരാടനഗരത്തിലേക്കുപോയ കുരുസൈന്യത്തിന്റെ പരാജയവൃത്താന്തത്തെയാണു് ഇവിടെ സൂചിപ്പിച്ചിട്ടുള്ളതു്.

൩൧. ക്ഷോണീന്ദ്ര ... വിക്രമോഷ്മാ=ഭൂമണ്ഡലത്തെ മുഴവൻ ജയിക്കുന്നതും പാഞ്ചാലീസ്വയംവരം തുടങ്ങിയ അത്ഭുതകൃത്യങ്ങളെ നിൎവ്വഹിച്ചതുമായ പരാക്രമത്തോടുകൂടിയവൻ. മതിയല്ല=മതിയാകയില്ല. ഭൂമിദേവത്രാണം=ബ്രാഹ്മണസംരക്ഷണം.

൩൨. ജനൌഘാഃ! സാംപ്രതം മൽപ്രതിജ്ഞാം നിശമയത=അല്ലയോ ജനങ്ങളേ ഇപ്പോൾ എന്റെ സത്യവാക്യത്തെ നിങ്ങൾ കേൾക്കുവിൻ. (വിധായകപ്രകാരം മ. പു. ബ. വ.) അചലിതധൃതിഗാണ്ഡിവംവില്ലും അമ്പും ഹൃത്വാ=ധൈൎയ്യത്തോടുകൂടി ഗാണ്ഡിവചാപത്തേയും അസ്ത്രങ്ങളെയും ഉപേക്ഷിച്ചിട്ടു്. വഹ്നേഃ ആഹുതിംസംവിധാസ്യേ=അഗ്നിയ്ക്കു ആഹുതിയാക്കിതീൎത്തുകൊള്ളാം(ശപഥത്തെ നിറവേറ്റിയില്ലെങ്കിൽ വില്ലുമമ്പുമുപേക്ഷിച്ച് ധൈൎയ്യത്തോടുകൂടി അഗ്നിപ്രവേശം ചെയ്യുക) സംവിധാസ്യേ ആ. ലൃട്. ഉ. പു. ഏ. വ.)

൩൩. കിരീടിവചനം ശ്രുത്വാ=അൎജ്ജുനന്റെവാക്കുകേട്ടു്. സുതരാം=ഏറ്റവും. നിൎണ്ണയം=നിശ്ചയം. വികല്പം=സംശയം.

൩൪. ദ്വിജവരഃ അഭിനന്ദൻ വിവിധം ആശീൎവ്വാദം വിധായ സ്വസ്ഥാത്മാ മുരരിപും അനാലോക്യ ഭവനം ജഗാമ; തതഃ സഃ ലഘുനാ കാലേന പുനഃ അപി ഗൎഭേ പൂൎണ്ണേ സതി ത്രാതും കൃതസന്ധം വിജയം സപദി സമാഹൈഷീൽ=ബ്രാഹ്മണൻ സന്തോഷിച്ച് പലവിധത്തിലും അൎജ്ജുനനെ ആശീ

ഴ്ദിച്ച് മനസ്സമാധാനത്തോടുകൂടി ശ്രീകൃഷ്ണനെതിരിഞ്ഞു നോക്കുകപോലും ചെയ്യാതെ വീട്ടിലേക്കുപോയി. പിന്നീടു ആ ബ്രാഹ്മണൻ വീണ്ടും പ്രസവകാലമടുത്തപ്പോൾ രക്ഷിക്കുന്നതിനുവേണ്ടി സത്യംചെയ്തു അൎജ്ജുനനെ വേഗത്തിൽ വരുത്തി.

൧൭. സംപൂൎണ്ണഗൎഭാംദ്വിജവരഗൃഹിണീംദൃഷ്ട്വാ=വിപ്രപത്നി പ്രസവിക്കാറായി എന്നുകണ്ടപ്പോൾ. പരമഗുരുംമൃഗേന്ദ്രചൂഡം അനുസ്മൃത്യ=പരമാചാൎയ്യനായ ശിവനെ വിചാരിച്ച്. തുഷ്ട്യാ=സന്തോഷത്തോടുകൂടി. ദിവ്യാസ്ത്ര ... തീൎത്ത്=പലദിവ്യാസ്ത്രങ്ങളെക്കൊണ്ടു ശരകൂടംഉണ്ടാക്കി. എട്ടാശാദത്തദൃഷ്ടിഃ=എട്ടുദിക്കുകളിലേക്കും നോക്കിക്കൊണ്ടു്. ശിതവിശിഖധരഃ കിരീടീത്വരതൈരൌ=മൂൎച്ഛയോടുകൂടിയ അമ്പുകളെ ധരിച്ചുംകൊണ്ടു അൎജ്ജുനൻ അവിടെ നിന്നു.

൧൮. പ്രസവഫലനരുജാവിപ്രപത്ന്യാഃ ആക്രന്ദംകേട്ട്=പ്രസവവേദനകൊണ്ടുണ്ടായ ബ്രാഹ്മണഭാൎയ്യയുടെ നിലവിളികേട്ട്. സൂതികായാം=ഈറ്റില്ലത്തിൽ (പ്രസവമുറിയിൽ) അല്ലയോ അൎജ്ജുനാ! കണ്ടുകൊണ്ടിരിക്കെത്തന്നെ കാലൻ കുട്ടിയെകൊണ്ടുപോയി. രക്ഷിക്കണേ! എന്നു ഒരു നിലവിളികേൾക്കാറായി.

ഗദ്യം.—൧. തദനു=പിന്നീടു. അയംധരണീദേവഃ=ഈ ബ്രാഹ്മണൻ ഉന്മസ്തകാധിജ്വരം=ശിരസ്സിൽ കടന്നുകൂടിയ വ്യസനമാകുന്ന ജ്വരം. ഉന്മത്തകത്വം=ഭ്രാന്ത്: അത്യന്തവാചാലംമൂഢം നിന്നെ=വലിയ വായാടിയും മൂഢനുമായ നിന്നെ. വിശ്വസ്യ=വിശ്വസിച്ച്. സന്ധ്യചെയ്തു=സത്യംചെയ്തു. പാൎവ്വതീകാന്തസമ്മോദന, വിക്രമാഭോഗം=ശിവനെ സന്തോഷിപ്പിച്ച തികഞ്ഞ പരാക്രമം. ഉദ്വാഹം=വിവാഹം. വിശ്വഭൂപാലഹേലാജയപ്രൌഢി=എല്ലാരാജാക്കന്മാരേയും കളിയോടുകൂടി ജയിച്ചു എന്നുള്ള അഹംഭാവം. മിഥ്യാ=വെറുതെ. പാഴ്ക്ലീബം=ആണംകെട്ട നപുംസകം( അൎജ്ജുനൻ ശിഖണ്ഡിയായിത്തീൎന്നിട്ടുണ്ടല്ലോ)പ്രഭോഃ അന്തികേ=പ്രഭുവായ ശ്രീകൃഷ്ണൻെറ അടുക്കൽ. ജഗൽത്രാണപരായണൻ=ലോകരക്ഷണതല്പരൻ. അസ്മദീയാത്മജാൻ=ഞങ്ങളുടെ കുട്ടികളെ. മാൽപെട്ടതെച്ചൊല്ലുവാൻ=വ്യസനിച്ചതിനെ പറയുവാൻ.

൨. കൎണ്ണരന്ധ്രേ=ചെവിക്കുള്ളിൽ. കോപമന്ദാക്ഷശാലീ=കോപം, ലജ്ജ, ഇതുകളോടു കൂടിയവൻ. കൃത്യമോഹാക്ഷണസമയംഇയന്ന്=കുറച്ചു

രോരം എന്താണ് ചെയ്യേണ്ടത് എന്നു ഭ്രമിച്ചുനിന്ന്. ഹസജ്യകോദണ്ഡധാരീ=ഞാൻ വലിച്ചുകെട്ടി വില്ലിനെ ശരിക്കു ധരിച്ചുംകൊണ്ടു്

൩൮. വൈവസ്വതമണിനഗരേ=കാലപുരിയിൽ. ഉഗ്രരോഷം ഉൽഘോഷയൻ=വളരേ കോപത്തോടുകൂടി ഉറക്കെ ഘോഷിച്ചു്. പാരം...ജ്ഞയാ=വളരെപേടിച്ചു് ഇതെന്താണ്എന്നു വിചാരിച്ചു് വ്യസനം വൎദ്ധിച്ചകാലൻെറ കല്പനയോടുകൂടി. സംയമിന്യാം=സംയമിനിഎന്നയമപുരിയിൽ. അകൃതാൎത്ഥഃഗാണ്ഡീവധന്വാനിരഗമൽ=ഭഗ്നാശയനായ അൎജ്ജുനൻ പുറപ്പെട്ടു.

൩൯. മേനകാദി ... ശീതളെ=മേനകതുടങ്ങിയ ദേവസ്ത്രീകളുടെ മന്ദസ്മിതമാകുന്ന പൂനിലാവുകൊണ്ടു തണുത്തതു്. പിതരം സുരനായകം പ്രണമ്യ=പിതാവായ ദേവേന്ദ്രനെ നമസ്കരിച്ചു്. അഗ്നിസോമവരുണാലയേഷ്വചവിമാൎഗ്ഗയൻ=അഗ്നി, ശിവൻ, വരുണൻ, ഇവരുടെ മന്ദിരങ്ങളിലും അന്വേഷിച്ചു. ദീനധീഃ അനുപലബ്ധവിപ്രതനയഃ ഭുജഗാലയംജഗാമ=മനസ്സുമടുത്തു ബ്രാഹ്മണപുത്രന്മാരെ കിട്ടാതെ പാതാളത്തിലേക്കു പോയി.

൪൦. ഭുജഗാധിരാജവചസാതദാപരിതഃ വിചിത്യ=സൎപ്പരാജാവായഅനന്തൻെറ സമ്മതത്തോടുകൂടി ചുററും അന്വേഷിച്ചു. ഭൂസുരകുമാരകാൻ അനവേക്ഷ്യ=ബ്രാഹ്മണപുത്രന്മാരെ കാണാതെ. അന്യഭുവനാന്തരേഷ്വചവിമൃഗ്യ=മററു ഭുവനങ്ങളിലും അന്വേഷിച്ചു. മതികെട്ടു്=ബുദ്ധികെട്ടു്. ധൃതിമാൻ അസൌഅഗ്നിഭഗവന്തം പ്രാപ്തുംനിശ്ചിനായ=ധൈൎയ്യത്തോടുകൂടിയ ഇവൻ അഗ്നിയിൽ ചാടുന്നതിനു നിശ്ചയിച്ചു.

൪൧. ഹുതവഹപാതായ=തീയിൽ ചാടുന്നതിനു്. സഖ്യാമുരഹരനോട്=സഖിയായ ശ്രീകൃഷ്ണനോടു്. മുരഹരനോടു എന്ന പദം തൃതീയയായി കല്പിച്ചു അതിൻെറ വിശേഷണപദമായ "സഖി" ശബ്ദവും തൃതീയാരൂപത്തിൽ പ്രയോഗിച്ചിരിക്കുന്നു.

൪൨. വിശ്വസാക്ഷീ ഇദംചരിതം അറിഞ്ഞുവേഗാൽ ആഗത്യ=വിശ്വസാക്ഷിയായ ശ്രീകൃഷ്ണൻ ഈ വൎത്തമാനം അറിഞ്ഞു വേഗത്തിൽവന്നു്. ത്വദ്ഇമാംസന്ധാം പൂരയിഷ്യേ=നിൻെറ ഈ പ്രതിജ്ഞയെ ഞാൻ പൂരിപ്പിച്ചേക്കാം. നിരു .... കൻ=നിരുപമനായ കപടദേശികൻ. കേശിഹന്താ=കേശി എന്ന അസുരനെ ഹനിച്ചവൻ. (കൃഷ്ണൻ)

൩൩. ദൈത്യാടിമാഥി (ലുപ്തപ്രത്യയമായ മലയാളരൂപം) ജഗദേക നാഥഃ സഃ ഭഗവാൻ ശൈബ്യസുഗ്രീവാദ്യൈഃ തുരംഗൈഃ ഉദ്ഘോഷം അധിരുഹ്യ പുരന്ദരഭൂവാസാദ്ധ്യം പ്രീത്യാവാരുണദിശാഭിമുഖഃ നടന്നു=അസുരഹന്താവും ലോകൈകനാഥനും ആയ ആ ശ്രീകൃഷ്ണൻ ശൈബ്യൻ സുഗ്രീവം തുടങ്ങിയ കുതിരകൾ വലിക്കുന്ന തേരിൽ കയറി അർജ്ജുനനോടു കൂടി പടിഞ്ഞാർ ദിക്കിലേക്കു പുറപ്പെട്ടു. (ശ്രീകൃഷ്ണൻെറ തേർ കുതിരകളുടെ പേരുകളാണ് പറഞ്ഞിരിക്കുന്നതു്. "അശ്വാശ്ശൈബ്യസുഗ്രീവമേഘപുഷ്പബലാഹകാഃ" എന്ന അമരം.)

൩൪. അത്ഭുതദ്വീപസംഘാൻ അബ്ധീൻ=അത്ഭുതകരങ്ങളായ ദ്വീപുകളോടുകൂടിയ കടലുകളെ. ചക്രവാളം ഗിരീന്ദ്രം ഉപഗതഃ=ചക്രവാളപർവ്വതത്തിൽ എത്തി. തിമിരകബളിതം=ഇരുട്ടുനിറഞ്ഞ. ജിഷ്ണൌ അന്ധംഭവിഷ്ണൌ=അർജ്ജുനൻ അന്ധനായപ്പോൾ. ഗൂഢസ്മിതമധുരമുഖഃ ഉഗ്രാനുഭാവം ചക്രം സസ്മാര=പുഞ്ചിരിയോടുകൂടി ഉഗ്രതേജസ്സായ സുദർശനത്തെ വിചാരിച്ചു.

൩൫. വിശ്വ ... ലീലാഭിഃ=ലോകത്തെ ദ്രോഹിക്കുന്ന അസുരന്മാരുടെ ശിരച്ഛേദമാകുന്ന കളികൊണ്ടു്. നവത ... ധാരം=പുതിയ ചോരത്തുള്ളികളെക്കൊണ്ടു ചുവന്നതു്. ഭാസ്വ ... ളം=സൂര്യനോടു തുല്യമായ ശോഭകൊണ്ടു ദിങ്മണ്ഡലത്തെ രോധിക്കുന്നതു്.

൩൬. സദ്യഃതസ്യസുദർശനസ്യ=ഉടൻ ആ ചക്രത്തിൻെറ. ദിശാമണ്ഡലേ അഭിതഃദീപ്തേ=ദിങ്മണ്ഡലംമുഴുവൻ തെളിഞ്ഞപ്പോൾ. അനേകയോജനശതാംഗത്വാ=വളരെ യോജനനീളമുള്ള നീണ്ടമാർഗ്ഗത്തെ കടന്നു(വളരെ യോജന അകലെ ചെന്നു്) പുരഃ=മുമ്പിൽ. കഞ്ചനതേജോനികായം=ഒരു തേജഃപുഞ്ജത്തെ. രുദ്ധനയനഃ പാർത്ഥഃ ഭൃശം. തത്രാസ=പാർത്ഥൻ ഏററവും ഭയന്നു.

൩൭. പാണൌ പരിഗൃഹ്യ=കയ്യിലെടുത്തു്. അമേയമഹിമാ വസുദേവജന്മാ=അതിരുകവിഞ്ഞ മാഹാത്മ്യത്തോടു കൂടിയ ശ്രീകൃഷ്ണൻ. കാരണജലേ=കാരണമായ ജലത്തിൽ. ജലമാണല്ലൊ ആദ്യസൃഷ്ടി. ബഹുവിസ്മയാഢ്യാം കാമപി രാജധാനീം=വളരെ വിസ്മയങ്ങളോടുകൂടിയ ഒരു രാജധാനിയെ. തസ്മിൻ വ്യലോകയത=ആ (ജലത്തിൽ) കണ്ടു.

ഗദ്യാ - ൪. പരി ... പരിഖായാം=ശോഭിക്കുന്ന സ്ഫടികവും പവഴവുമാകുന്ന ഇഷ്ടികകൊണ്ടുകെട്ടിയ അനേകായിരം കിടങ്ങുകളുള്ളതു്. വിശങ്ക ... സാധീയസ്യാം=ഏററവും ഉയൎന്ന അഗ്രഭാഗങ്ങളെക്കൊണ്ട് ആകാശഭൂമികളെ രോധിക്കുന്ന മണിഗോപുരങ്ങളെക്കൊണ്ടു വളരെഉറപ്പോടുകൂടിയതു്. വിതത ... ഗാഥായാം=വിസ്താരമുള്ള സ്വൎണ്ണവലഭി (മാവിനായി വെക്കാറുള്ള വളഞ്ഞമരം) യാകുന്ന ദന്തക്കിടക്കയിൽ സസുഖം താമസിക്കുന്ന തത്ത, പ്രാവ്, മുതലായതുകൾ ഭഗവൽസ്തോത്രങ്ങളെ പാടിക്കൊണ്ടിരിക്കുന്നതു്. വിചിത്ര ... ഖായാം=അനേകായിരം സ്വൎണ്ണസ്തംഭങ്ങളിൽ പതിച്ചിട്ടുള്ളവയും വിലമതിക്കാത്തവയും പല പ്രകാരത്തിലുള്ളവയും ആയ രത്നങ്ങളുടെ പ്രഭാസന്തതിമയമാകുന്ന അനേകം മഴവില്ലുകളാൽ അലങ്കരിക്കപ്പെട്ട മണിമണ്ഡപത്തിൽ ഇരിക്കുന്ന ഭക്തന്മാരുടെ സ്തോത്രകോലാഹലംകൊണ്ടു ദിങ്മുഖങ്ങളെ മുഴക്കുന്നതു്. തതഇതഃ=അങ്ങുമിങ്ങും. വിവിധ ... വാചാലിതായാം=പല ജോലികളിൽ ഏൎപ്പെട്ടു കുഴങ്ങിയ ദേവസ്ത്രീകൾ സഞ്ചരിക്കുമ്പോൾ കിലുങ്ങുന്ന കാൽചിലമ്പുകളുടെ മനോഹരശബ്ദംകൊണ്ടു മുഴങ്ങിയതു്. വിമ ... ഭിഃ=നിൎമ്മലവും ശീതവുംആയ വെള്ളമുള്ളവ. ഉന്മദ... കുലാഭിഃ=മദിച്ച അരയന്നം ചക്രവാകം തുടങ്ങിയ പക്ഷികളുടെ ചിലക്കൽകൊണ്ടുനിറഞ്ഞവ. കേളി ... ഭിഃ=കളിക്കുന്നതിനു മുങ്ങിയ ദേവസ്ത്രീകളുടെ സ്തനതടത്തിൽ തട്ടിച്ചിതറുന്നതിരമാലകളോടുകൂടിയവ. അഖി ... ചാതുൎയ്യാം=എല്ലാ കാണികളേയും വിസ്മയിപ്പിക്കുന്ന കൈവേലകളോടുകൂടിയതു്. തസ്യാം മഹാപുൎയ്യാം=ആമഹാപുരിയിൽ നേത്രാഭിരാമകരകൌശലശാലിനി. ആസ്ഥാനമണിമണ്ഡപെ=കണ്ണുകളെ മയക്കുന്ന ആസ്ഥാനമണ്ഡപത്തിൽ. സമു ... സ്രം=വട്ടത്തിൽ ചുററിക്കുന്ന രക്തനേത്രങ്ങളെക്കൊണ്ടു ഭയങ്കരമായ സഹസ്രമുഖങ്ങളോടുകൂടിയവൻ. കരാ ... ലം=വിഷാഗ്നിജ്വാലകൊണ്ടു നിറംപകൎന്ന കഴുത്തോടുകൂടിയവൻ. പരി ... ന്തം=ചുററും പരക്കുന്ന തന്റെ ദേഹകാന്തികൊണ്ടു ദിക്കുകളെ വെളുപ്പിക്കുന്നവൻ. ഭദ്ര ... ത്യ=പീഠമാക്കി. ഉരുഭാ ... മാംഗം=ശോഭിക്കുന്ന ആയിരം പത്തികളാകുന്ന വെൺകൊററക്കുടയുടെ തണലിൽ പെട്ട സ്വൎണ്ണകിരീടംകൊണ്ടു ശിരസ്സു ശോഭിക്കുന്നവൻ അഭി ... ലം=പുതിയ കസ്തൂരികൊണ്ടു പൊട്ടുതൊട്ടതുകൊണ്ടു നെററിത്തടം ശോഭിക്കുന്നവൻ. ചരാ ... കം=സ്ഥാവരങ്ങളും ജംഗമങ്ങളും ആയ എല്ലാററിന്റെയും ക്ഷേമത്തിൽ ദീക്ഷിച്ചിരിക്കുന്ന നല്ല പുരികുങ്ങളുള്ളവൻ. അപാ ... കം=മറുകര കാണാത്ത കരുണാമൃതക്കിണററിന്റെ

കരകളെ ഇടിക്കുന്ന കടാക്ഷംകൊണ്ടു എല്ലാ ഭക്തന്മാരെയും കുളുപ്പിക്കുന്നവൻ. കർണ്ണാ ... ണം=കർണ്ണങ്ങളിലുള്ള മകരകുണ്ഡലങ്ങളുടെ ശോഭകൊണ്ടു ശോഭിക്കുന്ന കവിൾത്തടങ്ങളോടുകൂടിയവൻ. ശര ... ന്ദം=ശരച്ചന്ദ്രന്റെ നിലാവിനെ തോല്പിക്കുന്ന പുഞ്ചിരികൊണ്ടു മനോഹരമായ മുഖാരവിന്ദത്തോടുകൂടിയവൻ. ബഹു ... യന്ത്യാ ച=സൌരഭ്യാധിക്യംകൊണ്ടു ചുററുമുള്ള ഭൂമിയെ സുരഭിയാക്കുന്നതും ശ്രീകൃഷ്ണന്റെ സർവ്വാംഗത്തെയും ശോഭിപ്പിക്കുന്നതും കഴുത്തിൽ തൂങ്ങിക്കിടക്കുന്നതുമായ വൈജയന്തികൊണ്ടും. ഗഭസ്തി ... ജേന ച=കാന്തികൊണ്ടു ആകാശത്തെ മുഴുവൻ മറക്കുന്ന കൌസ്തുഭരത്നംകൊണ്ടും. നിര .... ലം=അനിതര സാധാരണകാന്തിമത്തായ ശ്രീവത്സലാഞ്ഛനംകൊണ്ടും ശോഭിക്കുന്ന മാറോടുകൂടിയവൻ. മഹി ....ഗം=വിലയേറിയ പൊന്നരഞ്ഞാണം, കാൽച്ചിലമ്പ്, വള, തോൾവള ഇതുകളെക്കൊണ്ടു ശോഭിക്കുന്നവൻ. നവാം .... പുടം=പുതിയ കാർമേഘങ്ങളെ അനുകരിക്കുന്ന ശോഭകൊണ്ടു വ്യാപിച്ചതും അന്തരീക്ഷാനുകാരിയുമായ കുക്ഷിയോടു കൂടിയവൻ. ത്രിഭു .... ലക്ഷ്മ്യാ=മൂന്നു ലോകങ്ങളുടെയും ദാരിദ്ര്യത്തെ നശിപ്പിക്കുന്ന കടാക്ഷവീക്ഷണംകൊണ്ടു ലീലാപങ്കജത്തെ വിടർത്തുന്ന മഹാലക്ഷ്മിയാലും. മധു .... ഗർഭയാ=ത്രിഭുവനങ്ങളിലും വ്യാപിക്കുന്ന സൌന്ദര്യലക്ഷ്മിയോടുകൂടിയ ഭൂമിയാലും. അധ .... രാജേന ചനിഷേവ്യമാണം=പൊൻധ്വജത്തിൽ സസുഖം ഇരിക്കുന്നവനും ആകാശത്തിൽ പരത്തിയ ചിറകുകളുടെ തണലിൽ ഭക്തലോകത്തെ സുഖിപ്പിക്കുന്നവനും തൊഴുതിരിക്കുന്നവനും പക്ഷിശ്രേഷ്ഠനും ആയ ഗരുഡനാലും സേവിക്കപ്പെടുന്നവനും നിഖി .... രം=എല്ലാലോകങ്ങളേയും ഉദരത്തിൽ ധരിച്ചവൻ. അന .... നാ=അനന്തനാകുന്ന സർപ്പത്തിന്റെ ഇരിപ്പിടം; സർപ്പത്തിൽ ശയിക്കുന്നവൻ എന്നും. വിഹി... ണം=വൃക്ഷങ്ങളെ ധരിക്കുന്നതു; ദേവകളെ ധരിക്കുന്നവൻ എന്നും. പാ ... ണം ച=ആശ്രിതന്മാരുടെ താപത്തെ ഹരിക്കുന്നവൻ, രണ്ടു പക്ഷത്തിലും അർത്ഥഭേദമില്ല, മഹേശ്വരഗുരും= ശിവന്റെഗുരു ശിവന്റെഗുരുസ്ഥാനം ഹിമാലയത്തിനുമുണ്ടല്ലൊ രൂപാ... ഭേദം=രൂപഭേദംകൊണ്ടു തദ്ധിതം. കർത്താവ്, കാരകംമുതലായ ഭേദങ്ങളെ കാണിക്കുന്നവൻ. ഗഭീരവൃത്തിം=ഗംഭീരമനോവൃത്തിയുള്ളവൻ. വൃത്തിഎന്ന വ്യാഖ്യാനം എന്നും. ഭക്ത....ഷ.=ഭക്തന്മാരുടെ ദോഷനാശത്തിനു. പ്രഭാതം; ദോഷാ=രാത്രി എന്നും യോജന. സരാജമാനം=രാജാഭിമാനിനി ... മാനസൌ=വർദ്ധിച്ച ഭക്തികൊണ്ടു നിറഞ്ഞവർ. സംക്രു...നൌ = അർജ്ജുനകൃഷ്ണന്മാർ. അവന്ദിഷാതാം=വന്ദിച്ചു.

ആത്മ. ലുങ്ങ്. പ്ര. പു. ദ്വി. വചനം.

൩൮. ഉപാന്തേ=അടുക്കൽ. ഗുരു.....പൂണ്ടു=ഉള്ളിൽനിറഞ്ഞ ആശ്ചര്യത്തോടുകൂടി. ഉരഗാധിശഭദ്രാസനസ്ഥം=ശേഷശയ്യയിൽ കിടക്കുന്നവൻ. മുഹുഃഅപി=പിന്നെയും പിന്നെയും.

൩൯. ആനനാംഭോജമദ്ധ്യാൽ=മുഖപത്മത്തിന്റനടുവിൽ നിന്ന്. ഉദിതരുചി=ശോഭയോടുകൂടി. ഊഢമാധുര്യസാരാ=മാധുര്യത്തോടുകൂടിയതു്. കൃഷ്ണയോഃ=കൃഷ്ണാർജ്ജുനന്മാരുടെ (ഏകശേഷസമാസം).

൪൦. വത്സൌവാംസ്വസ്ത്യസ്തു=വത്സന്മാരെ! നിങ്ങൾക്കു നന്മവരട്ടെ. പ്രമുദിതഃ അസ്മി=ഞാൻ സന്തോഷിച്ചിരിക്കുന്നു. ഉജ്വ ... ഹാൻ=ഉജ്വലമായ തേജസ്സുകൊണ്ടു ശോഭിക്കുന്നവർ.

൪൧. യുവയോഃ=നിങ്ങൾ രണ്ടു പേരുടെ. ഉർവ്വരാ=ഭൂമി. ഭവന്തൌ=നിങ്ങളെ രണ്ടുപേരേയും. അമീഭിഃഒന്നിച്ച്=ഇവരോടുകൂടി. രാജധാനിംസംപ്രാപ്യ്യ ആതങ്കഭാജാംപ്രജാനാം സുഖമരുളുക=രാജധാനിയിൽ ചെന്നു ദുഃഖിതന്മാരായ ജനങ്ങളെ സുഖിപ്പിക്കുക.

൪൨. നിദ്ധാര്യം=മനസ്സിലാക്കണം. ഭൂതധാത്ര്യാം=ഭൂമിയിൽ. നിഹന്തും=നശിപ്പിക്കുന്നതിന്. സിദ്ധാർത്ഥൌ=കൃതകൃത്യരായി. ആഗച്ഛതം=നിങ്ങൾ രണ്ടുപേർ വരുവിൻ=(പ്രര. ലൊട്ടു മദ്ധ്യ. പു ദ്വി. വ).

൪൩. സമുദീര്യ=പറഞ്ഞ്, ഉപഗൂഹ്യ=ആലിംഗനംചെയ്ത്. ത്രിലോകനേതാ=മൂന്നു ലോകത്തിന്നും അധിപൻ, ധര...ദൌ=ബ്രാഹ്മണപുത്രന്മാരെ കൊടുത്തു.

൪൪. ദി...തൽ=ദിവ്യവും മൃദുവുമായ ശരീരത്തോടുകൂടിയവൻ. വിഭോഃ അനുമതഃ=വിഷ്ണുവിനുസമ്മതനായ. ക...കൈഃ=കടാക്ഷവീക്ഷണങ്ങളെക്കൊണ്ടു്.

൪൫. മുൽ...വഹാൻ=മുൻകടന്ന ശോഭായമാനങ്ങളായ സ്ഥലങ്ങളെ. വിശ്വ...നഃ=ആൾക്കൂട്ടംകൊണ്ടു ഗതിവേഗത്തിന്നു ഹാനിതട്ടിയ രഥവേഗത്തോടുകൂടിയ.

൪൬. അകാണ്ഡേ=അസമയത്തിൽ. പാ...ദം=പാഞ്ചജന്യം എന്നശംഖിൻെറ മുഴക്കം.

ഗദ്യം, ൧, മൃഗ...ങ്കം=കസ്തൂരി. ചത്വരവീഥികൾ=മിററവും തെരുവുകളും. പവ...മാർഗ്ഗം=കാററടിച്ചുലയുന്ന കൊടിക്കൂറകൾ പറക്കുന്ന ആകാശമാർഗ്ഗം. അതീതം=കഴിഞ്ഞതു്.

൭൮. അൎജ്ജുനാംസേ=അൎജ്ജുനൻെറ തോളിൽ. കോമളാഭ്യാം പദാഭ്യാം=മനോഹരങ്ങളായ കാലുകളെക്കൊണ്ടു (കാൽനടയായിട്ടെന്നൎത്ഥം)

൭൯. വാത്സല്യൽപുതച്ച്==വാപൊത്തി. ആദധാനഃ=ചെയ്യുന്നവൻ. ൯ ശ്ലോകങ്ങളെക്കൊണ്ടു കൃഷ്ണനെ വൎണ്ണിക്കുന്നു.

൮൦. സാത്യകിപവനസുതന്മാർ=സാത്യകിയും ഭീമസേനനും. വെ... യം=വെഞ്ചാമരക്കാരോററ ഉത്തരീയം പാറന്ന്. ആദരാമൽ...ത്യം=ഓമനക്കൈകൊണ്ടു അൎജ്ജുനൻെറ കൈപിടിച്ചവൻ.

൮൧. മാഗധാനാം=സ്തുതിപാഠകന്മാരുടെ. നുതി=സ്തോത്രം. ഭക്തിഭൂമ്നാ=ഭക്തിയുടെ ആധിക്യംകൊണ്ട്. ജാതാനുകമ്പം=കൃപയോടുകൂടി. ഉല്ലസൽപ്രീതി=സന്തോഷത്തോടുകൂടി. ദൃശാ...ആജിഘാനഃ=കണ്ണുകൊണ്ടുകാണുന്നവൻ.

൮൨. പീത...മെഖല=മഞ്ഞപ്പട്ടിനു പുറമെ ധരിച്ചിരിക്കുന്ന രത്നമേഖല. വൈജയ...രാ=വൈജയന്തിമാലകൊണ്ടു വിളങ്ങുന്ന മാറോടുകൂടിയവൻ. തോൽമമ...ലം=അറം തോളിൽമുട്ടിയ മകരകുണ്ഡലങ്ങളോടുകൂടിയവൻ. ജനൌഘാഃദൃഷ്ടഃ=ജനക്കൂട്ടംകണ്ടു. ആരാൽ=അടുക്കൽ.

൮൩. ഹൎമ്മ്യാധിരൂഢാഃ=മാളികമേൽ കയറിയ. രത്നപ്രതോളീവീഥ്യാ ആയാന്തംമുകുന്ദം=ഗ്രാമങ്ങളുടെ നടുവിൽ കൂടിയുള്ള തെരുവിൽകൂടി വരുന്ന ശ്രീകൃഷ്ണനെ. പുഷ്പബാണപ്രഹാരൈഃ ആൎത്താഃ=കാമബാണമേററു ദുഃഖിതകളായി.

൮൪. കാമഖിന്നാ കാചന ബാലാ കമലാസഹായേ അഭിമുഖേ വ്രീഡാകുലാ ആരോലാചകങ്കണം ഉദഞ്ചിതബാഹുമൂലം നാലഞ്ചുപത്തുമരി അണിരകേശപാശം തിരുകിനാൽ=കാമാൎത്തയായ ഒരു യുവതി ശ്രീകൃഷ്ണൻ തൻെറ നേരെയായപ്പോൾ ലജ്ജകൊണ്ടു മുഖംതാഴ്ത്തി കൈവളകിലുങ്ങുന്ന വിധം കൈയിളക്കി അഴിഞ്ഞുതുവണ തലമുടി തിരുകി.

കസ്യാശ്ചിൽ അംബുജദൃശഃ=ഒരു സുന്ദരിക്കു. ഭഗവദഭിലോകേ=ശ്രീകൃഷ്ണസന്ദൎശനത്തിൽ. അനംഗരുജാ=കാമാൎത്തികൊണ്ടു. അപരാ=മററാരുത്തി. പുഷ്പമാലാം മൃദുലാംശുകത്തിൻമദ്ധ്യ ദധാര=പൂമാലയെ മടിക്കുത്തിൽ തിരുകി.

൬൭. ഒരുത്തി കാൽചിലമ്പു കയ്യിലും മറെറാരുത്തി കൈവള കാലിന്മേലും അണിഞ്ഞു. ഒരുത്തി പൊന്നരഞ്ഞാണംകൊണ്ടു തലമുടി കെട്ടി(മോഹാധിക്യം കാരണം).

൬൮. മല്ലീശരൻ=കാമദേവൻ.

൬൯. മനോ ...ഢം=ഉരോ ആഗ്രഹത്തോടുകൂടിയ = മഹേളാജനം സ്ത്രീകളെ, പ്രേമ...നൈഃ=സസ്നേഹമായ കടാക്ഷങ്ങളെക്കൊണ്ടു. ഉന്മാദയൻ=മദിപ്പിച്ചു്. (അവരുടെ കാമശക്തിയെ വർദ്ധിപ്പിച്ചുവെന്നർത്ഥം).

൭൦. സംഭാവ്യ=ബഹുമാനിച്ചിട്ടു്. അർജ്ജുനേന=അർജ്ജുനനെക്കൊണ്ടുത്രിലോ...രം=മൂന്നു ലോകങ്ങൾക്കും ആഭരണമായിട്ടുള്ളവൻ. പൂണാരം=പൂൺഹാരം എന്നോ ആഭരണം എന്നു ഒററയായിട്ടോ പറയാം.

൭൧. നേത്രാംഭോഗദ്ഗദാദിഃ ആശിഷാം വിതതിഭിഃ=സന്തോഷാശ്രുക്കളോടും ഗദ്ഗദാക്ഷരങ്ങളോടും കൂട്ടിയ ആശീർവചനപരമ്പരകളെക്കൊണ്ടു്. അനുഗൃഹ്യ=അനുഗ്രഹിച്ചിട്ടു. ധാത്രീദേവേ നിജകം നികേതം ഗതവതി(സതി)=ബ്രാഹ്മണൻ തന്റെ വീട്ടിലേക്കു പോയപ്പോൾ, രേമേ=സുഖിച്ചിരുന്നു.

൭൨. വിജയേന സാകം വിചിന്ത്യ=അർജ്ജുനനോടാലോചിച്ചിട്ടു. നാഗാ...ഗ്ര്യാ=ശേഷശായിയുടെ ബിംബം പ്രതിഷ്ഠിക്കുന്നതിനുചിതം, ആഹൂയ=വിളിച്ചു്.

൭൩. നിദ്ധ്യായ=മനസ്സിലാക്കി. ആനമ്യ=നമസ്കരിച്ചിട്ടു്.

൭൪. തദപിച കഥയേ=എങ്കിലും ഞാൻ പറയാം.(കഥയെ ആത്മനേപദം ലട്ടു്. ഉത്ത. ഏ. വ) മാനിതഃ=ബഹുമാനിക്കപ്പെട്ടു. ആഴിചൂഴധരണി=സമുദ്രത്താൽ ചുററപ്പെട്ട ഭൂമി.

൭൫. അഖണ്ഡജഗതി പര്യടൻ ഏഷഃ=എല്ലാലോകങ്ങളിലും സഞ്ചരിച്ച ഈ ഞാൻ. ഭൃഗുപതിപരിക്ല്പ്തേ=പരശുരാമനിർമ്മിതമായ. ആഹി...ബം=വളരെ ശോഭയുള്ളതും ശ്രേഷ്ഠവുമായ ശൈവവിഗ്രഹത്തോടു കൂടിയതു്.

൭൬. ഉര...വം=രാജതപത്തെ സ്വീകരിച്ചവൻ. തത്ര...കീ=അവിടെയുള്ള ബ്രാഹ്മണരെ സേവിച്ചു താമസിക്കുന്നതിൽ കൌതുകത്തോടുകൂടി.

൭൭. അവിഹതഗതി=തടവുകൂടാതെ ചെന്നു്. ആവ...രെ=ബ്രാഹ്മണരാൽ നിറഞ്ഞതു്.

൭൮. അഗ്രഹാരേ=ഊട്ടുപുരയിൽ. പൂൎണ്ണത്രയീ=പൂൎണ്ണമായ വേദത്രയം. ആമനന്തി=പറയുന്നു.

൭൯. അഗ്ര്യം=ശ്രേഷ്ഠം. പൂൎണ്ണത്രയീസന്നിഭം=തൃപ്പൂണിത്തുറപോലെ ഉൎവ്വീതലാന്തേ=ഭൂമിയിൽ.

൮൦. ഉര...തീം=ശേഷശായിവിഗ്രഹത്തെ. നിധാതും=പ്രതിഷ്ഠിക്കുന്നതിന്ന്. വൃത്രവൈരിസുതം ആദിദേശ=അൎജ്ജുനനോടു പറഞ്ഞു (പുഞ്ചിരിക്കൊണ്ടു പറഞ്ഞു എന്നൎത്ഥം).

൮൧. കപികേതനഃഅപി=അൎജ്ജുനനും ദക്ഷിണേനസുദക്ഷിണേന സമം=സമൎത്ഥനായ സുദക്ഷിണനോടുകൂടി. കലിതോദ്യമം=ഒരുമ്പെട്ട്. അവാപ=പ്രാപിച്ചു. വിക്രമാംബുധി അൎജ്ജുനന്റെ വിശേഷണമാണ്.

൮൨. തദാ സാത്വികാഃ ശ്രോത്രിയാഃ നിഖിലശാസ്ത്രപാരഗാഃ സകലഭൂസുരേശ്വരാഃ ആസ്ഥയാ പാൎത്ഥസന്നിധിം അവാപുഃ=അപ്പോൾ വിദ്വാന്മാരും സത്വഗുണപ്രധാനികളും സകല ശാസ്ത്രപാരംഗതന്മാരുമായ ബ്രാഹ്മണർ അൎജ്ജുനന്റെ അടുക്കൽ വന്നു.

ഗദ്യം. ൩. പ്രണിധാനോത്സവം=പ്രതിഷ്ഠാമഹോത്സവം. കൃതേ=കൃതയുഗത്തിൽ. ആജ്യഘടാവലി=നെയ്ക്കുടങ്ങൾ. മായൂരശിഖ=മയിൽപീലി. പഞ്ചമമുടയവൻ=പഞ്ചമാധിപൻ. രിപുഷ്ഠേ=സപ്തമത്തിൽ. ഗണകകദംബം=പ്രശ്നക്കാരുടെ കൂട്ടം.

൮൩. രാമശ്രീസേതു=രാമേശ്വരസേതു. സുരനദി=ഗംഗ. കല്യേ...യുഗ്മം=ഉഭയാസ്തമയപൎവ്വതങ്ങൾ.

ദണ്ഡകം—സുരവി...നികരം=നന്ദനോദ്യാനത്തിലുള്ള ദേവവൃക്ഷങ്ങളിലെ പുതിയ പുഷ്പങ്ങൾ. അമര...തം=ദേവകളുടെ കരകമലങ്ങളിൽ ശേഖരിക്കപ്പെട്ടതു്. അധിധരണി=ഭൂമിയിൽ. ജാതം=സമൂഹം. നിഗമഘോഷം=വേദഘോഷം. ജയനുതി=ജയസ്തോത്രം. മഹിതഹുതകലവികൾ=ശ്രേഷ്ഠഹോമക്രിയകൾ. മാത്രാധികം=അളവററതു്. അനുഭവിതും=അനുഭവിക്കുന്നതിന്ന്. അസുരരിപുവരമഹിമ=വിഷ്ണുവിന്റെ ശ്രേഷ്ഠമായ മാഹാത്മ്യം.

൮൪. ധനഞ്ജയഃ വാസ്തുശുദ്ധ്യാദികാഃ ക്രിയാഃ ആനുപൂൎവ്യേണ നിൎവ്വൎത്ത്യ ഹരിബിംബപ്രതിഷ്ഠാൎത്ഥം സമാരേഭേ=അൎജ്ജുനൻ വാസ്തുശുദ്ധി മുതലായ കൎമ്മങ്ങളെ മുറപോലെ നടത്തിയിട്ടു വിഷ്ണുബിംബപ്രതിഷ്ഠക്കായി പുറപ്പെട്ടു.

൮൫. ബ്രാഹ്മണാശീർവാക്യസ്തോമം=ബ്രാഹ്മണരുടെ ആശീർവാദങ്ങൾ. ഉൽഗമിക്കുക=പുറപ്പെടുക. ശ്ലാഘ്യപൂർണ്ണത്രയീധാമനി=സ്തുത്യർഹമായ പൂർണ്ണത്രയീപുരിയിൽ. ഭാഗ്യർക്ഷേ=ഉത്രംനക്ഷത്രത്തിൽ. ഫണിപതിഭദ്രാസനം=ശേഷശായി.

൮൬. പടലം=സമൂഹം. ദിവ്യതൂര്യം=ദേവവാദ്യവിശേഷം. വ്രാതം=കൂട്ടം. നിഖി...ർത്ഥം=എല്ലാലോകങ്ങളുടേയും രക്ഷക്കുവേണ്ടി. തസ്മിൻപൂർണ്ണത്രയീസത്മനി=ആ തൃപ്പൂണിത്തുറയിൽ. ഭുവനലതാമൂലകന്ദേമുകുന്ദേ ആവിഷ്കൃതാംഗേ (സതി) ഭുവനമാകുന്ന വള്ളിയുടെ നാരായവേരായ മഹാവിഷ്ണു പ്രത്യക്ഷനായപ്പോൾ.

൮൭. മുനിഭിഃ ആരാധിതം ആഗമമന്ത്രപൂതം ഹേമകലശം=മുനികളാൽ പൂജിക്കപ്പെട്ടവനും വേദമന്ത്രങ്ങളാൽ പരിശുദ്ധവും ആയ സ്വർണ്ണകലശത്തെ. ആരൂഢഭക്തി=ഭക്തിയോടുകൂടി (ക്രിയാവിശേഷണം) പരിഗൃഹ്യ=എടുത്തിട്ട്. നാരായണംഹൃദിദധൻ=വിഷ്ണുവിനെ മനസ്സിൽ ധ്യാനിച്ച്.

൮൮. ദേവേ...തം=ദേവേന്ദ്രനാൽ സൽകരിക്കപ്പെട്ടതു്. അനഘ...പ്തം=അമൂല്യരത്നങ്ങളാൽ ശോഭിക്കപ്പെട്ടതു്. അർക്കസമം=സൂര്യസന്നിഭം. ശ്രീവിഷ്ണുലോകവത്=വൈകുണ്ഠത്തിലെന്നപോലെ. ഇഹാപിച=ഇവിടെയും. സന്നിധേഹിഇതി=സന്നിധാനം ചെയ്യാലും എന്നു (സാന്നിദ്ധ്യത്തോടുകൂടിയിരിക്കുക) ആദ...രം=വളരെ സന്തോഷത്തോടുകൂടി. അനംസീത്=നമസ്കരിച്ചു.

൮൯. പത്മാർച്ചനാം=ലക്ഷ്മീപൂജയെ. തൽപ്രാഭൃതീകൃതനിജായുധം=തന്റെ ആയുധത്തെ അദ്ദേഹത്തിന്നു കാഴ്ചവെച്ചു്. പരമം പൂരുഷം=പരമപുരുഷനെ

൯൦. വർദ്ധിഷ്ണോ! എന്നുതുടങ്ങിയ നാലുപദങ്ങളും സംബുദ്ധിയിൽരൂപത്തെയാണു് പ്രയോഗിച്ചിട്ടുള്ളതു്. വർദ്ധിഷ്ണു=വർദ്ധനശീലൻ. ഭദ്രാ...ഷ്ണു=ശേഷനാകുന്ന ഭദ്രപീഠത്തിൽ ഇരിക്കുന്നവൻ. പ്രഭവിഷ്ണു=സർവ്വശക്തൻ.

൯൧. അശേഷാംമഹീം=എല്ലാഭൂമിയേയും; (ജനങ്ങളെ എല്ലാം) അനുഗൃഹാണ=അനുഗ്രഹിച്ചാലും. (പരസ്മൈപദംലോട്ടു് മദ്ധ്യ. പു. ഏ. വ.) ഉൽപന്നഭക്തി=ഭക്തിയോടുകൂടി (ക്രി. വി) അഭ്യർത്ഥ്യ=പ്രാർത്ഥിച്ചിട്ടു്. വവന്ദേ=വന്ദിച്ചു.

൯൨. ഇതുമുതൽ ഏഴുശ്ലോകങ്ങളെക്കൊണ്ടു, കവി, വിഷ്ണുബിംബത്തെ വർണ്ണിക്കുന്നു. ഫണീന്ദ്ര...രമ്യം=ശേഷന്റെ പത്തികളുടെ ശോഭതട്ടി തിളങ്ങുന്ന പൊന്നിൻകിരീടംകൊണ്ടു മനോഹരൻ. കാശ്മീ ര...ങ്കം=കുങ്കുമപ്പൂ കലർത്തിയ രക്തചന്ദനച്ചാറു്. ഫാലഭുവി=നെററിത്തടത്തിൽ.

൯൩. വാത്സല്യാ ച...ണ്യം=സ്ഥാവരജംഗമങ്ങളുടെ പരിരക്ഷണത്തിൽ വർദ്ധിച്ചദാക്ഷിണ്യത്തോടുകൂടിയവൻ. ശ്ലാഘ്യ, കടാക്ഷമുനമേൽ എന്നതിന്റെ വിശേഷണം. ജഗതാം മതിം ആദധാനം=ലോകങ്ങൾക്കു ബുദ്ധിയെ ഉണ്ടാക്കുന്നവനായി.

൯൪. തൃക്കാതിൽആക...രാമം=തൃക്കാതിലണിഞ്ഞ മകരകുണ്ഡലങ്ങളുടെ കാന്തിതട്ടി കവിൾത്തടം ശോഭിക്കുന്നവൻ. ഭ ചാരിവാസ്സേൻ=അധരമധു.

൯൫. വിമ...ബിംബം=നിർമ്മലമായ ശരച്ചന്ദ്രബിംബം. മിളിതം=ഒരുമിച്ചു ചേർന്നതു്. മധുര .... മാനം=നല്ല തെളിച്ചത്തോടുകൂടിയതു്. അതുലം=അസദൃശം. ഇത്രയും വദനത്തിന്റെ വിശേഷണങ്ങൾ, ഇങ്ങിനെയുള്ള വദനത്തെ ധരിക്കുന്നവനായി.

൯൬. ഉദ്ഗ്രഢശോഭം=ശോഭയോടുകൂടിയവൻ. ആവി .... ധോരണികൾ=സൗരഭ്യാതിശയത്തെ വഹിക്കുന്ന വൈജന്തിമാലയുടെ കാന്തിപ്രവാഹം.

൯൭. ഭദ്രാഹിപീഠഭുവി=ശേഷനാകുന്ന ഭദ്രപീഠത്തിൽ. പാദജാനുനി=കാൽമുട്ടിൽ. ഉത്താനസ ....വിന്ദം=വലത്തുകൈ മലർത്തിവെച്ചിരിക്കുന്നവൻ. പത്മാസ .... കരം=ലക്ഷ്മീദേവിയുടെ ഇരിപ്പുകൊണ്ടു മനോജ്ഞമായ ഇടത്തെത്തുടയിൽ ഇടത്തുകൈ വെച്ചു. ആത്ത .... ഖം=ശംഖചക്രങ്ങളെ ധരിച്ചവൻ.

൯൮ കലിത...ശ്ലിം=തൃക്കാലിൽ പൊന്നിൻകാൽചിലമ്പണിഞ്ഞവൻ. കടകം=വള. അംഗദം=തോൾവള. വാതശ ..., ഗ്ണം=സർപ്പശ്രേഷ്ഠനാകുന്ന കിടക്കയിൽ ഇരിക്കുന്നവൻ. ജനൈഘാഃമോദാൽസന്ദൃഷ്ടഃ=ജനങ്ങളും സന്തോഷത്തോടുകൂടി കണ്ടു. (പരസ്മൈ. ലിട്ടു. പ്രഥ. ബ. വ.)

൯൯. കനക .... നൈഃ=പൊന്നു, വസ്ത്രം, പശു, ഭൂമി, രത്നം, അന്നംമുതലായ ദാനങ്ങളെക്കൊണ്ടു. മുനിധരണിസുരൌഘംസംതൎപ്പയിതാ=മുനികളെയും ബ്രാഹ്മണരെയും അൎജ്ജുനൻ സന്തോഷിപ്പിച്ചിട്ടു. നാനാജനേഭ്യഃ=പലൎക്കും. ധനവിതതി=വളരെ ധനം. ഗുണജലനിധി, അൎജ്ജുനന്റെ വിശേഷണം.

൧൦൦. പവനാ .... ഗേഹം=മഹാവിഷ്ണുക്ഷേത്രം. വിവിധാംഉപഹൃതിം=പലതരത്തിലുള്ള കാഴ്ചകളെ. പ്രമുമോദ=സന്തോഷിച്ചു.(പരസ്മൈ. ലിട്ട. പ്രഥ. പു. ഏ. വ)

൧൦൧. സഃ മഹേന്ദ്രജന്മാ ഭൂതശാന്ത്യൈപാവനം മഹിതശ്രീബലികർമ്മ ത്രിസന്ധ്യം പരികല്പ്യ വിധിവൽ ത്രിവിധം മഹോത്സവശ്രീമഹിമാനം വിദധേ=ആ അർജ്ജുനൻ ഭൂതശാന്തിക്കുവേണ്ടി മൂന്നുനേരവും ഭൂതബലിയേർപ്പെടുത്തി വേണ്ടതുപോലെ മഹോത്സവച്ചടങ്ങുകളെ നിറവേററി,

൧൦൨. തദധീശിതാരം=അതിൻെറ ഈശനായിട്ടു. പ്രാജ്യാനുഭാവനിധി=ശ്രേഷ്ഠമായ അനുഭാവത്തിനിരിപ്പിടം.

൧൦൩. അഥ ഫൽഗുനഃ ജഗൽപരിശുദ്ധ്യൈതൽപുരോഭുവി ശുഭതീർത്ഥം വിദധേ. പുനഃയൽ ഫൽഗുനനാമ്നാവിശ്രുതം സകലലോകം അപാവിൽ=പിന്നീട്ടു ഫൽഗുനതീർത്ഥമെന്നപേരിൽ ലോകപ്രസിദ്ധമായി ജഗദവാസികളെ പരിശുദ്ധരാക്കിയ ഒരു തീർത്ഥത്തെ, ആ ക്ഷേത്രത്തിന്റെ മുൻവശത്തു ജഗൽപരിശുദ്ധ്യൈക്കുവേണ്ടി ആ അർജ്ജുനൻ ഉണ്ടാക്കി.

൧൦൪. ഇത്ഥംകാരം=ഇങ്ങിനെ. കല്പയിത്വാ=ചെയ്തിട്ടു. തത്ര്യാഭ്യഃ ഭൂസുരവരപരിഷൽഭ്യഃ=അവിടത്തുകാരായ ഉത്തമബ്രാഹ്മണർക്കായിട്ടു്. മിളൽഭക്തിഭൂമാ=വളരെ ഭക്തിയോടുകൂടി. സ്ഥാപി...തം=അർജ്ജുനനാൽ പ്രതിഷ്ഠിക്കപ്പെട്ടതു്. പപ്രഥേ=പ്രസിദ്ധമായിതീർന്നു.

൧൦൫. സഃ രക്ഷണജാഗരൂകേദക്ഷിണേസുദക്ഷിണേസർവ്വം നിവേശ്യ ഹരിംപ്രദക്ഷിണീകൃത്യ മുനീന്ദ്രൈഃസാകം പ്രയാതും പ്രചക്രമേ. (പുറപ്പെട്ടു)

൧൦൬. പ്രസാദി=തെളിവോടുകൂടി. ഹരിപുരാൽ=വിഷ്ണുക്ഷേത്രത്തിൽനിന്നു. സംപ്രതസ്ഥേ = യാത്രപുറപ്പെട്ടു.

൧൦൭. തതഃ സഃ വിജയഃ സത്വരം വിഹിതാനുയാത്രാൻ അശേഷാൻ അപിവിപ്രാൻ കഥമപി (പണിപ്പെട്ടു) വിസൃജ്യസത്വരം ദ്വാരവതീം ഉപേത്യ ജഗൽപ്രസൂതിംവവന്ദേ. പിന്നെ അർജ്ജുനൻ കൂടെ വരുന്ന ബ്രാഹ്മണരെഒക്കെ ഒരു വിധത്തിൽ മടക്കിഅയച്ചിട്ടു് വേഗം ദ്വാരകയിൽ ചെന്നു ശ്രീകൃഷ്ണനെവന്ദിച്ചു.

൧൧൦. ഉപചിതകൌതുകം=വളരെ സന്തോഷത്തോടുകൂടി. വീതവ്യാഘാതം=തടവുകൂടാതെ. ദ്വാരവത്യാംന്യവാത്സീൽ. ദ്വാരകയിൽ നിവസിച്ചു.

ശ്ലോ.

KOTTAYAM PUBLIC LIBRARY
KOTTAYAM.

*Cl. No.* MA2 *Acc. No.* 13437

This book should be returned on or before the date last stamped below.

16 JAN 1984

MA2 13437

ശങ്കരമേനോൻ
കൊഴുത്തേരി.

നാരായണീയം ഭാഷാ
പ്രബന്ധം.